ശ്രീ. പി. പി. കൃഷ്ണൻ: പാലക്കാട്ട് ഒരാളെ കുത്തിക്കൊലപ്പെടുത്തിയതിനെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്.

മി. സ്പീക്കർ: അതൊക്കെ സംസാരിക്കാൻ ഇവിടെ സമയമുണ്ടല്ലോ.

FINANCIAL BUSINESS

General Discussion on the Budget for 1970-71—(*Contd*).

ശ്രീ. എ. വി. ആര്യൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കാരണം ഈ ബഡ്ജറ്റ് ഇവിടത്തെ സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ളതല്ല. ശ്രീമാൻ ശേഷന്റെ അതിവിശിഷ്ടമായ വാചാലതയും അദ്ദേഹത്തിന്റെ സ്ഥിരമായ സ്നേഹം നേടുന്ന ഓടക്കുഴലും ആ ഓടയുടെ ഉറപ്പുപോലുമില്ലാത്ത പല ഉറപ്പുകളും ഈ ബഡ്ജറ്റു പ്രസംഗത്തിലിട്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രമല്ലാതെ ഈ ബഡ്ജറ്റ് ഇവിടത്തെ ജനങ്ങൾക്ക് വേണ്ടിയുള്ളതല്ല. കേരളത്തിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അടിച്ചമർത്താൻ പോലീസിനു കൂടുതൽ വീര്യം കൊടുക്കുന്നതിനുവേണ്ടിയും മുതലാളി വർഗ്ഗത്തിനും സ്ഥാപിത താൽപ്പര്യക്കാർക്കും അതുപോലെതന്നെ ഭരണകക്ഷികളുടെ നേതൃത്വത്തിലുള്ള ഗുണ്ടകൾക്കും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

(Shri K. Moideenkutty Haji in the Chair)

സർ, ഈ ഗവൺമെന്റിന് ഇങ്ങനെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ അവകാശമുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. സർ, ഇവിടെ ഈ ഗവൺമെന്റു തന്നെ വാടകക്കെടുത്ത ഒരു ഗവൺമെന്റാണ്. കേരളത്തിലെ ഒരൊററയാളുപോലും അസംബ്ളിയിൽ വന്നിരിക്കാനും മുഖ്യമന്ത്രിയാകാനും വോട്ടുകൊടുക്കാത്ത സമ്മതിദാനം കൊടുക്കാത്ത ഒരു മുഖ്യമന്ത്രിയാണ് ഇവിടെ ഭരിക്കുന്നത്. സാധാരണ ജനങ്ങളുടെ കാര്യമോ പോകട്ടെ, അദ്ദേഹത്തിന്റെ ഭാര്യപോലും വോട്ടുകൊടുക്കാത്ത ഒരു മന്ത്രി ഈ അസംബ്ളിയിലിരിക്കുമ്പോൾ ഇവിടെയൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്തവകാശമാണുള്ളതെന്ന് എനിക്കു മനസിലാകുന്നില്ല. സാധാരണ കാറുകളും ബസ്സുകളും വീടുകളും വാടകയ്ക്ക്കിട്ടാറുണ്ട്. പക്ഷേ മുഖ്യമന്ത്രിയാകാൻ അച്യുതമേനോനെ വാടകയ്ക്ക് കിട്ടുമെന്നുള്ളതു 1969 നവംബർ ഒന്നാം തീയതി തെളിയിച്ചിരിക്കുകയാണ്. നമുക്കു വാടകയ്ക്കെടുത്ത ഒരു മുഖ്യമന്ത്രിയും അതോടൊപ്പം വാടകക്കെടുത്ത കുറേ പോലീസുകാരും വന്നിരിക്കുകയാണ്. പാർലമെന്റിൽനിന്നു ഈ മന്ത്രിയെ വാടകക്കു എടുത്തു, അതു കഴിഞ്ഞതിനുശേഷം കേന്ദ്രത്തിൽനിന്നു കുറേ പോലീസുകാരേയും വാടകയ്ക്കെടുത്തു ഇവിടെ കൊണ്ടുവന്നു നാട്ടുകാരെ തല്ലിച്ചതയ്ക്കുന്ന സംരംഭം ആരംഭിച്ചിട്ടുള്ള ഒരു ഗവൺമെന്റിന് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്താണ് അവകാശം? ഇവിടെ ചില മന്ത്രിമാർ പ്രസംഗിക്കുമ്പോൾ പറയുന്നതുകേൾക്കാം, ഈ രാജ്യത്തു ക്രമവും സമാധാനവും പാലിക്കപ്പെട്ടിരിക്കുന്നു, ഈ രാജ്യത്ത് മനുഷ്യരുടെ ജീവനും സ്വത്തിനും രക്ഷ കിട്ടിയിരിക്കുന്നു എന്ന്. ഭരണകക്ഷിയിൽപ്പെട്ട ചില അംഗങ്ങളും അങ്ങനെ ഇവിടെ പ്രസംഗിക്കുകയാണ്. ആരുടെ ജീവനും സ്വത്തിനുമാണ് ഇവിടെ രക്ഷയുള്ളത്? പണക്കാരുടെ സ്വത്തിനും രക്ഷയുണ്ട്. ഗുണ്ടകളുടെ ജീവനും സ്വത്തിനും രക്ഷയുണ്ട്. ഭരണകക്ഷിയിൽപ്പെട്ട ചില പാർട്ടികളിലെ പ്രമാണിമാർക്ക് രക്ഷയുണ്ട്. മററാർക്കാണ് ഈ രാജ്യത്തു രക്ഷ? അവർക്കു ഇഷ്ടംപോലെ തോന്നിയവാസം കാണിക്കാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറു അനുവാദം കൊടുത്തിരിക്കുകയാണ്. പാവപ്പെട്ട തൊഴിലാളികളെ പിരിച്ചുവിടുക, പാവപ്പെട്ട കുടികിടപ്പുകാരെ അടിച്ചിറക്കുക, കാർഷികത്തൊഴിലാളികളെ തല്ലി അവരുടെമേൽ കേസു ചാർജ്ജു ചെയ്യുക, ഭരണകക്ഷിയിൽപ്പെടാത്ത എം. എൽ. എ. മാരെപ്പോലും തല്ലി എല്ലൊടിക്കുക ഇതെല്ലാം നടത്തുന്ന ഗവൺമെൻറിന് ഒരു രാജ്യത്ത് ഭരിക്കാൻ എന്താണവകാശം. ഈ അസംബ്ളിയിലെ ഒരു മെമ്പറായ എ. എസ്. എൻ. നമ്പീശൻ പോലീസിന്റെ മർദ്ദനമേററ് ഇപ്പോൾ ആശുപത്രയിൽ കിടക്കുകയാണ്. ആശുപത്രിയിൽ ചോദിച്ചാൽ അത് മനസിലാകുന്നതാണ്. എന്നിട്ടു മന്ത്രി പറയുകയാണ്, അങ്ങനെയുണ്ടെങ്കിൽ അതേക്കുറിച്ചു അന്വേഷിക്കാമെന്ന്. മഞ്ഞപ്പിത്തം പിടിച്ചു കണ്ണുകാണാതായ മന്ത്രിക്ക് ഈ കാര്യത്തിലൊന്നും പറയാനില്ല. ഇതേക്കുറിച്ചൊന്നും അന്വേഷിക്കേണ്ട കാര്യമില്ല. ലാത്തിച്ചാർജ്ജു നടത്തിയിട്ടുണ്ടെന്നു പറഞ്ഞ് ഒടിഞ്ഞ ലാത്തിക്കഷണം ഇവിടെ കൊണ്ടുവന്നു കാണിച്ചാൽ അതു ഒടിഞ്ഞ മുളവടിയാണെന്നു പറയുന്ന നാണംകെട്ട മന്ത്രിമാരാണ് ഇവിടെയുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: 'നാണംകെട്ട' എന്നു പറയാമോ?

ചെയർമാൻ: പറയട്ടെ.

ശ്രീ. എ. വി. ആര്യൻ: നാണംകെട്ട എന്ന വാക്കുപയോഗിക്കുന്നതിൽ ചാഴിക്കാടനു ബുദ്ധിമുട്ടുണ്ടെങ്കിൽ വേറെ വാക്കു പറയാം. ഈ ബഡ്ജററു നമ്മുടെ രാജ്യത്തു നമ്മുടെ ഗവൺമെൻറിന്റെ പണം ധൂർത്തടിക്കുന്നതിനു വേണ്ടി കുറേ ആളുകൾക്കു നീക്കിക്കൊടുക്കാനുള്ളതാണ്. ആയുധം പിടിച്ചെടുത്തു എന്നു കഴിഞ്ഞദിവസം പോലീസു മന്ത്രി ഇവിടെ പറഞ്ഞു. ഇവിടെ നടക്കുന്ന എക്സിബിഷനിൽ ഇത്തരത്തിൽ പിടിച്ചെടുത്തതാണെന്നും പറഞ്ഞുകൊണ്ടു കുറേ ആയുധങ്ങൾ കൊണ്ടുവന്നു വച്ചിട്ടുണ്ട്. മാർക്സിസ്ററുകാരിൽനിന്നും ആയുധങ്ങൾ പിടിച്ചെടുത്തുവെന്നു പറഞ്ഞു. പാവപ്പെട്ട ഹരിജനങ്ങൾ അമ്പലത്തിൽ കുത്തിവയ്ക്കുന്ന ശൂലം പിടിച്ചെടുത്തു കൊണ്ടുവന്നിട്ടു, ഭദ്രകാളി ക്ഷേത്രത്തിലെ വെളിച്ചപ്പാടിന്റെ വാളെടുത്തു കൊണ്ടുവന്നിട്ടു. മാർക്സിസ്ററുകാരിൽനിന്നു പിടിച്ചെടുത്ത ആയുധങ്ങളാണെന്നു പറഞ്ഞു പ്രദർശിപ്പിക്കുന്ന ഈ ഗവൺമൻറിനെക്കുറിച്ചു ഒന്നും പറയാതിരിക്കുകയാണ് നല്ലത്. അങ്ങനെ പോലീസുകാർ ചെയ്ത ഒന്നു രണ്ടു സംഭവങ്ങൾ ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങളുടെ നാട്ടിൽ പറയെഴുന്നെള്ളിപ്പ് എന്നൊരു ഏർപ്പാടുണ്ട്. അങ്ങനെ പോകുന്ന അവസരത്തിൽ സി. ആർ. പി. ക്കാർ കണ്ടു. വെളിച്ചപ്പാടിന്റെ കയ്യിലുണ്ടായിരുന്ന വാൾ മാരകായുധമാണെന്നു പറഞ്ഞു അവരെ തല്ലിയ സംഭവം ഇവിടെ ഓടപ്രേമമുള്ള മന്ത്രിയുടെ നിയോജകമണ്ഡലാതിർത്തിയിൽ നടന്നതാണ്. വെളിച്ചപ്പാടിനെ തല്ലി, മേളക്കാരനെ തല്ലി, സർവ്വ ആൾക്കാരേയും തല്ലി. അതുപോലെതന്നെ കൂർക്കഞ്ചേരി അമ്പലത്തിലെ, ശ്രീനാരായണ ക്ഷേത്രത്തിലെ വെടിക്കെട്ടിനു കൊണ്ടുവന്ന പടക്കം മാരകായുധമാണെന്നു കരുതി സി. ആർ. പി. ക്കാർ കയ്യേററം നടത്തിയ സംഭവത്തിൽ പ്രതിക്ഷേധിച്ച് ക്ഷേത്രഭാരവാഹികൾ ഗവൺമെൻറിലേക്ക് എഴുതിയിട്ടു എന്തു നടപടിയെടുത്തു എന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇന്നലെ തൃശൂരിനടുത്തു വേലൂർ എന്ന സ്ഥലത്ത് അവിടത്തെ കാർഷികത്തൊഴിലാളി പ്രവർത്തകരെ പിടിച്ചുകൊണ്ടുപോയി ഒരു ജൻമിയുടെ വീട്ടിൽ കമുകിൽ കെട്ടിയടിച്ച സംഭവം ഇന്നലത്തെ പത്രത്തിൽ വന്നിട്ടുള്ളതാണ്. ഓടപ്രേമമുള്ള മന്ത്രിയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു സ്ഥലത്താണ് അതു നടന്നത്. ഇവിടെ അത്തരത്തിലുള്ള സംഭവങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് ഈ ബഡ്ജററിൽ നല്ലൊരു തുക ആവശ്യപ്പെട്ടിട്ടുള്ളത്. ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറു അധികാരത്തിൽ വന്നപ്പോൾ ആദ്യമായി ചെയ്ത ഒരു പണി, കാർഷികത്തൊഴിലാളികളുടേയും, സ്ത്രീകളുടേയും കുട്ടികളുടേയും ഹൃദയരക്തം ഒഴിച്ചുകൊണ്ടു അതിനു നടക്കല്ലിടുകയാണ്. പണ്ടു കാലത്ത് ഈ രാജ്യത്ത് പാലം പണിയുമ്പോൾ പാലം തുറക്കുന്നതിനുവേണ്ടി നരബലി നടത്തുന്ന ഒരു പതിവുണ്ടായിരുന്നു. അതുപോലെ കമ്മ്യൂണിസ്റ്റാണെന്നു പറയുന്ന അച്യുതമേനോൻ സഖാവു കുട്ടിയുടെ രക്തമൊഴിച്ചുകൊണ്ടു ഈ മന്ത്രിസഭയെ ഉറപ്പിക്കാൻ ഒരു ശ്രമം നടത്തുകയാണ്. സർ, ഈ മുഖ്യമന്ത്രിതന്നെ 1948—ൽ ഒളിവിൽ താമസിച്ചിരുന്ന കാലത്ത്, നിങ്ങൾ സുഖമില്ലാതെ കിടന്നിരുന്ന അവസരത്തിൽ രണ്ടരമാസത്തിലധികം ഭക്ഷണം തന്നു നിങ്ങളെ ചികിൽസിച്ച സഖാവു കൃഷ്ണനെൻറ പേര് ഒരുപക്ഷേ മുഖ്യമന്ത്രി മറന്നുപോയിട്ടുണ്ടെങ്കിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്, നിങ്ങൾ ഇവിടെ സൈ്വരസല്ലാപം നടത്തുമ്പോൾ ആ കൃഷ്ണൻ സി. ആർ. പി. യുടെ തല്ലുകൊണ്ടു തൃശ്ശൂർ ആശുപത്രിയിൽ കിടക്കുന്ന കഥ മിസ്റ്റർ മേനോൻ നിങ്ങൾക്കറിയാമോ എന്നു ഞാൻ ചോദിക്കുകയാണ്. അതു പോലെതന്നെ രാമേട്ടൻ എന്നു നിങ്ങൾ വിളിക്കുന്ന ആളിനെ അറിയാമല്ലോ, ഇപ്പോൾ അറിയാൻ പാടില്ലെങ്കിലും മന്ത്രിയാകുന്നതിനു മുൻപ് അറിയാമായിരുന്നല്ലോ, അദ്ദേഹം ഇന്നു തല്ലുകൊണ്ടു വാരിയെല്ലൊടിഞ്ഞു ഉഴിച്ചിൽകാരൻെറയടുത്തു കഴിയുകയാണെന്നുള്ള വിവരം നിങ്ങൾക്ക് ഓർക്കാൻ കഴിയുമോ എന്ന കാര്യം ഞാൻ അച്യുതമേനോനോടു ചോദിക്കുകയാണ്. എങ്ങനെയാണ് ഓർക്കുക? നിങ്ങളെ പരിശോധിച്ച ഡാക്ടർമാർ നിങ്ങൾക്കു ഹൃദയമില്ലെന്നു പറഞ്ഞത് ശരിയാണെന്ന് ഇപ്പോഴാണ് മനസിലായത്. അല്ലെങ്കിൽ നിങ്ങൾ ഇതൊക്കെ ഓർക്കുമായിരുന്നല്ലോ. അതുപോലെ ഞാൻ ചോദിക്കുകയാണ് നിങ്ങളേയും നിങ്ങളുടെ നേതാവായ ഡാങ്കേയും പൊക്കിപിടിച്ചു ജനങ്ങളുടെ കയ്യടിവാങ്ങുന്നതിനുവേണ്ടി ആലുവാ മണൽപ്പുറത്തു പൊതുയോഗത്തിൽ പ്രസംഗിച്ച ദാസിൻെറ മകൻ തമ്പിയെ പിരിച്ചുവിട്ടു നിങ്ങൾ സൈ്വരസല്ലാപം ചെയ്യുകയാണ്. ഈ രാജ്യത്ത് ഇപ്പോൾ പോലീസു മർദ്ദനം താണ്ഡവനൃത്തമാടുകയാണ്. അതൊന്നും പറഞ്ഞാൽ നിങ്ങൾക്കു മനസ്സിലാകുകയില്ല. കാരണം നിങ്ങൾ പുതിയ കൂട്ടുകെട്ടിൽ ഏർപ്പെട്ടിരിക്കുകയാണ്. ആ കൂട്ടുകെട്ടു നിങ്ങളെ എവിടെ കൊണ്ടുചെന്നു എത്തിക്കുമെന്നുള്ള കാര്യം പണ്ടു കമ്മ്യൂണിസ്റ്റുകാരായിരുന്ന, ഇപ്പോഴും ആ കൊടിവിടാൻ മടികൊണ്ടു ഒരു പൂർവ്വിക സ്വത്തുപോലെ എടുത്തുപിടിക്കുന്ന മാന്യൻമാർ ആലോചിക്കണമെന്നു ഞാൻ പറയുകയാണ്. നൂറുനൂററിയിരുപതുകൊല്ലം മുൻപു കാറൽമാർക്സ് പറഞ്ഞ കൂട്ടുകെട്ടിലാണ് നിങ്ങൾ ഇപ്പോൾ ചെന്നു ഏർപ്പെട്ടിട്ടുള്ളത്. കാറൽമാർക്സിനെ എതിർക്കുമോ, എന്നറിഞ്ഞുകൂടാ. ഇതിനെക്കുറിച്ചു കാറൽമാർക്സ് എഴുതിയ ഒരു വാചകം അങ്ങയുടെ അനുവാദത്തോടുകൂടി ഇവിടെ വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

"A spectre is haunting Europe—the spectre of communism. All the powers of Old Europe have entered into a holy alliance to exocise this spectre; Pope and Czar, Metternich and Guizot, French Radicals and German police-spies".

സർ, ഇത് മാർക്സ് എഴുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റേറായുടെ ഭാഗമാണ്. യൂറോപ്പിൽ ഒരു ഭൂതം പിടിപെട്ടിരിക്കുന്നു. കാറൽമാർക്സ് പറഞ്ഞ ആ ഭൂതം ആ പേരൊന്നു മാററിയാൽ ഇന്ന് കേരളത്തിൽ ശ്രീമാൻ അച്ചുതമേനോൻെറ തലയ്ക്ക് ആ തൊപ്പി പാകമാകും. ശ്രീമാൻ അച്ചുതമേനോനും അദ്ദേഹത്തിൻെറ പാർട്ടിയും ഇപ്പോൾ ഒരു കൂട്ടുകെട്ടിൽ ഏർപ്പെട്ടിരിക്കുകയാണ് എങ്ങനെയാണെന്നോ? കേരളത്തിൽ മാർക്സിസ്റ്റ് ഭൂതം പിടിപെട്ടിരിക്കുന്നു ആ ഭൂതത്തെ ഒഴിപ്പിക്കുന്നതിനുവേണ്ടി, ആ ഭൂതത്തെ കൈകാര്യം ചെയ്യുന്നതിന വേണ്ടി ശ്രീമാൻ അച്ചുതമേനോനും അദ്ദേഹത്തിൻെറ പാർട്ടിയും ഒരു കൂട്ടു

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളാ കോൺഗ്രസ്, മുസ്‌ലീംലീഗ്, അമേരിക്കൻ ചാരൻമാർ, പോലീസ് ഉദ്യോഗസ്ഥൻമാർ, റവല്യൂഷണറി സോഷ്യലിസ്റ്റുകാർ എന്നിവരുമായുള്ള ഒരു കൂട്ടുകെട്ടിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളത്തിൽനിന്ന് മാർക്സിസ്റ്റ് ഭൂതത്തെ ഒഴിച്ചു മാററാനാണ് ഈ കൂട്ടുകെട്ട്. റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയാണെങ്കിൽ വിപ്ലവം പോരെന്ന് പറഞ്ഞിട്ട് വിപ്ലവം നടത്തുന്ന പാർട്ടിയാണ്. ഈ പാർട്ടികളെയെല്ലാം കൂട്ടിച്ചേർത്ത് ഇത്തരത്തിൽ ഒരു കൂട്ടുകെട്ട് കേരളത്തിൽ 1969 നവംബർ ഒന്നാം തീയതി ഉണ്ടാക്കുമെന്ന ബോധത്തോടുകൂടിതന്നെയായിരിക്കണം കാറൽ മാർക്സും ഏംഗൽസും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ ഒരു വാചകം എഴുതിവച്ചത്. ഒരു പക്ഷെ അവർ നിഷേധിക്കുമായിരിക്കാം. കാരണം മാർക്സിനോട് അവർക്ക് ബഹുമാനമില്ല. കോഴിക്കോട് പട്ടണത്തിൽക്കൂടി മുസ്ലീം ലീഗിൻെറ പിന്നാലെ നടന്ന് മാർക്സും ലെനിനും പുല്ലാണ് എന്ന് ''സുന്ദരയ്യ'' എന്നു വിളിച്ചു നടന്നവരല്ലേ വലതു കമ്മ്യൂണിസ്റ്റുകാർ. മാർക്സ് പറഞ്ഞതിന് യാതൊരു വിലയും ഇല്ലായിരിക്കാം. എനിക്ക് ഇതെപ്പററി കൂടുതലൊന്നും പറയാനില്ല. എന്തായാലും ഇവിടെ നടന്നിട്ടുള്ള, തൃശൂരിൽതന്നെ നടന്നിട്ടുള്ള നിരവധി തല്ലുകളൊന്നും അറിഞ്ഞില്ലെന്ന് ചിന്തിച്ച് ശ്രീ. മേനോൻ ഇവിടെ ഇരിക്കുകയാണ്. ഇനിയും ജനങ്ങളെ തല്ലുന്നതിനുവേണ്ടി പോലീസിനെ വാടകയ്ക്ക് എടുക്കുന്നതിനു, പട്ടാളത്തെ വാടകയ്ക്ക് എടുക്കുന്നതിനുവേണ്ടി ഇനിയും നാട്ടുകാരെ തല്ലുന്നതിനുവേണ്ടി പണം വേണമെന്ന് പറഞ്ഞ് ആവശ്യപ്പെട്ടാൽ അത് എങ്ങിനെയാണ് അനുവദിച്ചു കൊടുക്കുക. അവരം വന്നതിനുശേഷം എല്ലാവരേയും തല്ലുന്നു, സോഷ്യലിസം നടപ്പിലാക്കുന്നതിന് ലീഗുകാരേയും കേരളാ കോൺഗ്രസ് തല്ലുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട ശ്രീ. സി. എച്ച്. മുഹമ്മദുകോയ അവകാശപ്പെട്ടത്. ഒരു പക്ഷേ ലീഗുകാരേയും കോൺഗ്രസുകാരേയുമൊക്കെ തല്ലുന്നുണ്ടായിരിക്കാം. ഞാൻ ഇല്ലെന്നു പറയുന്നില്ല. പാവപ്പെട്ട തൊഴിലാളികളെ തെററിദ്ധരിപ്പിച്ച് ഒരു പക്ഷേ കോൺഗ്രസ്സിലേക്ക് കൊണ്ടുവന്നിട്ട് അവർക്ക് തല്ലു കിട്ടുന്നുണ്ടായിരിക്കാം. പ്രശ്നം അതല്ല. ഏതു പാർട്ടിയിൽപ്പെട്ട ആളെന്നല്ല ഏതു വർഗ്ഗത്തിൽപ്പെട്ട ആളുകരംക്കാണ് ഇന്ന് തല്ലു കൊള്ളുന്നത്. ഏതു പാർട്ടിയായാലും തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവർക്ക് ആണ് തല്ലു കൊള്ളുന്നത്. ഞങ്ങരം ആയുധം ശേഖരിക്കുന്നു എന്നു പറയുന്നതു കേട്ടു. ശ്രീ അച്ചുതമേനോനേയും, ശ്രീ. സി. എച്ച്. മുഹമ്മദുകോയയേയും, ശ്രീ. ശേഷനേയുമെല്ലാം ഞാൻ വെല്ലു വിളിക്കുകയാണ്. ഈ രാജ്യത്ത് മുസ്ലീം ലീഗിൻെറ വാളൻറിയറൻമാർ ഇന്ന് ആയുധപരിശീലനം നടത്തുന്ന എത്ര ക്യാമ്പ് ഈ രാജ്യത്തുണ്ട്? ജനസംഘത്തിൻെറ വോളൻറിയറൻമാർ വളരെ പരസ്യമായി തൃശൂരിൽ വാളും തോക്കും ഉപയോഗിച്ച് പരിശീലനം നടത്തുന്നുണ്ട്. ഒരൊററ ആയുധം പിടിച്ചെടുത്തിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. ഇനി മെമ്പർ എടുക്കുന്ന സമയം പാർട്ടിയുടെ സമയമാണ്.

ശ്രീ. എ. വി. ആര്യൻ: സർ, ഈ സഭയിലെ മെമ്പറായ ഇ. ജോൺ ജേക്കബിൻെറ നേതൃത്വത്തിൽ തോക്കും പിടിച്ച് ഘോഷയാത്ര നടത്തിയ കുട്ടനാട് കായൽ രാജാക്കൻമാരുടെ കൈയിൽനിന്ന് ഒരൊററ തോക്കെങ്കിലും ഈ ഗവൺമെൻറ് പിടിച്ചെടുത്തിട്ടുണ്ടോ? എന്തെങ്കിലും ആയുധം പിടിച്ചെടുത്തിട്ടുണ്ടോ? ജനസംഘവും മുസ്‌ലീം ലീഗും ആയുധ പിരിശീലനം നടത്തുന്നുണ്ട്. മുസ്‌ലീം വിരോധം പറഞ്ഞുകൊണ്ട് ജനസംഘക്കാരും, ഹിന്ദു വിരോധം പറഞ്ഞുകൊണ്ട് മുസ്ലീം ലീഗുകാരും ആയുധ പരിശീലനം നടത്തുന്നു. എന്നിട്ട് ഇവർ രണ്ടുകൂട്ടരും കൂടി തല്ലുന്നത് പാവപ്പെട്ട തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളേയും. രാജഗോപാലനും, സി. എച്ചും. കൂടി ഗൂഢാലോചന നടത്തി ഈ രാജ്യത്ത് അക്രമവും അനീതിയും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമംനടത്തുന്നു. ഇതെല്ലാം അനുവദിക്കുകയും അതിനുവേണ്ടി കൂട്ടുകെട്ട് ഉണ്ടാക്കുകയും ചെയ്തിട്ടുള്ള ഈ മന്ത്രിമാർക്ക് ബഡ്ജററിൽ കാശുവേണം. അവർക്ക് യാത്ര ചെയ്യാൻ പോലീസുകാർക്ക് കൂട്ടിക്കൊടുക്കാൻ പൈസവേണം. ലാത്തി വാങ്ങാൻ പൈസാ വേണം. അതുകൊണ്ടുതന്നെയാണ് ഈ ബഡ്ജററിനെ ശക്തിയായി എതിർക്കുന്നത്. അക്രമം തുടരാനാണ് ഭാവമെങ്കിൽ അതിനെ നേരിടാൻ ഈ രാജ്യത്തെ ജനങ്ങൾക്ക് അവകാശമുണ്ട്. പോലീസ് നിയമം കൈയിലെടുത്തുകൊണ്ട് ജനങ്ങളുടെമേൽ മേക്കിട്ടു കയറുകയാണെങ്കിൽ തീർച്ചയായും അതിനെ നേരിടാതിരിക്കാൻ നിർവാഹമില്ല. മഹാത്മാ ഗാന്ധിപോലും അതിനെ നേരിടാമെന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അത്രയൊന്നും പോകാത്ത ഇവിടുത്തെ ജനങ്ങൾക്ക് അതിനെനേരിടാൻ അവകാശമുണ്ട്. അതു വരുമ്പോൾ ഞഞ്ഞ പിഞ്ഞ പറഞ്ഞിട്ടു കാര്യമില്ല. ഓടക്കുഴലല്ല, ലാത്തിയാണ് കയ്യിലിരിക്കുന്നതെന്നു പറഞ്ഞിട്ടുള്ള മന്ത്രിമാർ അധികനാൾ മന്ത്രിയായിരിക്കുകയില്ല എന്ന് ശ്രീ. പി. കെ. കുഞ്ഞുവരെ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് എന്നും സ്റേററുകാറും, പോലീസും പട്ടാളവും കൊണ്ടു നടന്നുകൊണ്ട് ഈ രാജ്യത്തെ ഓടക്കുഴലിന്റെ പ്രസംഗം നടത്താൻ സാധിക്കുകയില്ലെന്ന് ഓടക്കുഴൽ പ്രേമികളോട് ഒന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ അനുകൂലിക്കാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുകയാണ്. നമുക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഓരോ വർഷം കഴിയുന്തോറും സാധനവില കുതിച്ചു കയറുന്ന ഒരു പ്രതിഭാസമാണ് നാം കാണുന്നത്. ഓരോ ബഡ്ജററും അവതരിപ്പിക്കുന്നതോടുകൂടി കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും പത്തു പതിനഞ്ചു ശതമാനം വില വർദ്ധനവ് എല്ലാ സാധനങ്ങളെ സംബന്ധിച്ചും നമ്മൾ കാണുന്നുണ്ട്. ഈ വില വർദ്ധനവ് കച്ചവടക്കാരുടെ ഇഷ്ടം അനുസരിച്ച് വർദ്ധിപ്പിക്കുമ്പോൾ അതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു കാണാത്തതിൽ വാസ്തവത്തിൽ എനിക്ക് ഖേദമുണ്ട്. ഇപ്പോൾതന്നെ കേന്ദ്ര ഗവൺമെന്റ് 100, 170 കോടി രൂപായോളം പുതിയ നികുതി നിർദ്ദേശങ്ങളോടുകൂടി ബഡ്ജററ് അവതരിപ്പിച്ചിരിക്കുകയാണ്. നമ്മുടെ ധനകാര്യമന്ത്രിയും ഏതാണ്ട് 190 ലക്ഷത്തോളം വരുന്ന പുതിയനികുതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായി നിത്യോപയോഗസാധനങ്ങളുടെ വില വളരെ വർദ്ധിക്കുകയും സാധാരണക്കാരായ ആളുകളുടെ ജീവിതം വളരെ ക്ലേശകരമായി തീരുകയും ചെയ്തിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നാം ഈ സഭയിൽ ബഡ്ജററിനെപ്പററി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് ഈ ബഡ്ജററ് അവതരണത്തോടുകൂടി വാസ്തവത്തിൽ നിത്യോപയോഗ സാധനങ്ങളായ സോപ്പ്, കാരം, മണ്ണെണ്ണ, പെട്രോൾ, ഐസ് മുതലായ സാധനങ്ങൾക്ക് വില വളരെ വർദ്ധിക്കാൻ പോകുകയാണ്. ഇത് ഈ നാട്ടിലെ സാധാരണ ജനങ്ങളെ സംബന്ധിക്കുന്നകാര്യങ്ങളാണ്. നികുതി ഭാരം കൂടുതൽ സൗകര്യമുള്ള ആളുകളുടെ മേൽ ചുമത്താതെ സാധാരണക്കാരന് കൂടുതൽ സാമ്പത്തികക്ലേശവും ഭാരവും വരുത്തിവയ്ക്കുന്ന, സാമാന്യ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ക്ലേശകരമായ ഒന്നാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ നിലയിൽ സാധാരണക്കാരെ കൂടുതലായി ബാധിക്കുന്ന നികുതി നിർദ്ദേശങ്ങൾ പിൻവലിക്കുന്നതിനും ധനകാര്യമന്ത്രി തയാറാകണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ രാജ്യത്ത് നടക്കുന്ന രൂക്ഷമായ തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലില്ലായ്മയ്ക്ക് എന്തെങ്കിലും പരിഹാരം അദ്ദേഹം ബഡ്ജററിൽ നിർദ്ദേശിച്ചു കാണാത്തതിൽ ഞാൻ ഖേദിക്കുകയാണ്. 'എക്കണോമിക്ക് റിവ്യൂ ഓഫ് കേരള, 1969 എന്ന പ്രസിദ്ധീകരണത്തിൽ ഏതാണ്ട് ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തിൽപരം അഭ്യസ്തവിദ്യരായ ആളുകൾ തൊഴിലില്ലാതെ കേരളത്തിലുണ്ടെന്നു 30—6—1969 വരെയുള്ള കാലഘട്ടത്തിലുള്ളതും വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള വരുമായി കാണുന്നുണ്ട്. ഈ ആളുകൾക്ക് എന്തെങ്കിലും തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നതിന് കാര്യമായ യാതൊരു ശ്രമവും ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ കാണാത്തതിൽ ഖേദിക്കുകയാണ്. ഇങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വില അടിക്കടി വർദ്ധിച്ചു വരുകയും അതുപോലെ തന്നെ തൊഴിലില്ലായ്മയ്ക്ക് കാര്യമായ പരിഹാരം കാണാതെയും ഇന്ന് നമ്മുടെ രാജ്യത്തിൽ അങ്ങോളമിങ്ങോളം കാണുന്ന രൂക്ഷമായ മർദ്ദന സംവിധാനങ്ങളോടുകൂടി ഭരണം എങ്ങിനെ മുന്നോട്ടു പോകുമെന്ന് നാം ചിന്തിക്കേണ്ടതാണ്. വാസ്തവത്തിൽ ഇന്നത്തെ ഈ സാഹചര്യത്തിൽ സാധാരണക്കാർ വളരെയധികം വിഷമിക്കുന്നുണ്ട്. ഇന്നും ഇന്നലെയും ഇവിടെ നടന്ന ചർച്ചകളിൽ പോലീസ് മർദ്ദനത്തെപ്പററി വളരെ ശക്തിയായ ഭാഷയിൽ പല ഭാഗങ്ങളിൽ നിന്നും ആക്ഷേപം ഉണ്ടായിട്ടുണ്ട്.

സർ, എനിക്ക് എൻെറ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹമുണ്ട്. ട്രാൻസ്പോർട്ട് സമരത്തോടനുബന്ധിച്ച് കുളനട ജംഗ്ഷനിൽ വച്ച് ട്രാൻസ്പോർട്ട് ബസ് പിക്കററ് ചെയ്ത ഏതാനും ആളുകളെ സി.ആർ.പി. ക്കാർ മൃഗീയമായിമർദ്ദിക്കുകയുണ്ടായി. ഈ സംഭവം നടന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ചില സ്നേഹിതൻമാർ എന്നെ വിവരം അറിയിക്കുകയും ഞാൻ പോലീസ് സ്റേറഷനിൽ ചെന്ന് വിവരം അന്വേഷിക്കുകയും ചെയ്തു. അന്നത്തെ സ്റേറഷൻെറ ചാർജ് വഹിച്ചിരുന്ന പോലീസ് ആഫീസർ പറഞ്ഞത് യാതൊരു മർദ്ദനവും ഞങ്ങൾ നടത്തിയിട്ടില്ലെന്നാണ്. ഏതാണ്ട്പത്തഞ്ഞൂറ് ആളുകളെ മൃഗീയമായി മർദ്ദിച്ച ഈ കേസിനെപ്പററി അന്വേഷിക്കണമെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് ഞാൻ അറിയിപ്പ് കൊടുത്തിട്ടും യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

സർ, അതുപോലെ തന്നെ ഞാൻ ഇന്നലെ വൈകുന്നേരം ഒരു പത്രം വായിക്കുകയുണ്ടായി. ഈ സഭയിൽ വളരെ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ള, വയനാടൻ മലകളിൽവച്ച് നടന്നിട്ടുള്ള വറുഗീസിൻെറ മരണത്തെപ്പററിയാണ്. അദ്ദേഹത്തെ ഒരു വയലിൻെറ അരികിലുള്ള വീട്ടിൽ ഉറങ്ങിക്കിടന്നഅവസരത്തിലാണ് അറസ്ററ് ചെയ്തതെന്നും പിന്നീട് പോലീസുമായി യാതൊരു ഏററുമുട്ടലും കൂടാതെ അറസ്ററ് ചെയ്തിട്ട് വറുഗീസിനെ നടത്തിക്കൊണ്ടുപോയിട്ട് അവസാനം അദ്ദേഹത്തിൻെറ കൈയും കാലും കെട്ടി തിളപ്പിച്ച വെള്ളത്തിൽ ഇരുത്തി എന്നും അതിനുശേഷം ബയണററുകൊണ്ട് വറുഗീസിൻെറ കണ്ണ് ചൂഴ്ന്നെടുത്ത് എന്നും അധികൃതരുമായി ബന്ധംപുലർത്തിയതിനുശേഷം അദ്ദേഹത്തെ വെടിവച്ചുകൊന്നു എന്നുമുള്ള റിപ്പോർട്ട് വായിക്കുകയുണ്ടായി.

ശ്രീ. ഇ. എം. ജോർജ്: ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുമ്പോൾ ഏതെങ്കിലും മന്ത്രി അത് കേൾക്കേണ്ടതല്ലേ; ഓരോ മന്ത്രിമാരുടെ അടുക്കലും ഓരോ എം.എൽ.എ. മാർ ഇരിക്കുകയാണ്.

മി. ചെയർമാൻ: മന്ത്രി നോട്ട് ചെയ്യുന്നുണ്ട്.

ശ്രീ. ഇ. എം. ജോർജ്: എല്ലാ മന്ത്രിമാരുടെ അടുത്തും എം. എൽ. എ. മാർ ചെന്നിരുന്ന് നിവേദനം നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Finance Minister (**Shri N. K. Seshan**): Sir, may I know what to note and when to note.

<u>ശ്രീ. പി. എൻ. ചന്ദ്രസേനൻ:</u> അതുകൊണ്ട് സർ, ഇനി മർദ്ദനത്തെപ്പററി വിവരം കിട്ടിയാൽ അതിനെപ്പററി ശരിയായി അനേപഷിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ കേരളത്തിൽ ഏററവും രൂക്ഷമായ പോലീസു മർദ്ദനം നടന്നിട്ടുള്ളത് ആലപ്പുഴ ജില്ലയിലാണ്. ആലപ്പുഴയിലെ മെമ്പറെന്ന നിലയിൽ എനിക്ക് അറിയാവുന്ന സംഗതികളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്.

അതുപോലെ തന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിൽ നമ്മുടെ ഇന്നത്തെ സാമ്പത്തിക നിലയുടെ യാതൊരു ചിത്രവും വരച്ചു കാണിക്കാൻ അദ്ദേഹം തയ്യാററായില്ല എന്ന് ഖേദപൂർവ്വം സൂചിപ്പിച്ചുകൊള്ളട്ടെ. കഴിഞ്ഞ ഒരു ദിവസം ധനകാര്യമന്ത്രി മേശപ്പുറത്തുവച്ച ഒരു ഉത്തരത്തിൽ നമ്മുടെ കേരളത്തിൽ ഏതാണ്ട് 231.1 കോടി രൂപയുടെ പൊതുകടമുണ്ടെന്നു ഞാൻ വായിക്കുകയുണ്ടായി. ഇത്രയും വലിയപൊതുകടമുള്ള ഒരു സംസ്ഥാനം ഇത്രയും കമ്മി വരുന്ന ഒരു ബഡ്ജററുമായി മുന്നോട്ടുപോയാൽ നമ്മുടെ സാമ്പത്തികസംവിധാനത്തിന്റെ ഭാവി എന്തായിരിക്കുമെന്ന് ചിന്തിക്കണം. കേന്ദ്രഗവൺമെന്റിൽ ശക്തിയായ സമ്മർദ്ദം ചെലുത്തി കൂടുതൽ ഗ്രാന്റുകളും ലോണുകളും വാങ്ങിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കുന്നതിന് കാര്യമായ ശ്രമങ്ങൾ ഒന്നും തന്നെ നടന്നതായി കാണുന്നില്ല. ഇന്നലെ എന്റെ സ്നേഹിതൻ മൊറായിസ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ എം.എൽ.എ. മാരും, എം.പി. മാരും കേന്ദ്രത്തിൽ ശക്തിയായ സമ്മർദ്ദം ചെലുത്തുകയും വേണ്ടിവന്നാൽ കേരള എം.പി. മാർ രാജിവച്ചുകൊണ്ട് അവരുടെ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യണം. രാജിവയ്ക്കാൻ കൂടി തയ്യാറായി കേന്ദ്ര ഗവൺമെന്റിൽ ശക്തിയായ സമ്മർദ്ദം ചെലുത്തണം. രാജിയെ സംബന്ധിച്ച് പറയുമ്പോൾ ഇന്ന് ഞാൻ മാതൃഭൂമി വായിച്ചുനോക്കിയപ്പോൾ നമ്മുടെ മന്ത്രിസഭ അപകട നിലയിൽ മുന്നോട്ടുപോകുന്നു എന്നും വലിയ ഒരു പ്രതി സന്ധിയെ നേരിടാൻ പോകുന്നു എന്നും കാണുകയുണ്ടായി. രണ്ടുമൂന്നു ദിവസമായി എം.എൽ.എ. മാരും മന്ത്രിമാരും, രാഷ്ട്രീയനേതാക്കൻമാരും മാറിനിന്ന് കുശുകുശാ സംസാരിക്കുന്നു. ഏതാണ്ട് ഒരാഴ്ചയ്ക്കകം മന്ത്രിസഭ തകർന്നുപോകുമെന്നും ഉദ്യോഗസ്ഥൻമാരുടെഇടയിൽ അമ്പരപ്പുണ്ട്. ഈ അനിശ്ചിതാവസ്ഥയിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത് ഈ വൈകിയ വേളയിലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അച്യുതമേനോൻ ചില കാര്യങ്ങൾ ചെയ്യുന്നതിന് തയ്യാറാകണമെന്നാണ്. എന്റെ പാർട്ടിഉൾപ്പെട്ട ഈ രാജ്യത്തെ ആളുകൾ ഏകകണ്ഠമായി ആവശ്യപ്പെടുന്ന വർഗ്ഗീസിന്റെ മരണത്തെപ്പററി ഏററവും വേഗം പരസ്യാനേപഷണത്തിന് ഏർപ്പാടുചെയ്യണം. അങ്ങ് ആഭ്യന്തര മന്ത്രിയുമായി ഇതേപ്പററി ചർച്ചചെയ്തുഎന്നും മുഖ്യമന്ത്രിയ്ക്ക് അനേപഷണം നടത്തുന്നതിൽ വൈമുഖ്യമില്ലെന്നും ആഭ്യന്തര മന്ത്രിയുടെ എതിർപ്പുള്ളതുകൊണ്ടാണ് അനേപഷണം നടത്താത്തതെന്നും ഒരു സംസാരം ഇവിടെ പരന്നിട്ടുണ്ട്. ഏതായാലും ഈ കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കണം. ഈ സാഹചര്യത്തിൽ എനിക്ക് അങ്ങയോടുപറയാനുള്ളത് ഇങ്ങനെയുള്ള കാര്യങ്ങളിൽ ശരിയായി അനേപഷണം നടത്തി കുററക്കാരായ പോലീസ് ആഫീസറൻമാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുവേണ്ടി, മററു പ്രശ്നങ്ങളെല്ലാം അഭിമുഖീകരിക്കുന്നുണ്ടെങ്കിലും, നടപടി അങ്ങ് സ്വീകരിക്കണമെന്നാണ്.

ഈ സാഹചര്യത്തിൽ ഞാൻ ഒരു കാര്യം കൂടി വ്യക്തമാക്കിക്കൊള്ളട്ടെ. ഇന്നത്തെ ഈ സാഹചര്യത്തിൽ കൂടുതൽ ജനങ്ങളുടെ സഹകരണംനേടുന്നതിനുവേണ്ടി ഇന്നത്തെ ഈ മന്ത്രിസഭയിൽ ഈ നിലയ്ക്ക് തുടരണമോ എന്നുള്ള കാര്യം മുഖ്യമന്ത്രി ചിന്തിക്കണം. എന്റെ അഭിപ്രായത്തിൽ വളരെ അന്ത

LIBRARY ARCHIVES Kerala Legislative Assembly

സായി അദ്ദേഹം രാജിവച്ച് പോകുന്നത് നന്നായിരിക്കും. ഒരു നിർദ്ദേശം കൂടി എനിക്ക് വയ്ക്കാനുണ്ട്. നമ്മുടെ സഭാ നേതാവ് ശ്രീ. ടി. കെ. ദിവാകരൻ, ആർ.എസ്.പി. നേതാവായ ശ്രീ. ടി. കെ.ദിവാകരൻ, ഒരു മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറാകണം. എങ്കിൽ എന്നെപ്പോലുള്ള സ്വതന്ത്രൻമാർ തീർച്ചയായിട്ടും പിൻതുണ നൽകും. അതു സാദ്ധ്യമല്ലെങ്കിൽ വേറൊരു നിർദ്ദേശം വയ്ക്കാം. ഒരു ഇടക്കാലതെരഞ്ഞെടുപ്പ് നടത്തുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ആർ.എസ്.പി. നേതൃത്വം അതിനു തയ്യാറാകാത്ത പക്ഷം എസ്. എസ്.പി. നേതാവ് ശ്രീ. അബു മുന്നോട്ടുവന്ന് അദ്ദേഹം ഒരു മന്ത്രി സഭ രൂപീകരിക്കട്ടെ. അതും സാദ്ധ്യമല്ലെങ്കിൽ ഈ രാജ്യത്ത് ശരിയായ ഒരു ഭരണം കൊണ്ടുവരുന്നതിന് ഞാൻ ഉൾക്കൊള്ളുന്നതായ ഞങ്ങളുടെ പോളിററ് ബ്യൂറോ തയ്യാറാണെന്നും ഞങ്ങൾ ഈ രാജ്യത്തിന് നേതൃത്വം കൊടുക്കാൻ തയ്യാറാണെന്നും.....

ശ്രീ. കെ. ടി. ജോർജ്: അബുസാഹിബോ, ടി. കെ. ദിവാകരനോ മന്ത്രിസഭഉണ്ടാക്കിയാൽ പിൻതുണ കൊടുക്കാമെന്നു പറഞ്ഞല്ലോ. അങ്ങനെ എത്ര ആളുകൾ കൈവശമുണ്ട്, പിൻതുണ കൊടുക്കാൻ എന്നുപറയാമോ?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ചീഫ്മിനിസ്ററർ രാജിവച്ചാൽ 70–75 പേരുടെ പേര് ഒപ്പിട്ട് നാളെ ഏൽപ്പിക്കാൻ തയ്യാറാണ്.

ശ്രീ. കെ. എം. മാണി: കടലാസ് ഇപ്പോൾ തന്നെ ഗവർണറുടെ അടുത്ത് കൊടുത്താൽ മതിയല്ലോ.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ജനാധിപത്യ സംവിധാനത്തിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ മാത്രമേ ഇതൊക്കെ കൊടുക്കാൻ ഒക്കുകയുള്ളൂ. അതുകൊണ്ട് ഇതേപ്പററി ഈ സഭയിലുള്ള ആളുകൾ വളരെ ഗൗരവമായി ചിന്തിക്കണമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബഡ്ജററിനെ അനുകൂലിച്ചുസംസാരിക്കുമ്പോൾ 25 കോടി 86 ലക്ഷം രൂപാ കമ്മിയുള്ള ഒരു ബഡ്ജററാണ് ഇതെങ്കിൽപോലും ഇതിനെക്കാൾ നല്ല ഒരു ബഡ്ജററ് അവതരിപ്പിക്കാൻ മറെറാരു മന്ത്രിക്കും സാദ്ധ്യമല്ല എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ഇതിനെ ഹാർദ്ദമായി അനുകൂലിക്കുന്നത്, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കുന്നത്. സർ, ഇവിടെ നടന്ന ചർച്ചകളിൽ നിന്നുതന്നെ ഈ ബഡ്ജററിനെസംബന്ധിച്ച് നടന്ന ചർച്ചയിൽ നിന്നു തന്നെ ബഡ്ജററിനെ പരാമർശിച്ചു പ്രസംഗിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽ പലരും അവരുടെ ശ്രദ്ധ ഇതിലുള്ള റവന്യൂ അക്കൗണ്ടു കണക്കുകളെ പരാമർശിക്കാതെ പോയതിൽ ഒരു വേള മററാരുംതന്നെ ഭരണത്തിൽ വന്നാലും ഇതിനെക്കാളും നല്ല ഒരു ബഡ്ജററ് അവതരിപ്പിക്കാൻ സാദ്ധ്യമല്ല എന്ന് പരിപൂർണ്ണബോദ്ധ്യം അവർക്ക് ഉള്ളതുകൊണ്ടായിരിക്കാം എന്നാണ് ഞാൻ കരുതുന്നത്. ഈ രീതിയിൽ, സംസ്ഥാനത്തിന്റെ സ്ഥിതിഗതികൾ വച്ചുനോക്കുമ്പോൾ, റവന്യൂ അക്കൗണ്ടിൽ ഉള്ള കണക്കുകൾ മന്ത്രി അവതരിപ്പിച്ചതുമായി വച്ചുനോക്കുമ്പോൾ മാത്രമാണ് ചെലവ് വർദ്ധിച്ചുവരുന്നതായിട്ട് കാണുന്നത്. വിദ്യാഭ്യാസത്തിനു വേണ്ടി 1968–69–ൽ 42.27 കോടിരൂപ ചെലവാക്കിയപ്പോൾ 1969–70–ൽ അത് 53 കോടി രൂപയിൽ അധികം ചെലവഴിക്കേണ്ടിവന്നു. 1970–71–ൽ കണക്കിൽ 57 കോടിരൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അതുപോലെതന്നെ ജനങ്ങൾക്ക് ഉപകാരപ്രദമായ മെഡിക്കൽ പബ്ലിക്ക് ഹെൽത്ത് വകുപ്പിലേക്ക് 1968–69–ൽ പതിമൂന്നരകോടി രൂപ ചെലവാക്കിയപ്പോൾ 1969–70–ൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പതിനാലിൽച്ചില്ലാനം കോടിരൂപ ചെലവഴിച്ചു. 1970–71–ൽ 16 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അതുപോലെതന്നെ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാരുടെ വേതനം, അലവൻസ് തുടങ്ങിയ ആവശ്യങ്ങൾക്കുള്ള ചെലവ് പ്രതിവർഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും മറുഭാഗത്ത് വരുമാനമാർഗ്ഗങ്ങൾക്കുള്ള വിഭവങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു പരിത: സ്ഥിതി മുമ്പിൽവച്ചുകൊണ്ട് ഇതിലും നല്ല ഒരു ബഡ്ജററ് അവതരിപ്പിക്കാൻ ആർക്കും സാദ്ധ്യമല്ലെന്നുപറഞ്ഞാൽ അതു ഒരിക്കലും അതിശയോക്തിപരമല്ല സർ. പിന്നെ ചില നികുതികളെല്ലാം ഇവിടെ ചുമത്തിയിട്ടുണ്ട്. നികുതി ചുമത്താതെ ഒരു ബഡ്ജററ് ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ അവതരിപ്പിക്കാൻ സാദ്ധ്യമാണോയെന്ന് സാമ്പത്തിക ശാസ്ത്രജ്ഞൻമാർതന്നെ സംശയം പ്രകടിപ്പിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും സോപ്പിനും അതുപോലുള്ള മററുസാധനങ്ങൾക്കും ചുമത്തിയിട്ടുള്ള നികുതി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇന്ന് കേരളത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിൽതന്നെ 125147 അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ ബിരുദധാരികളായ 6959 പേരും ഇരട്ടബിരുദധാരികളായ 772 പേരും ഉണ്ടെന്ന് എക്കണോമിക്സ് റെവ്യൂവിൽ വളരെ പ്രത്യേകമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ബിരുദധാരികളുടെ തൊഴിലില്ലായ്മ അവസാനിപ്പിക്കണമെങ്കിൽ, നമ്മുടെ നാട്ടിലുള്ള തൊഴിലില്ലായ്മയ്ക്ക് ഒരു ഉപശാന്തി വരണമെങ്കിൽ നിശ്ചയമായും വ്യവസായവൽക്കരണത്തിന് പ്രാധാന്യം കൂടുതൽ കൊടുക്കണം. സർ, വ്യവസായവൽക്കരണത്തിന് പ്രാധാന്യം കൊടുക്കണമെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററുപ്രസംഗത്തിൽ സൂചിപ്പിച്ച ഒരു ഭാഗം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

'സംസ്ഥാനത്തെ പൊതുമേഖലാരംഗത്ത് കൂടുതൽ കേന്ദ്രനിക്ഷേപത്തിനുവേണ്ടി നാം ശബ്ദം ഉയർത്തുകയും ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ യത്നം തുടർന്നും പൂർവ്വാധികം ശക്തിയോടെ നടത്തേണ്ടതായിട്ടാണിരിക്കുന്നത്. കേന്ദ്രത്തിന്റെ നിക്ഷേപത്തെസംബന്ധിച്ച് പരാമർശിക്കുമ്പോൾ എന്റെ ശ്രദ്ധയെത്തുന്നതു കേന്ദ്രഗവൺമെൻറിൽ കേരളത്തിന്റെ പ്രതിനിധികൾ നടത്തുന്ന സമ്മർദ്ദത്തെപ്പററിയാണ്. കേന്ദ്രത്തിൽനിന്നു കേരളത്തിനു കിട്ടാനുള്ള വിഹിതം തികച്ചും വാങ്ങിക്കാൻ സംസ്ഥാനത്തിലെ ജനപ്രതിനിധികളും എല്ലാ വിഭാഗം ജനങ്ങളും ഒന്നിച്ചു സംഘടിച്ച് ശബ്ദം ഉയർത്തണം. അതിൽ രാഷ്ട്രീയപരിഗണനകൾ പാടില്ല സർ. ഈ വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുന്നതു രാഷ്ട്രീയവൈരാഗ്യത്തിന്റെ പേരിൽ കേരളത്തിന്റെ അവകാശങ്ങൾ വകവച്ചു വാങ്ങിക്കുന്നതിൽ കേന്ദ്രഗവൺമെൻറിന്റെ മുന്നിൽ നമ്മുടെ ജനങ്ങൾ ഒരിക്കലും അറച്ചു നിൽക്കരുതെന്നാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇക്കഴിഞ്ഞ 24–ാം തീയതി ഡൽഹിയിൽവച്ച് കേരളാ എം. പി. മാരുടെ ഒരു യോഗം വിളിച്ചു കൂട്ടി. നിർഭാഗ്യവശാൽ കേരളാ എം. പി. മാരുടെ യോഗത്തിൽ സംബന്ധിച്ച കൂട്ടത്തിൽ കേരളത്തിലെ പ്രധാനപ്രതിപക്ഷ കക്ഷിയായ മാർക്സിസ്ററുപാർട്ടിയിലെ പാർലമെൻറ് അംഗങ്ങൾ പങ്കെടുത്തിരുന്നില്ല. അതു തികച്ചും നിർഭാഗ്യകരമാണ്. സർ, ബഹുമാനപ്പെട്ട രവീന്ദ്രൻ കേരളാ എം. പി. മാരുടെ യോഗം വിളിച്ചു കൂട്ടിയത് കേന്ദ്രത്തിൽനിന്നു കേരളത്തിനു ലഭിക്കേണ്ട വിഹിതത്തെസംബ

ന്ധിച്ച് അവരെ ബോധവാൻമാരാക്കുന്നതിനും ഗവൺമെൻറിൻെറ നടപടികൾക്ക് പിൻതുണനൽകുന്നതിനും വേണ്ടിയായിരുന്നു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി കേരളമന്ത്രി ഡൽഹിയിൽ വച്ച് നടത്തിയ കേരള എം. പി. മാരുടെ ചർച്ചകളിൽ കേരളത്തിലെ ഒരു പ്രധാനപ്പെട്ട കക്ഷിയായ മാർക്സിസ്ററുപാർട്ടിയിലെ ബഹുമാനപ്പെട്ട എം. പി. മാർ പങ്കെടുക്കാതിരുന്നത് ഒരുവേള കേരളത്തിലെ ജനങ്ങളോട് ചെയ്ത ഒരു തെററാണെന്ന് ഞാൻ സവിനയം പറഞ്ഞുകൊള്ളട്ടെ.

ശ്രീ. മുസ്തഫാകമാൽ: മാർക്സിസ്ററുപാർട്ടിയിലെ എം. പി. മാരെ ക്ഷണിച്ചിരുന്നില്ല. എന്നറിയാമോ?

ശ്രീ. ഇ. അഹമ്മദ്: ക്ഷണിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ഒരിക്കലും ശരിയല്ല. സന്ദർഭവശാൽ ഞാനും ഡൽഹിയിൽ ഉണ്ടായിരുന്നു. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പറായ ബേബി ജോണും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ശ്രീ. മുസ്തഫാകമാൽ തൻെറ പാർട്ടി ചെയ്ത ഒരു തെററിനെ ന്യായീകരിക്കാൻ വേണ്ടി അസത്യമായി വല്ലതും പറയുന്നത് ശരിയല്ല. കേരളത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യാൻ വേണ്ടി കേരളത്തിലെ എം. പി. മാരെയെല്ലാം കാര്യമായി ക്ഷണിച്ചിരുന്നതാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മെമ്പർ അസഭ്യമെന്നാണോ പറഞ്ഞത്. ആ വാക്ക് കേട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: അസത്യമെന്നാണ് പറഞ്ഞത്. അല്ലെങ്കിൽ സത്യവിരുദ്ധമെന്നു പറയാം. സർ, നമ്മുടെ നാട്ടിലെ പ്രധാനപ്രശ്നങ്ങളിൽ നാമെല്ലാം യോജിക്കണം. യോജിച്ച് മുന്നോട്ടു പോകണം. ഇന്നലെ ഈ സഭയിൽ നടന്ന ചർച്ചകൾ എന്താണ്? പോലീസു ലാത്തിച്ചാർജു ചെയ്യുന്നു, പോലീസു വെടിവയ്ക്കുന്നു, പോലീസു ആളുകളെ കൊല്ലുന്നു, ഇതു മാത്രമാണ്. സർ, പോലീസുകാരെപ്പററി they are not sinners, they are only after sinners അവർ പാപം ചെയ്യുന്നവരല്ല, പാപംചെയ്യുന്നവരെ തിരഞ്ഞു പിടിക്കുന്നവരാണ്'' എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഈ സഭയിൽ വെച്ചു പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. ആ നിലയ്ക്ക്, നിയമം ലംഘിക്കുന്നവർക്കെതിരായി പോലീസു നടപടിയെടുക്കുമ്പോൾ അതിനെ ആക്ഷേപിക്കുന്നത് ശരിയല്ല. പോലീസു അക്രമം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷണം നടത്തണം. ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് മിനിഞ്ഞാന്ന് ഇവിടെ വച്ച് ചെയ്ത പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം പറയുകയാണ് അക്രമമാർഗ്ഗങ്ങൾ ഉപയോഗിക്കണമെന്ന്. ഞാൻ പറഞ്ഞ സാഹചര്യം എന്താണെന്നു നോക്കണം. അദ്ദേഹം ആ സാഹചര്യം എന്താണെന്നു വിശദീകരിച്ചപ്പോൾ എൻെറ ശ്രദ്ധ പോയത് ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാടു കഴിഞ്ഞ ജനുവരി 27-ാം തീയതി ആലപ്പുഴയിൽ വച്ചു ചെയ്ത ഒരു പ്രസംഗത്തെ സംബന്ധിച്ചാണ്. സർ, മാതൃഭൂമിയിൽ അതു വന്നിരുന്നു. ജനുവരി 27-ാം തീയതി അദ്ദേഹം പ്രസംഗിച്ചത് ജനുവരി 28-ാം തീയതി മാതൃഭൂമി, മനോരമ, കേരളകൗമുദി തുടങ്ങിയ പത്രങ്ങളിൽ വന്നു. അതിനു അദ്ദേഹത്തിൻെറ വ്യാഖ്യാനം വളരെ വൈകിയിട്ടാണു വന്നത്.

ശ്രീ. എസ്. ദാമോദരൻ: ജനുവരി 27-ാം തീയതി ശ്രീ. ഇ. എം. എസ്. ആലപ്പുഴയിൽ പ്രസംഗിച്ചിട്ടില്ലെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: മാതൃഭൂമിയിൽ വന്ന റിപ്പോർട്ടാണ്. 'ആലപ്പുഴ ജനുവരി 27, ഞങ്ങൾ ആയുധങ്ങൾ ശേഖരിക്കും, സൗകര്യം നോക്കി അവ പ്രയോഗിക്കുകയും ചെയ്യും'. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇന്നലെ രാത്രി ഇവിടെ ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചു. കട്ടമംഗലത്തു വെടിവയ്പ്പുണ്ടായ സ്ഥലം സന്ദർശിച്ച ശേഷമാണ് കിടങ്ങാമ്പറമ്പു മൈതാനത്തു മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച യോഗത്തിൽ ശ്രീ. നമ്പൂതിരിപ്പാട് പ്രസംഗിക്കാൻ എത്തിയത്. കേരള ഗവൺമെൻറ് ചെകുത്താൻെറ ഗവൺമെൻറാണെന്നും , ഈ ഗവൺമെൻറിനെ താഴെയിറക്കുന്നതിന് എന്തു മാർഗ്ഗവും മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. മുദ്രാവാക്യങ്ങൾ ഇതാണ്: യോഗത്തിനുമുൻപ് നടത്തപ്പെട്ട പ്രകടനത്തിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങൾ തികച്ചും അക്രമാസക്തങ്ങളായിരുന്നു.

'അച്ചുതമേനോനെ കുത്തിമലർത്തും, സി. എച്ച്. കോയയെ മയ്യത്താക്കും; കെ. എം. ജോർജിനെ വെട്ടി വീഴ്ത്തും, അച്ചുതമേനോൻ ഇനി ചേലാട്ടേക്കില്ല; വെടിക്കു വെടി; അടിക്ക് അടി; കുത്തിനു കുത്ത്' ഇതു ജനുവരി 27—ാം തീയതി ആലപ്പുഴയിൽവച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖരായ നേതാക്കൻമാർ പങ്കെടുത്ത യോഗത്തിൽ വിളിച്ച മുദ്രാവാക്യങ്ങളാണ്.

ശ്രീ. എസ്. ദാമോദരൻ: ഇങ്ങനെ സഭയെ തെററിദ്ധരിപ്പിക്കുന്നത് ശരിയാണോ?

ശ്രീ. കെ. എം. മാണി: ഒരു പോയിൻറ് ഓഫ് ഓർഡർ. പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ഒരു മെംബർ യീൽഡ് ചെയ്യുന്നോ, ഇല്ലയോ എന്ന് അറിയാതെ എഴുന്നേററു നിന്നു ചോദ്യം ചോദിക്കുന്നതും ബഹളം വയ്ക്കുന്നതും ശരിയാണോ?

ചെയർമാൻ: ശരിയല്ല. എല്ലാ ഭാഗത്തുനിന്നും അങ്ങനെ ചെയ്യുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പോയിൻറ് ഓഫ് ഓർഡർ. ഇ. എം. എസിൻെറ പ്രസംഗമാണെന്ന് പറഞ്ഞിട്ട് മാതൃഭൂമി പത്രം വായിച്ച് ആ പത്രത്തിൽ യോഗത്തിൽ വിളിച്ച മുദ്രാവാക്യങ്ങൾ കൊടുത്തിട്ടുള്ളത് ഇ.എം. എസിൻെറ പ്രസംഗമാണെന്നു പറഞ്ഞ് ഈ നിയമസഭയെ തെററിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ അല്ലയോ എന്നുള്ളതിനു റൂളിംഗ് വേണം.

ചെയർമാൻ: അതിന് റൂളിംഗ് ആവശ്യമില്ല. ആ യോഗത്തിലെ മുദ്രാവാക്യങ്ങൾ ഉദ്ധരിച്ചതാണ്.

ശ്രീ. ഇ. അഹമ്മദ്: ആ പ്രസംഗത്തെ സംബന്ധിച്ച് മലയാള മനോരമയിലെ റിപ്പോർട്ട് വായിച്ചാൽ ഏതാണ്ട് രൂപം കിട്ടും. അതിൽ പറയുകയാണ് ''കഴിഞ്ഞ ദിവസം കിടങ്ങാമ്പറമ്പു മൈതാനിയിൽ ചേർന്ന മാർക്സിസ്റ്റ് പാർട്ടി സമ്മേളനത്തിലാണ് ഇ.എം.എസ്. ഈ ആഹ്വാനം നടത്തിയത്. ഈ സർക്കാരിനെ താഴത്തേക്കിറക്കുവാൻ നിയമസഭയ്ക്കകത്തും ഞങ്ങൾ വേണ്ടതെല്ലാം ചെയ്യും. പുറത്ത് ജനങ്ങൾ അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിക്കണം. വേണ്ടിവന്നാൽ ആയുധം ശേഖരിച്ചും അതുപയോഗിച്ചും വഞ്ചകമുന്നണി ഭരണത്തെ തകർക്കാൻ മടിക്കേണ്ടതില്ലെന്ന് അദ്ദേഹം ഉപദേശിച്ചു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് പോലീസ് ഒരുവനെ അറസ്ററ് ചെയ്തതിനുശേഷം വാഹനങ്ങളിലോ ലോക്കപ്പിലോ വച്ച് മർദ്ദിച്ചതായി അറിഞ്ഞാൽ ആ പോലീസുകാരെ ഉടുപ്പൂരി ലോക്കപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

കയററി തല്ലുവാനാണ് ശ്രദ്ധിച്ചിരുന്നതെങ്കിൽ, സി. എച്ച്. മുഹമ്മദുകോയ ഇന്നു പോലീസിനെ ലോക്കപ്പു മർദ്ദനം നടത്താൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ആ നിലയിൽ നാം ഇന്നത്തെ ലോക്കപ്പ് മർദ്ദനങ്ങൾക്ക് തല്ലേണ്ടത് സി. എച്ച്. മുഹമ്മദ്കോയയെയാണ്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ചെയ്ത പ്രസംഗമാണ് ഞാൻ പറയുന്നത്. അദ്ദേഹം ഇത് പ്രസംഗിച്ചത് ജനുവരി 27-ാം തീയതിയാണ്.

ശ്രീ. ഇ. എം. ജോർജ്ജ്: സർ, പോയിൻറു ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ഇ. അഹമ്മദ് ഇപ്പോൾ പറയുന്നത് ഇ. എം. എസിൻെറ പ്രസംഗമാണ്. മനോരമയിൽനിന്നാണ് അദ്ദേഹം വായിക്കുന്നത്. അത് ഇ. എം. എസിൻെറ പ്രസംഗമാണെന്നു പറഞ്ഞു വായിക്കാൻ സാധ്യമല്ല.

ശ്രീ. ഇ. അഹമ്മദ്: ഈ പ്രസംഗം ബഹുമാനപ്പെട്ട ഇ. എം. എസ്. നിഷേധിച്ചിട്ടില്ല സർ. അതുകൊണ്ടാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അത് ഇ. എം. എസ്. നിഷേധിച്ചിട്ടുള്ളതാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ഇ. എം. എസ്. ചെയ്ത പ്രസംഗത്തിൽതന്നെ ഈ നാട്ടിൽ നിയമലംഘനത്തിന് ആഹ്വാനം നൽകിയെന്നുള്ളതു ചൂണ്ടിക്കാണിക്കുകയാണ്. നിയമലംഘനത്തിന് ആഹ്വാനം നൽകിയതിനെസംബന്ധിച്ച് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട ഇവിടെവച്ചു പറയുകയാണ് 1942-ൽ അദ്ദേഹം മഹാത്മാഗാന്ധിയിൽനിന്നു പഠിച്ചിട്ടുള്ളതാണെന്ന്. മഹാത്മാഗാന്ധിയിൽനിന്നും പഠിച്ചിട്ട് അദ്ദേഹം ആഹ്വാനംകൊടുത്തത് നിരാഹാരവ്രതം നടത്തുന്നതിനായിരുന്നു. പക്ഷേ, സർ, വളരെവിനയത്തോടുകൂടി ഞാൻ പറയുകയാണ്. ഒരിക്കലും തന്നെ ഗാന്ധിജി നിരാഹാരവ്രതത്തിൻെറ റിലേ റേസ് നടത്തിയിട്ടില്ലെന്ന്. ഈ റിലേ റേസ് ആരിൽനിന്നു പഠിച്ചതാണ്?

അതുകൊണ്ട് ഏതാണ്ട് ചുരുക്കത്തിൽ പറഞ്ഞാൽ മഹാത്മാഗാന്ധിയിൽനിന്നു പഠിച്ചുവെന്ന് ജനങ്ങളോട് പറയും. മഹാത്മാഗാന്ധിയെ അവഹേളിക്കുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട ഇ. എം. എസിൻെറ പാർട്ടിയിൽപ്പെട്ട ചില ആളുകൾ ഇവിടത്തെകാര്യങ്ങൾ പഠിക്കാൻ ബംഗാളിലേയ്ക്ക് വരുന്നുവെന്നു കേട്ടു. ബംഗാളിലെ സഖാക്കൾ ഇവിടെ എത്തിരിക്കുകയാണ്; അന്വേഷണം നടത്താൻ . എന്നാൽ ബംഗാളിലെ സ്ഥിതി എന്താണ് എന്നറിയാമോ? ബംഗാളിലെ മുഖ്യമന്ത്രിതന്നെ പറയുകയാണ്, തൻെറ ഗവൺമെൻറ് അധികാരത്തിൽവന്നതിനുശേഷം അവിടെ 818 കൊലപാതകങ്ങൾ നടന്നുവെന്ന്. 618 കൊലപാതകങ്ങളിൽ 68-ം രാഷ്ട്രീയ കൊലപാതകങ്ങളായിരുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: ബംഗാളിലെ സ്ഥിതിയെപ്പററിയാണ് ബഹുമാനപ്പെട്ട മെമ്പർ ചർച്ചചെയ്യുന്നത്. നമ്മുടെ നിയമസഭയിൽ ചർച്ച ചെയ്യാൻ അധികാരമില്ലാത്ത കാര്യങ്ങളാണ് ഇത്. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നതു ശരിയാണോ?

പാനൽ ആഫ് ചെയർമാൻ: ഇവിടെ പറയാൻ പാടില്ലാത്ത കാര്യങ്ങളൊന്നും പറഞ്ഞില്ല.

ശ്രീ. ഇ. അഹമ്മദ്: ബംഗാളിനെസംബന്ധിച്ചുപറയുമ്പോൾ ബഹുമാനപ്പെട്ട കൃഷ്ണനു വിഷമമുണ്ടാകുമെന്ന് എനിക്കറിയാം. അവിടെ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യത് 42 വെടിവയ്പ്പുകളാണ്. ഈ 42 വെടിവയ്പിൽ എത്ര പേർ മരിച്ചുവെന്ന് ശ്രീമാൻ ഇ. എം. എസ്. തന്നെ പറയണം. സർ, അതിന് ആരാണ് ഉത്തരവാദികളാകേണ്ടത്? നിലമ്പൂരിൽവച്ച് ഔസേപ്പുമരിച്ചപ്പോൾ അതിന്റെ ഉത്തരവാദിത്വം ആഭ്യന്തരമവകുപ്പുമന്ത്രി ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയ്ക്കാണെങ്കിൽ ഈ 98 രാഷ്ട്രീയ കൊലപാതകങ്ങളിലും 42 വെടിവയ്പ്പുകളിൽ മരിച്ചവരുടെമുഴുവൻ ഉത്തരവാദിത്വം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവും ബംഗാളിലെ ഡെപ്യൂട്ടി മുഖ്യമന്ത്രിയുമായ ജോതിബാസുവിനു തന്നെയാണെന്ന് നിങ്ങൾ സമ്മതിക്കുമോയെന്ന് ഞാൻ ചോദിക്കുകയാണ്. സർ, എന്താണ് ഈ കഴിഞ്ഞദിവസം ബംഗാളിൽ ഉണ്ടായത്? തൊഴിൽ സമരത്തിന്റെ കാര്യത്തിൽ ബംഗാളിലെ സ്ഥിതിയെന്താണ്? സർ, കേരളകൗമുദിയിൽ വന്ന റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. ഈ കഴിഞ്ഞ 12-ാം തീയതി അസൻസോളിലെ കൽക്കരിഖനികളിൽ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളുടെ നേരെ വെടിവയ്ക്കുകയും നാലുപേർ മരിക്കുകയും ചെയ്തു. അതുപോലെതന്നെ മററുചില സംഭവങ്ങളും നടക്കുന്നുണ്ട്. കാളേജുവിദ്യാർത്ഥികൾതമ്മിൽ ആസിഡ് ബൾബുകൾ എറിഞ്ഞു. അവിടെ നിയമലംഘനമില്ലത്രെ. വന്നിരിക്കുകയാണ് കണ്ണൂർ ജില്ലയിലേക്ക്. ഞാൻ ചോദിക്കുകയാണു സർ. അക്രമത്തെപ്പററി അന്വേഷിക്കാൻ കേരളത്തിൽ വന്നിട്ടുള്ള ബംഗാൾ മാർക്സിസ്റ്റു സുഹൃത്തുക്കൾ മട്ടന്നൂരിനടുത്തെ ചാവശ്ശേരിയിലുണ്ടായ ബസ്സു തീവച്ച സംഭവത്തെപ്പററിയും അന്വേഷിക്കുമോ? തിരക്കാൻവേണ്ടി അവിടെനിന്നും ഇവിടെവന്നു. ഇവിടെയും രക്ഷയില്ലെന്നു പറഞ്ഞു മടങ്ങിപോകേണ്ടിവരും. എത്രയും നീചനീചമായ മർദ്ദനങ്ങൾ നടത്തിയ ചോരപുരണ്ട സ്വന്തം കൈകളെപ്പററി പറയുന്നതിനുപകരം മററുള്ളവരുടെ കൈ നോക്കുകയാണ്. വാസ്തവം പറഞ്ഞാൽ കേരളത്തിലെ ജനങ്ങളുടെ ബുദ്ധിശക്തിയെ അപഹസിക്കുന്നതിനു തുല്യമാണ്. ഇത് യഥാർത്ഥമായി കേരളത്തിലെ ജനങ്ങൾക്കറിയാം. ഈ നാട്ടിൽ ആടിനെ പട്ടിയാക്കുന്നരീതിയിൽ ദുഷ്പ്രചരണം നടത്താൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ബഹുമാനപ്പെട്ട പ്രതിപക്ഷം എപ്പോഴും ശ്രമിക്കുകയാണ്. പക്ഷെ ഒരുകാര്യം ഞാൻ പറയാം. കഴിഞ്ഞ 31 മാസക്കാലം ഇവിടെ ഭരണം നടത്തിയപ്പോൾ പോലീസിന്റെ പ്രവർത്തനത്തെപ്പററി ഈ അസംബ്ലിക്കകത്തും പുറത്തും എന്താണ് നടന്നത്? പാർട്ടിയെ ശക്തിപ്പെടുത്താൻവേണ്ടി പോലീസിനെ ഉപയോഗിക്കുന്നു എന്നാണ് ആരോപണമുണ്ടായത്. ഭരണത്തിലെ പ്രധാന പങ്കാളിയായ മാർക്സിസ്റ്റുപാർട്ടി, പാർട്ടിയെ ശക്തിപ്പെടുത്താൻ വേണ്ടിയാണ് പോലീസിനെ ഉപയോഗിച്ചത്. എന്നാൽ ഇന്നത്തെ പോലീസിനെപ്പററി പല ആരോപണങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടെങ്കിലും പാർട്ടിയെ ശക്തിപ്പെടുത്താനായി ആരെങ്കിലും പോലീസിനെ ഉപയോഗിച്ചതായി ആരും ആക്ഷേപിച്ചിട്ടില്ലെന്നുള്ളത് പോലീസിനു നൽകിയ ഒരു അഭിനന്ദനംകൂടിയാണെന്ന് ഞാൻ വിചാരിക്കുകയാണ്. അങ്ങനെ ഈ രാജ്യത്ത് നടക്കാത്തകാര്യങ്ങൾ നടന്നുവെന്ന് വരുത്തിത്തീർക്കാൻ പല പരിപാടികളും പ്രതിപക്ഷം ആസൂത്രണം ചെയ്യുന്നുണ്ട്. ആ നിലയ്ക്കാണ് മുസ്ലീംലീഗ് പാർട്ടിയിലെ അംഗങ്ങൾ ആയുധപരിശീലനം നടത്തുന്നുണ്ടെന്ന് സഖാവ് ആര്യൻ പറഞ്ഞത്. സർ, ഞാൻ അത് അർത്ഥശങ്കയ്ക്ക് ഇട നൽകാത്തവിധത്തിൽ നിഷേധിക്കുകയാണ്. ഒരിക്കലും തന്നെ അക്രമത്തിൽ വിശ്വസിക്കുന്ന പാർട്ടിയല്ല മുസ്ലീംലീഗ് പാർട്ടി. വിശ്വസിക്കുന്നില്ലെന്നു മാത്രമല്ല നിയമത്തിന്റെ വാഴ്ചനടത്തണമെന്ന നയം അംഗീകരിച്ചിട്ടുള്ള പാർട്ടിയുമാണ്. അങ്ങനെ എന്തെങ്കിലും ആക്ഷേപിച്ച് സ്വന്തം തടിതപ്പാനുള്ള ശ്രമം ഒരിക്കലും ശരിയല്ല.

ശ്രീ. ഇ. എം. ജോർജ്ജ്: ഒരു ചോദ്യം.........................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഞാൻ വഴങ്ങുന്നില്ല. ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ ഇന്നലെ കണ്ണൂരിനടുത്തുള്ള കമ്പ കേസ്സിനെപ്പററി പറഞ്ഞു. കോടതിയിലിരിക്കുന്ന കേസ്സിലേക്ക് കടക്കുന്നില്ല. അവിടെ മുസ്ലീം ലീഗിൻെറ ജോയിൻറു സെക്രട്ടറി ഒരു കുടിയാനെ മർദ്ദിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. അങ്ങനെ യാതൊന്നും ഉണ്ടായിട്ടില്ലെന്ന് വളരെ ഉറപ്പായി ഉത്തരവാദിത്വത്തോടുകൂടി പറയാൻ എനിക്കു സാധിക്കും. മാത്രമല്ല അവിടെയുള്ള മുസ്ലീംലീഗിൻെറ ജൻമി അയാളുടെ പുരയിടത്തിൽനിന്നും കുടിയാനെ കുടിയിറക്കിയെന്നും പറയുകയുണ്ടായി. കേരളത്തിലെ ഏററവും വലിയ ജൻമിയാണദ്ദേഹം. അദ്ദേഹത്തിനുള്ള ഭൂമിയുടെ പരിധി അറിയാമോ? ഒരേക്കർ ഭൂമിയുള്ള കേരളത്തിലെ ഏററവും വലിയജൻമി! മുസ്ലീം ലീഗുകാരെ ഇങ്ങനെ എന്തും രാഷ്ട്രീയവിരോധംകൊണ്ടു പറയുന്ന ഏർപ്പാട് മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ ആളുകൾക്ക് യോജിച്ചതല്ല.

സർ, ബഡ്ജററിനെക്കുറിച്ച് സംസാരിക്കുമ്പോൾ എനിക്ക് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. എന്താണെന്നുവച്ചാൽ കണ്ണൂർ ജില്ലയിൽ എൻെറ മാന്യസ്നേഹിതൻ ശ്രീ. എ. വി. കുഞ്ഞാമ്പുവിൻെറ പാർട്ടിയിൽപ്പെട്ട അദ്ദേഹത്തിൻെറ സന്തതസഹചാരികളിൽ ഒരാളായ പ്രമുഖനായ ഒരു മാർക്സിസ്ററുമെമ്പർ, മഹമൂദ് എന്നൊരാളെ കൊലപ്പെടുത്തിയ കേസിൽ ഒന്നാം പ്രതിയാണ്.

ശ്രീ. എ. വി. കുഞ്ഞാമ്പു: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിലെ ഒരു പ്രമുഖനായ നേതാവ് കൊലക്കേസിലെ പ്രതിയാണെന്നു പറഞ്ഞുകൊണ്ട് ഇത്തരത്തിൽ കേസിൻെറ ചർജുഷീററ് ഫൈനലൈസുചെയ്യുന്നതിനുമുമ്പ്, പ്രതികൾ ആരാണെന്നു വ്യക്തമാകുന്നതിനുമുമ്പ് അസംബ്ലിയിൽ പരാമർശിക്കുന്നതു ശരിയാണോ, അത് പ്രതികൾ ആരൊക്കെയാണെന്നു തെളിയിക്കുന്നകാര്യത്തിൽ തടസ്സമായിനിൽക്കുകയില്ലേ?

ചെയർമാൻ (ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി): കേസ്സിലെ പ്രതിയാണെന്നു മാത്രമല്ലേ പറഞ്ഞുള്ളു.

ശ്രീ. ഇ. അഹമ്മദ്: അങ്ങനെയാണെങ്കിൽ ആ പ്രമുഖനായ രാഷ്ട്രീയ നേതാവിനെ വെളിച്ചത്തുകൊണ്ടുവരാൻ ശ്രീമാൻ എ. വി. കുഞ്ഞാമ്പു തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുന്നു. അയാൾക്കെതിരായി വാറണ്ടു കൊടുത്തിട്ടുണ്ട്, മാത്രമല്ല എഫ്. ഐ. ആർ. ഉണ്ട്.

(ചില അംഗങ്ങൾ എഴുന്നേററു നിന്ന് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

ശ്രീ. ഇ. എം. ജോർജ്ജ്: ഒരു മാർക്സിസ്ററുകാരൻ കൊലക്കേസിലെ ഒന്നാംപ്രതിയാണെന്നു പറഞ്ഞു. ഇപ്പോൾ എഫ്. ഐ. ആർ. -ൽ പറഞ്ഞിട്ടുണ്ടെന്നു പറയുന്നു. ഇത് പിന്നീട് ഇല്ലാതാകും. ശ്രീമാൻ കരുണാകരൻ വരെ ഒരു കൊലക്കേസുസംബന്ധിച്ച എഫ്. ഐ. ആർ. ൽ പ്രതിയായിയിട്ടുള്ള ആളാണ്. പക്ഷെ കേസു ചാർജുചെയ്തപ്പോൾ ഒഴിവായികിട്ടി. ആ അവകാശമാണ് നിഷേധിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ്: ഇന്ന് ആ മനുഷ്യൻ പ്രതിയാണ്. അത് അവിടെ ഇരിക്കട്ടെ. ഈ രാജ്യത്തെ ക്രമസമാധാന നിലയെസംബന്ധിച്ച്....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഈ സംശയം ഒന്നു തീർക്കട്ടെ. ഞാൻ എഫ്. ഐ. ആർ. ലും പ്രതിയായിരുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: ഈ രാജ്യത്തെ ക്രമസമാധാന നിലയെസംബന്ധിച്ച് ആരെല്ലാം എന്തെല്ലാം പറഞ്ഞു പരത്തിയാലും ശരി അതെല്ലാം ഇവിടത്തെ ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സാമ്പത്തികമായി വളരെയധികം പ്രതികൂലമായ ഒരു ചുററുപാടിൽപ്പോലും സോഷ്യലിസത്തിന്റെ രജതരേഖയെന്നുള്ള നിലയിൽ നല്ല ഒരു ബഡ്ജററുമായി മുന്നോട്ടുവന്ന, ഇതിനെക്കാൾ നല്ല ഒരു ബഡ്ജററ് ആർക്കുംതന്നെ അവതരിപ്പിക്കാൻ സാധ്യമല്ലെന്നുള്ള വെല്ലുവിളിയോടെ മുന്നോട്ടുവന്ന, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടും അദ്ദേഹം ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ ശക്തിയുക്തം അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. വി.കുട്ടികൃഷ്ണൻ നായർ: സർ, ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുകയാണ്. ജനാധിപത്യസോഷ്യലിസത്തിന്റെ മിന്നിത്തിളങ്ങുന്ന രജതരേഖയെ മുന്നിൽകണ്ടുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുകയാണ്. സർ, കേരളത്തിന്റെ പരിമിതമായ കഴിവുവെച്ചുകൊണ്ട് പരമാവധി നീതിചെയ്യാൻ ഈ ബഡ്ജററിലൂടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടെന്ന് ബലമായ അഭിപ്രായം എനിക്കുണ്ട്. ബഡ്ജററിലെ പോളിസി എന്തെല്ലാമായിരുന്നാലും ഗവൺമെൻറ് എന്തെല്ലാം കാര്യങ്ങൾ തീരുമാനിച്ചു കഴിഞ്ഞാലും ആയത് ആ ഉദ്ദേശലക്ഷ്യത്തിന് അനുസൃതമായി നടപ്പിൽവരുത്താൻ സാധിച്ചില്ലെങ്കിൽ ബഡ്ജററ് എത്രതന്നെ നന്നായിരുന്നാലും അത് അനുഭവിക്കേണ്ട ആളുകൾക്ക് അനുഭവിക്കേണ്ട സന്ദർഭമില്ലാതെ നഷ്ടപ്പെട്ടുപോകുന്ന ഒരു സാഹചര്യമുണ്ടാകും. അത് നമ്മുടെ രാജ്യത്തുണ്ട്. ഇതിനുമുൻപ് അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിലും വളരെപ്രധാനപ്പെട്ട പല നല്ലകാര്യങ്ങളും ഉൾക്കൊള്ളിച്ചിരുന്നെങ്കിലും ചിലതെല്ലാം നടപ്പിലാക്കാൻ സാധിക്കാതെ പോയെന്ന വസ്തുത ഓർത്തുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കുന്നത്. പാവപ്പെട്ട ആളുകൾക്കും അശരണരും അഗതികളുമായ ആളുകൾക്കും അനവധി കാര്യങ്ങൾക്കുവേണ്ടി പല നല്ല പദ്ധതികളും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ് അഗതികൾക്കു കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷന്റെ തോത് അഞ്ചുരൂപാ മുതൽ പതിനഞ്ചു രൂപാവരെയുണ്ടായിരുന്നത് 20 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. ഇന്നത്തെ ഈ കാലഘട്ടത്തിൽ അഞ്ചുരൂപയോ പത്തുരൂപയോ ഒരാൾക്കുകൊടുത്തതുകൊണ്ട് ആ സംഖ്യ കൊണ്ട് അവരുടെ ജീവസന്ധാരണത്തിന് ഒന്നുംതന്നെ സാധ്യമല്ലെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ആ സംഖ്യ പരമാവധി വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളത് എടുത്തുപറയത്തക്കതായി ഞാൻ കാണുകയാണ്. അതുപോലെതന്നെ സർവ്വീസ് പെൻഷൻ. തങ്ങളുടെ ആയുസ്സിന്റെ ഭീമഭാഗവും ഗവൺമെൻറിലൂടെ സേവനത്തിന് ഉഴിഞ്ഞുവെയ്ക്കുകയും സർവ്വീസിൽ നിന്നും പിരിഞ്ഞുപോയതിനുശേഷം കഷ്ടപ്പെട്ട് ജീവിതത്തിന്റെ ബാക്കി ഭാഗം തള്ളിനീക്കേണ്ടിവരുകയും ചെയ്യുന്ന പാവപ്പെട്ട പെൻഷൻ പററിയ ആളുകൾക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻതോതും ഇന്ന് രാജ്യത്തെ ജീവിത നിലവാരസൂചികയും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സംഖ്യകൊണ്ട് ജീവസന്ധാരണത്തിന് തികയുകയില്ലെന്ന്, അത് പര്യാപ്തമല്ലെന്നു ബോധ്യപ്പെട്ടതുകൊണ്ടാണ് അതും പരമാവധി വർദ്ധിപ്പിക്കാൻ ശ്രമിച്ചത്. അതുപോലെതന്നെ അധ്യാപകൻമാരുടെ കാര്യവും. എയിഡഡ് സ്കൂൾ അധ്യാപകൻമാർ പ്രത്യേകിച്ചും ആയിരക്കണക്കിനുവരുന്ന അധ്യാപകൻമാരുടെ കാര്യത്തിൽ അവരുടെ പെൻഷൻ കാര്യത്തിൽ നീതികാണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ ഗവൺമെൻറ് ആദ്യമായി ചെയ്തതാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. 1-6-69-നുമുമ്പ് യാതൊരു ആനുകൂല്യവും കിട്ടാതെ പിരിഞ്ഞുപോയ ആളുകൾക്ക് ആനുകൂല്യം ചെയ്തുകൊടുക്കാൻ ഒരു തുക ഈ ബഡ്ജററിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചുവെന്നുള്ളത് അഭിനന്ദനാർഹമാണെന്ന് ഞാൻ കണക്കാക്കുകയാണ്. മററു പല കാര്യങ്ങളിലും പുതിയ ഒരു സമീപനവും പുതിയ ഒരു കാൽവെയ്പും നിഷ്പക്ഷമായി ഈ ബഡ്ജററു പരിശോധിക്കുന്നവർക്ക് കാണാൻ സാധിക്കുന്ന ഒരു കാര്യമാണ്.

തൊഴിലില്ലായ്മയെസംബന്ധിച്ച് പല ആളുകളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിദ്യാഭ്യാസം സിദ്ധിച്ച ആളുകളും അക്ഷരജ്ഞാനമില്ലാത്ത ആളുകളും വളരെയേറെ കഷ്ടപ്പെടുന്ന ഈ രാജ്യത്ത് അത്തരം ആളുകൾക്ക് ഒററയടിക്ക് അല്ലെങ്കിൽ ഒരു ബഡ്ജററിൽക്കൂടി തൊഴിലുണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമാണെന്ന് ആരും സമ്മതിക്കുമെന്ന് തോന്നുന്നില്ല. മാത്രമല്ല കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണുന്നതിന് കേരളാഗവൺമെൻറുമാത്രം വിചാരിച്ചാൽ അതു പരിപൂർണ്ണമായി പരിഹരിക്കാൻസാധിക്കുമെന്നും പലരും വിശ്വസിക്കുമെന്നു തോന്നുന്നില്ല. കേന്ദ്രഗവൺമെൻറിൻെറ ഉത്തരവാദിത്വത്തിലും വളരെയധികം ധനം നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. എനിക്കു സമർപ്പിക്കാനുള്ളത് കേരളത്തിലെ പിന്നോക്കാവസ്ഥയും മൂലധനം സ്വരൂപിക്കാനുള്ള വശങ്ങളും കണക്കിലെടുത്തുനോക്കുമ്പോൾ വൻകിടവ്യവസായത്തിനു സാധ്യതക്കുറവുണ്ടായിട്ടുള്ള ഈ സംസ്ഥാനത്ത് ധാരാളം ചെറുകിടവ്യവസായങ്ങൾ, കുടിൽവ്യവസായങ്ങൾ എന്നിവ ധാരാളമായി നടപ്പിൽവരുത്തിക്കൊണ്ട് തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. അതിനും ചില സൂചന ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും ആ കാര്യങ്ങളെല്ലാം എത്രമാത്രം നടപ്പിൽ വരുത്താൻ സാധിക്കുമെന്നുള്ളത് ആ വ്യവസായങ്ങൾ വിഷമംകൂടാതെ വളർത്തിക്കൊണ്ടുപോകാനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കുന്നതിന് ഗവൺമെൻറിന് എന്തെല്ലാം ചെയ്യാൻകഴിയുമെന്നുള്ളതിനെ ആശ്രയിച്ചിട്ടാണ് ആ കാര്യങ്ങൾ നിൽക്കുന്നത്. പല പുതിയ വ്യവസായങ്ങളും ആരംഭിക്കാനുള്ള ഉദ്ദേശത്തെ സംബന്ധിച്ച് ബഡ്ജററിൽ പരാമർശിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ വളരെ ആശങ്കയോടുകൂടി കുറച്ചുകാലമായി എല്ലാഭാഗങ്ങളിൽനിന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതും നടപ്പിൽവരുത്താൻ സാധിക്കാത്തതുമായ ഒരുകാര്യമാണ് കോഴിക്കോട്ടെ ഇരുമ്പയിരു നിക്ഷേപം. പല പ്രാവശ്യം ആസൂത്രണം ചെയ്തെങ്കിലും ഇന്നുവരെയും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലാത്ത ആ പദ്ധതികൾ സമീപഭാവിയിൽ നടപ്പിലാക്കാൻ എല്ലാ തീരുമാനങ്ങളും എടുത്തുകഴിഞ്ഞിരിക്കുന്നുവെന്നു കാണുന്നതിൽ ഞാൻ അത്മാർത്ഥമായി സന്തോഷിക്കുകയാണ്. പക്ഷേ ഈ ഇരുമ്പയിര് നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിൽ പ്രത്യേകിച്ചും, കോഴിക്കോട് പ്രദേശത്ത് ഒരു ഉരുക്കുമിൽ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ഏററവുമധികം ശബ്ദമുയർത്തേണ്ട ഒരു സാഹചര്യമാണ് നമ്മുടെ മുമ്പിലുള്ളത്.

കേന്ദ്രഗവൺമെൻറ് ഈ കാര്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ഏതാനും മില്ലുകൾ തുടങ്ങാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിന് അതീതമായിനിന്നുകൊണ്ട് അതു നേടിയെടുക്കാനുള്ള പരിശ്രമത്തിനിറങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്. പല വ്യവസായങ്ങളുംആരംഭിക്കുന്നതിന് ഇവിടത്തെ രാഷ്ട്രീയമായ കാലാവസ്ഥ അനുകൂലമല്ലാത്തതുകൊണ്ട് അവയൊന്നും ആരംഭിക്കാൻ സാധിക്കുന്നില്ലെന്നുള്ള പരാതി തെററായോ ശരിയായോ ഇന്നു പൊന്തിവന്നിരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വ്യവസായവൽക്കരണത്തിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും രാഷ്ട്രീയമായ നല്ല ഒരു കാലാവസ്ഥ ഉണ്ടാക്കേണ്ടതാണ്. എല്ലാ കക്ഷികളും ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലാതെ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെരാജ്യത്ത് മററെല്ലാററിനെക്കാളും ഉപരിയായി കാണുന്നത് രാഷ്ട്രീയവടംവലികൊണ്ട് നല്ലനല്ല കാര്യങ്ങൾ മുടങ്ങിപ്പോകുന്നു എന്നുള്ളതാണ്. കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് വ്യവസായഎസ്റേററുകളും റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ടുകളും, ചെറുകിടവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനു പററിയ പദ്ധതികളും ഇവിടെ ആരംഭിച്ചിട്ടുണ്ടെങ്കിലും അവയ്ക്കു ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ ഇന്ന് ആശിച്ചത്ര മുന്നോട്ടുപോകുന്നില്ലെന്നുള്ളത് പരമാർത്ഥമാണ്. അതുപോലെതന്നെ റൂറൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ പററിയ പല പ്രദേശങ്ങളിലും അതു വ്യാപിപ്പിക്കണമെന്ന് സംസ്ഥാനഗവൺമെൻറും ഉപദേശകസമിതിയുമെല്ലാം ശുപാർശചെയ്തിട്ടും അത് ഇനിയും വ്യാപിപ്പിക്കാൻസാധിച്ചിട്ടില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. അത്തരം കാര്യങ്ങൾ ഗവൺമെൻറ് അടിയന്തിരമായി പരിഗണിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

കുടിൽവ്യവസായങ്ങളെസംബന്ധിച്ചുപറയുമ്പോൾ കൃഷിക്കാരന് ഏററവും പററിയ അനായാസേന ചെയ്യാൻ സാധിക്കുന്ന ഒരു വ്യവസായമാണ് ക്ഷീരവ്യവസായം. ക്ഷീരവ്യവസായത്തിന് ചില പദ്ധതികൾ നടപ്പിൽവരുത്താൻ വേണ്ടി ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ടോക്കണായി ഒരു സംഖ്യ നീക്കിവെച്ചതായും ബഡ്ജററിൽ കാണാൻ സാധിക്കുന്നുണ്ട്. ഈ പദ്ധതിയെപ്പററി ഏതാണ്ട് രണ്ടുവർഷംമുൻപ് ബന്ധപ്പെട്ട ആളുകളെയും ഉദ്യോഗസ്ഥൻമാരെയും വിളിച്ചുകൂട്ടി ചർച്ചനടത്തുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രായോഗികമായി അക്കാര്യത്തിൽ ഗവൺമെൻറ് ഇതുവരെ ഒരു അവസാനതീരുമാനം കൈക്കൊണ്ടിട്ടില്ല. അതുകൊണ്ട് ഇക്കാര്യം അടിയന്തിരമായി ആലോചിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ക്ഷീരവ്യവസായത്തിലേർപ്പെട്ടിട്ടുള്ള കോവാപ്പറേറീവ് സൊസൈററികളുടെ പ്രതിനിധികൾ ഇക്കാര്യം ചർച്ച ചെയ്ത് ഗവൺമെൻറിലേക്ക് ഏററവും നല്ല പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതികൾ ഗവൺമെൻറ് പരിശോധിക്കണമെന്നും അതു അടിയന്തിരമായി നടപ്പിൽ വരുത്താൻ ശ്രമിക്കണമെന്നും അങ്ങനെ ക്ഷീരവ്യവസായത്തിലേർപ്പെട്ടിട്ടുള്ള പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസം ലഭിക്കത്തക്ക രീതിയിൽ ആ പദ്ധതിക്കു അർഹിക്കുന്ന പ്രാധാന്യം നൽകണമെന്നും ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെടുകയാണ്. കേന്ദ്രഗവൺമെൻറും സംസ്ഥാനഗവൺമെൻറും വളരെയധികം വരുമാനമുണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് മോട്ടോർ ട്രാൻസ്പോർട്ടു വ്യവസായം. കേന്ദ്രഗവൺമെൻറിന്റെ വക പുതിയ നികുതികൾ വരുമ്പോൾ സംസ്ഥാനഗവൺമെൻറിന്റെ വക സ്പെയർപാർട്ട്സിനും അതുപോലെയുള്ള മററുസാധനങ്ങൾക്കും എല്ലാംതന്നെ നികുതി വരുകയാണ്. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾ ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ സാധനങ്ങൾക്കെല്ലാം വിലവർദ്ധിക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടു താങ്ങേണ്ടിവരുന്നത് ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളാണ്. ട്രാൻസ്പോർട്ടുടമകൾ അവരുടെ നഷ്ടം നികത്തുന്നതിനുവേണ്ടി ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടും. ഇന്നത്തെ നികുതികൾ നടപ്പിലാക്കുകയാണെങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. അങ്ങനെ ചാർജ്ജ് വർദ്ധിപ്പിക്കുകയാണെങ്കിൽ അതു കൊടുക്കാൻ ബാധ്യതപ്പെടുന്നത് ഈരാജ്യത്തെ സാധാരണക്കാരായ ആളുകളാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അത്തരം കാര്യങ്ങൾ ഒന്നുകൂടി അവധാനപൂർവ്വം ചിന്തിക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. മററുചില മെംബർമാരും ചൂണ്ടിക്കാണിച്ചതുപോലെ സോപ്പിന്റെയും ഐസിന്റെയും ആഭരണങ്ങളുടെയുംമേൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന നികുതികൾ ഉദ്ദേശിച്ചത്ര വിജയിക്കുകയില്ലെന്നും അതല്ല പുതുതായി നികുതി ചുമത്തുകയാണെങ്കിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിപോലും നഷ്ടപ്പെട്ടുപോകുമോ എന്നുള്ള ആശങ്കയുമുണ്ട്. അതുകൊണ്ട് ഇത്തരം നികുതികൾ ഈ ബഡ്ജററിൽനിന്നു നീക്കംചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ഗവൺമെൻറിന്റെ തുടർച്ചയാണ് ഈ ഗവൺമെൻറ് എന്ന് പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്ക് തീർച്ചയായും ഈ നികുതി എടുത്തുകളയേണ്ടതാണ്. ഇങ്ങനെയുള്ള നികുതികൾ ചുമത്താതെ ധനാഗമമാർഗ്ഗങ്ങൾക്ക് ചില പദ്ധതികൾ ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷേ അവയൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല. അതുപോലെതന്നെ മറെറാരുകാര്യമാണ് ഏലം വികസനത്തിന് ഗവമെൻറുടമയിലുള്ള കമ്പനികൾ. സ്വകാര്യഏജൻസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ വരുമാനം വർദ്ധിപ്പിക്കുന്ന പല പദ്ധതികളും കഴിഞ്ഞ ഗവൺമെൻറിന്റെ ബഡ്ജററിലുണ്ടായിരുന്നു. അതും ഇതിൽ കാണുന്നില്ല. ഏതായാലും കൂട്ടിച്ചേർക്കാവുന്നത് കൂട്ടിച്ചേർക്കുകയും സാധാരണക്കാർക്ക് വളരെ ദോഷം ചെയ്യുന്ന നികുതികൾ എടുത്തുകളയുകയും ചെയ്തുകൊണ്ട് ഈ ബഡ്ജററിന് അവസാനരൂപം കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ബഡ്ജററിനെ സർവ്വാത്മനാ പിന്താങ്ങിക്കൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. സാധാരണ നിലയിൽ പറയാറുള്ളത് ഭരണകക്ഷിയായാൽ അനുകൂലിക്കും പ്രതിപക്ഷമായാൽ എതിർക്കും എന്നാണ്. ആ സിദ്ധാന്തത്തിൽ നിന്നുകൊണ്ടല്ല ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നത്. ഈ ബഡ്ജററ് അവതരിപ്പിച്ചു സംസാരിച്ച ധനകാര്യമന്ത്രി നമ്മുടെ കേരളത്തിന്റെ ചിത്രം ഏതാണ്ട് ഒരു വിധത്തിൽ വരച്ചു കാട്ടിയിരിക്കുകയാണ്. അതിനുശേഷംഅതു പരിപൂർണ്ണമാക്കുന്നതിനുവേണ്ടി എടുക്കേണ്ട നടപടികളും ഇന്ന് ശ്രീ.കെ. ടി. ജേക്കബ് അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടുകൊണ്ടു പറഞ്ഞതുപോലെയുള്ള നടപടികൾ സൂചിപ്പിച്ചിട്ടുണ്ട്; എന്തുവേണമെന്നുള്ള തീരുമാനമില്ലാതെ. കേരളത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ മൂന്നു പഞ്ചവൽസര പദ്ധതികളിലും വാസ്തവത്തിൽ നമ്മൾ അവഗണിക്കപ്പെട്ടതാണ്. ഇന്നത്തെ നിലയിൽ നമുക്കുള്ള പ്രധാന വരുമാനം നമ്മുടെ ധനാഗമ മാർഗ്ഗങ്ങളും കേന്ദ്രത്തിൽ നിന്നു കിട്ടുന്ന വിഹിതവുമാണ്. കഴിഞ്ഞ കാലത്തു നമുക്കു കിട്ടിക്കൊണ്ടിരുന്നതിന്റെ ഏതാണ്ട് 21 കോടി രൂപ കുറച്ചുകൊണ്ടുള്ള അവാർഡാണു ധനകാര്യകമ്മീഷൻ ഇപ്പോൾ നമുക്കു തന്നത്. നമ്മുടെ ബഡ്ജററിൽ തന്നെ പറഞ്ഞിരിക്കുന്നത് നോൺപ്ലാൻ എക്സ്പെൻഡിച്ചറിൽ ഏതാണ്ട് 80 കോടിയിൽ കൂടുതൽ രൂപ വിടവുണ്ടാകുമെന്നാണ്. ഈ 80 കോടിയിൽ കൂടുതൽ രൂപ നമ്മുടെ സംസ്ഥാനത്തു വിടവുണ്ടാകുമ്പോൾ അതു നികത്തുന്നതിനുവേണ്ടി നാം ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി ശ്രീമാൻ രവീന്ദ്രൻ ഡൽഹിയിൽ പോകുകയും അവിടെ വച്ച് ഒരു ചർച്ചയ്ക്കായി മാർക്സിസ്ററ് എം.പി.മാരെ ക്ഷണിച്ചതായും ക്ഷണിച്ചിട്ട് ഞങ്ങൾ ചെന്നില്ല എന്നും പറയുന്നതു കേട്ടു. ഇതുകേട്ടാൽ തോന്നും അവർ വിളിക്കുമ്പോൾ ചെല്ലാനും പറയുമ്പോൾ ഇറങ്ങിപ്പോകാനുമുള്ളവരാണ് ഞങ്ങൾ എന്ന്. അല്ല. ഞങ്ങൾക്ക് ചില പ്രത്യേക തീരുമാനങ്ങളൊക്കെയുണ്ട്. അതിനെപ്പററി എന്തോ കുററാരോപണമെന്ന നിലയിൽ, അതും ശ്രീ. അഹമ്മദ് ഇവിടെ പറയുന്നതുകേട്ടു. ഐക്യമുന്നണിയുടെ പരിപാടിയിൽ സംസ്ഥാനത്തിനുള്ള അരിവിഹിതം കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly

തരാത്തതുകൊണ്ട് സംസ്ഥാനത്തിൽ നിന്നെടുക്കുന്ന ഉൽപ്പാദനംകൊണ്ട് സാദ്ധ്യമല്ലെന്നും അതുകൊണ്ടു നമുക്കു കിട്ടേണ്ടതായ അരി വിഹിതം കേന്ദ്ര ഗവൺമെൻറിൽ നിന്നു വാങ്ങുന്നതിനുവേണ്ടി കേരളത്തിലെ ജനങ്ങളെ അണി നിരത്തിക്കൊണ്ടു സമരം ചെയ്യാമെന്നും എഴുതിവച്ച പാർട്ടിയിലെ ഒരംഗം കേന്ദ്ര ത്തോടു സമരം ചെയ്യുകയില്ല എന്നു പറഞ്ഞു ഞങ്ങളെ കുററപ്പെടുത്താൻ വന്നിരി ക്കുകയാണ്. ഞങ്ങൾ കേന്ദ്രത്തിലേക്കു മെമ്മോറാണ്ഡവുമായി പോയില്ല എന്ന്. ആവക കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. നമ്മുടെ നോൺപ്ലാൻ എക്സ്പെൻഡിച്ചറിൽത്തന്നെ വലിയ വിടവാണ്. നാം ക്രോഡീകരിച്ചു കൊണ്ടുവന്നിരിക്കുന്ന പ്ലാൻതന്നെ നടത്താൻ ബുദ്ധി മുട്ടുള്ള സാഹചര്യത്തിൽ എത്തിയിരിക്കുകയാണ് നാം. ചിലതെല്ലാം പഴയ കാലത്തു പ്ലാനിംഗ് ബോർഡും അതിലെ അഡൈ്വസറൻമാരും മെമ്പറൻമാരു മായ ആളുകൾ അവരെയൊക്കെ അതിൽനിന്നൊക്കെ പിരിച്ചുവിട്ട് പകരം വിദഗ്ദ്ധൻമാരായ ആളുകളെകേററിയിരുത്തിയിരിക്കുകയാണ്. എങ്കിലും അവർ ''എക്കണോമിക്ക് റിവ്യൂ ഇൻ കേരള'' എന്നുള്ളതിൽ അവർ എഴുതിവച്ചത് തൂത്തുകളഞ്ഞില്ലല്ലോ. അവർ ദോശക്കാരായതുകൊണ്ടാണല്ലോ അവരെ പിരിച്ചുവിട്ടത്. അവരെക്കാൾ വിദഗ്ദ്ധൻമാരെയാണ് ഇപ്പോൾ കൊണ്ടുവന്നി രിക്കുന്നത്. എങ്കിലും കേരളത്തെ സംബന്ധിച്ച വ്യക്തമായ ചിത്രം, കേരളത്തിന്റെ സാമ്പത്തിക സ്ഥിതി, ധനാഗമമാർഗ്ഗങ്ങളിൽ നമുക്കു വന്നിരി ക്കുന്ന വിടവ്, നമ്മുടെ ജീവിതത്തിൽ നമുക്കുള്ള ബുദ്ധിമുട്ട്, കാർഷികോൽ ദനം, മററുള്ള കാര്യങ്ങൾ ഇവയെ സംബന്ധിച്ചെല്ലാം വിശദമായി വിദഗ്ദ്ധമാ യി അതിൽ പറഞ്ഞിട്ടുണ്ട്. ഇതാണു കേരളത്തെസംബന്ധിച്ചിടത്തോളം നമ്മുടെ മുമ്പിലുള്ള റിപ്പോർട്ട്. ഇങ്ങനെ വരുമ്പോൾ എങ്ങിനെയാണു വിടവു നികത്തുക? കേന്ദ്ര ഗവൺമെൻറിൽ നിന്നു നമുക്കു കിട്ടാനുള്ളതു കിട്ടണം. എന്താണ് ഈ ഗവൺമെൻറിന്റെ പരിപാടി. അരി കൊടുക്കേണ്ട എന്നു കേന്ദ്രം പറഞ്ഞാൽ രണ്ടുലക്ഷം ടൺ അരി ഉണ്ടായിരുന്നാലും അരി കൊടു ക്കുകയില്ല. കേന്ദ്രത്തിന്റെ സഹായമില്ലാതെ ഈ ഗവൺമെൻറിന് നില നിൽക്കാൻ കഴിയുകയില്ലെന്ന് ഞങ്ങൾക്കറിയാം. ഇന്ദിരാഗാന്ധിയുടെ അനു ഗ്രഹമാണല്ലോ ഈ ഗവൺമെൻറ്. അല്ലെങ്കിൽ ഈ ഗവൺമെൻറ് വരികയില്ലാ യിരുന്നു. ആ നിലയ്ക്കു മെമ്മോറാണ്ഡരൂപേണ കഴിഞ്ഞ 22 കൊല്ലക്കാലം കേന്ദ്രത്തിന്റെ പുറകേ നടന്ന് കാര്യങ്ങൾ സാധിക്കുന്നതിനു വേണ്ടിയുള്ള ആ നീക്കത്തിലാണ് ഈ ഗവൺമെൻറ് ഇനിയും ചെല്ലേണ്ടത്. കേരളത്തിന്റെ അവകാശം കരസ്ഥമാക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രക്ഷോഭണത്തിലേക്ക് നിങ്ങൾ നീങ്ങുമെന്ന് ഞങ്ങൾക്കുറപ്പില്ല.

ധനാഗമ മാർഗ്ഗങ്ങളിൽ ടാക്സേഷനെ സംബന്ധിച്ചു പറഞ്ഞു. ലക്ഷ്വറി ഗുഡ്സിനാണ് വന്നിട്ടുള്ളത്. അതിൽ സോപ്പിന്റെ നികുതിയെ ക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. സാധാരണ നടത്തിപ്പുകാർക്ക് കൂടുതൽ ആവേശം കാണുമല്ലോ. അത്രയും ആവേശത്തോടുകൂടി ആർ. എസ്. പി. ഇതിനെ എതിർത്തിട്ടുണ്ട്. അതുകൊണ്ട് ആ നികുതി നിങ്ങൾ പിൻവലിച്ചേക്കും. സോപ്പിന്റെ നികുതി പഴയ കാലത്തു പരി ചിന്തനം ചെയ്തശേഷം തള്ളിക്കളഞ്ഞതാണ്. അതുപോലെതന്നെ മോട്ടോർ സ്പെയർ പാർട്ടുകളുടേയും മററും കാര്യവും നാം നോക്കണം. മോട്ടോർ സ്പെയർ പാർട്ടുകളുടെ കാര്യം പറയുമ്പോൾ നിങ്ങൾ വിചാരിക്കുന്നത് കാർ മാത്രമാണ്. ടയർ ഉണ്ട്, ചെയിസിസ് ഉണ്ട്. ബസുകളിൽ വളരെയധികം യാത്രക്കാർ പോകുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെ ബഡ്ജററ് വന്നു കഴിഞ്ഞിരിക്കുന്നു. പെട്രോളിനു വില കൂട്ടിയിരിക്കുന്നു. സ്പെയർ പാർട്ടു കൾക്കും മററും വില കൂട്ടിയാൽ അതു നമ്മുടെ പാസഞ്ചേഴ്സിനെ എങ്ങനെ അഫക്ട് ചെയ്യുമെന്നുള്ള കാര്യം കൂടി നിങ്ങൾ ചിന്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾത്തന്നെ ബഹുമാനപ്പെട്ട കെ. എം. ജോർജ് എങ്ങനെയൊക്കെ പറഞ്ഞാലും മൂന്നു പൈസ നിയമപ്രകാരം കൂടുമെന്ന് അന്നു ഞങ്ങൾ പറഞ്ഞിട്ട് അത് അന്നു കേൾക്കാതെ മോട്ടോർ വെഹിക്കിൾസ് പാസഞ്ചേഴ്സ് അൻഡ് ഗുഡ്സിന്റെ—അതു വന്നിട്ടു കേൾക്കാതെ ചെയ്തതു നമ്മുടെ നാട്ടിൽ സമരവും ലഹളയും ഉണ്ടാകാനും ചില ഉറപ്പുകൾ കൊടുക്കാനും കാരണമായി. യാത്രക്കാരെ ഇത് എങ്ങനെ ബാധിക്കുമെന്നു പരിചിന്തനം ചെയ്യണം.

നമ്മുടെ ലക്ഷ്വറി ഗുഡ്സിൻമേൽ കൂടുതൽ നികുതി വരുകയാണ്. അങ്ങനെ നികുതി കൂട്ടണമെങ്കിൽ സെയിൽടാക്സിനെ സംബന്ധിച്ച നിയമങ്ങൾ വളരെ കരുതലോടുകൂടി കൈകാര്യം ചെയ്യേണ്ടതാണ്. നമ്മുടെ സാധനങ്ങളുടെ ഇവിടെയുള്ള വിൽപ്പന ഏതുവിധത്തിലായിരുന്നാലും മദ്രാസ്, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഏതൊക്കെ വിധത്തിലാണെന്നു പരിശോധിക്കണം. പൊതുവായി ചൂണ്ട ഇട്ടോണ്ടിരിക്കുക, പിടിച്ചതുമില്ല, കിടന്നതുമില്ലാത്ത വിധത്തിൽ വരരുത്. സൂക്ഷിച്ചുപ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ധനികവിഭാഗത്തിനെയായിരിക്കണം ടാക്സേഷൻ നിയമം ബാധിക്കേണ്ടത്. അത് അനുഭവവുംകൂടി വച്ചുകൊണ്ട് നോക്കണമെന്നർത്ഥം. ഇതു പറയുന്നതിനുമുമ്പുതന്നെ നമ്മുടെ വരുമാനത്തെ സംബന്ധിച്ചു പറഞ്ഞു. ടാക്സേഷൻ എൻക്വയറി കമ്മിററിയുടെ റിപ്പോർട്ടിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് നമ്മുടെ ടാക്സ് മററു സംസ്ഥാനങ്ങളിൽ ഉള്ള ജനങ്ങളെക്കാൾ കൂടുതൽ ആണെന്നാണ്. നോൺ ടാക്സ് റവന്യൂ എങ്ങനെ ഉണ്ടാക്കാമെന്നു നോക്കേണ്ടിയിരിക്കുന്നു. അതു പറയുമ്പോൾ ശ്രീ. കുട്ടികൃഷ്ണൻനായർ ചില കാര്യങ്ങൾ ഈ നിയമസഭയുടെ മുമ്പിൽ പറഞ്ഞു. വേറെ ഒന്നുരണ്ടു കാര്യങ്ങൾ വിട്ടതുകൂടി ഞാൻ പറയുകയാണ്. ഞാൻ അറിഞ്ഞതു ചില പാർട്ടിപ്രവർത്തകർക്കുള്ള സമ്മാനമായി വിട്ടുവെന്നാണ്. കഴിഞ്ഞ കൊല്ലം സ്റേററു സെക്ടറിൽ ഒരു ഡിസ്ററിലറി സ്ഥാപിക്കുന്നതിനു ഒരു സ്കീം ഉണ്ടായിരുന്നു. അതിന് ബഡ്ജററിൽ പ്രൊവിഷനും ഉണ്ടായി. ക്യാബിനററ് സാംഗ്ഷനും കൊടുത്തു. കമ്പനി രജിസ്ററർ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിരുന്നു. അതു കഴിഞ്ഞു കമ്പനിയുടെ ഫൈനാൻഷ്യൽ അംഗീകാരം ക്യാബിനററിൽ സമർപ്പിക്കുന്ന കാലത്താണ് ഞങ്ങൾ ഇറങ്ങിപ്പോയത്. സർ, ആ ഡിസ്ററിലറി സ്ഥാപിക്കുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ച ചില വസ്തുതകൾ ഉണ്ട്. 1968-69-ൽ നമ്മുടെ സംസ്ഥാനത്ത് ചാരായത്തിന്റെ ദൗർലഭ്യം നമ്മൾ വിചാരിക്കാത്തവിധം എല്ലാസ്ഥലത്തും ഉണ്ടായി. സ്റേററുഗവൺമെൻറ് ചാരായ വിൽപ്പന നടത്തുന്ന ഷാപ്പു കൺട്രാക്ടർമാർക്ക് ക്വോട്ടാഅനുസരിച്ച് ചാരായം കൊടുത്തുകൊള്ളാമെന്ന ഒരു എഗ്രിമെൻറ് ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കേണ്ട ക്വോട്ടാ കൊടുക്കുവാൻ കഴിയാതെ വന്നു. സംസ്ഥാനഗവൺമെൻറിന് നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിച്ച മൊളാസസ് കിട്ടുവാനുള്ള പ്രയാസമായിരുന്നു ഇതിനു കാരണം. കേന്ദ്രഗവൺമെൻറിന്റെ മേൽ വളരെയേറെ സമ്മർദ്ദം നടത്തിയിട്ടും അയൽ സംസ്ഥാനങ്ങളായ മദ്രാസിന്റെയും മൈസൂറിന്റെയും ഗവൺമെൻറുകളെ കാണുകയും മെമ്മോറാണ്ഡം നൽകുകയും എഴുത്തുകുത്തു നടത്തുകയും ചെയ്തിട്ടും ആവശ്യമുള്ള മൊളാസസസ് കിട്ടുവാൻ പ്രയാസമായി. അങ്ങനെയൊരു സ്ഥിതി ഉണ്ടായപ്പോൾ കിസ്തിൽ ഇളവ് അനുവദിച്ചുകിട്ടുന്നതിനായി കൺട്രാക്ടർമാർ കോടതികളിൽ കേസ് ഫയൽ ചെയ്തു. നമ്മുടെ നാട്ടിൽ ചാരായം ഉൽപാദിപ്പിക്കുന്നതിനുള്ള ഡിസ്ററിലറി പ്രൈവററ് സെക്ടറിലാണ് ഉള്ളത്. മററ് ആൾക്കഹോളിക് പ്രൊഡക്ററ്സ് എല്ലാം ഒളിവിൽ പോയി. മൊളാസസിന് വില കൂടി. ചാരായം കിട്ടുന്നതിനു വളരെ ബുദ്ധിമുട്ടുണ്ടായി. ഗവൺമെൻറിൽ ഒരുഭാഗത്ത് അബ്കാരി വരുമാനം നഷ്ടപ്പെടുകയും വേറെ ഒരു ഭാഗത്ത് ഗവൺമെൻറിനു ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഡിസ്ററിലറി സ്കീം ഉണ്ടാക്കിയത്. 15 ലക്ഷം രൂപാ മുടക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ആണ്ടിലും 50 ലക്ഷം രൂപ ഗവൺമെൻറിലേയ്ക്ക് വരുമാനമുണ്ടാക്കാവുന്ന സ്കീമാണ്. അതുകൊണ്ടാണ് കഴിഞ്ഞ ബഡ്ജററിൽ ചേർത്തിരുന്നത്. അത് ഇന്ന് മാററിയിരിക്കുന്നു. അത് മാററിക്കഴിഞ്ഞിട്ട് ചിററൂർ കോഓപ്പറേററീവ് ഷുഗേഴ്സിന് കൊടുത്തിരിക്കുന്നു. ശ്രീ. ഇ. പി. ഗോപാലൻെറ പ്രേരണയിൽ പാർട്ടിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ശ്രീ. എൻ. സി. മേനോന് അതിൻെറ ലൈസൻസ് കൊടുത്തിരിക്കുന്നത്. ഇതിൽ അഴിമതിയുണ്ടെന്ന് ആരോപിക്കുകയാണ്, അതൊന്ന്.

നമ്മുടെ മരുന്നിൻെറ കാര്യത്തെപ്പററി പറഞ്ഞു. ഫാർമസ്യൂട്ടിക്കൽസിൽ കഴിഞ്ഞ കൊല്ലം ഒരു സ്കീം ഉണ്ടായിരുന്നു. ബഡ്ജററിൽ എവിടെ? ആ സ്കീം ഇന്നുണ്ടോ? മരുന്നിൻെറ വില എന്തുണ്ട് നമ്മുടെ നാട്ടിൽ? കേന്ദ്ര ഗവൺമെൻറുതന്നെ മരുന്നുൽപ്പാദിപ്പിക്കുന്നകമ്പനികളെ വിളിച്ച് ഇത്ര ശതമാനം വില കുറയ്ക്കണമെന്നു പറഞ്ഞു. പക്ഷെ ആ ഫാർമസ്യൂട്ടിക്കൽ കമ്പനി ഇവിടെ ഉണ്ടായിരുന്നത് എവിടെ? ഇല്ല. ഇത് ആർക്കുവേണ്ടിയാണെന്നു പറയുവാൻ കഴിയാത്തതുകൊണ്ട് ആർക്കുവേണ്ടിയാണെന്ന് പറയുന്നില്ല. സംസ്ഥാനത്തിനു കിട്ടേണ്ട നോൺ ടാക്സ് റവന്യൂ, ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ വർദ്ധിപ്പിക്കാനുള്ള ഒരു സ്കീമായിരുന്നു ഇതെല്ലാം. നമ്മൾ എല്ലാവരും കൂടി മെമ്മോറാണ്ടവുമായി ചെല്ലണം, രവീന്ദ്രൻ വിളിച്ചിടത്തു ചെല്ലാത്ത മാർക്സിസ്ററുകാർ ദ്രോഹികളാണ് എന്നു പറയുന്ന ഈ ഭരണകക്ഷിക്കാർ നിങ്ങൾ ഒന്നുനോക്കൂ ആർക്കുവേണ്ടിയാണ് ഈ ചെയ്യുന്നതെന്ന്. ഈ വിധത്തിൽ നോൺ ടാക്സ് റവന്യൂ എവിടെ നിന്നെല്ലാം ടാപ്പു ചെയ്യാമായിരുന്നു. വിൽപ്പന നികുതിയിനത്തിൽ 27 കോടി രൂപാ ഉണ്ടായിരുന്നത് ഇപ്പോൾ 32 കോടിയാണ്. എൻെറ അഭിപ്രായത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞു ശരിയായിട്ട് ടാപ്പ് ചെയ്യുകയാണെങ്കിൽ 45 കോടി രൂപാ നമ്മുടെ സംസ്ഥാനത്തിലേക്ക് ഉണ്ടാകും. അതു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് മററു സംസ്ഥാനത്തിൽ ഉള്ളതിനെക്കാൾ വരുമാനത്തിൽ കൂടുതൽ ഉണ്ടോ? മദ്രാസ്, മൈസൂർ തുടങ്ങിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ നികുതി കൂടുതലാണ്. എങ്കിലും ടാക്സ് ഐറററം ഇവേഷൻ ഇല്ലാതെ പിരിച്ചെടുക്കുന്ന നടപടിയെക്കുറിച്ചു ചിന്തിക്കണം.

സർ, മററുള്ളവർക്ക് അസഹ്യത ഉണ്ടാക്കുന്നതൊന്നും പറയേണ്ട എന്ന് കരുതിയിരിക്കുമ്പോഴാണ് ഈ ഗവൺമെൻറിനെ സഹായിക്കാൻ ശ്രീ. എം. കെ. ജോർജ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്നത്. ശ്രീ. എം. കെ. ജോർജിനെക്കുറിച്ച് ഞാനിതു പറയണമെന്ന് വിചാരിച്ചതല്ല. അപഹാസ്യമായിട്ടുള്ള വസ്തുതകൾ പറഞ്ഞ് ഈ ആളുകളെ വിഷമിപ്പിക്കണമെന്ന് ഞാൻ വിചാരിച്ചതല്ല. ശ്രീ. എം. കെ. ജോർജ് ആദ്യമാദ്യം തല കുനിച്ചാണ് ഇരുന്നിരുന്നത്. ഇപ്പോൾ അദ്ദേഹം തലയുയർത്തി സംസാരിച്ചു തുടങ്ങിയിരിക്കുന്നു. ചില വസ്തുതകൾ നിയമസഭയുടെ മുൻപിൽ വയ്ക്കുകയാണ്. ശ്രീ. എം. കെ. ജോർജിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ തെററായ നയങ്ങൾ അടുത്തകാലത്ത് ബോധ്യമായി എന്ന്. കാർഷിക രംഗത്ത് മാർക്സിസ്ററു പാർട്ടി അനുവർത്തിക്കുന്ന നയങ്ങൾ, കുടികിടപ്പുകാർക്ക് ഭൂമി കൊടുക്കണം. അവരുടെ അവകാശം സ്ഥാപിച്ചെടുക്കുന്നതിനുള്ള നടപടിയാണ് അവർ കാർഷിക രംഗത്ത് എടുത്തതെന്ന്. വലതു കമ്മ്യൂണിസ്ററ് പാർട്ടിയെടുക്കുന്ന നയത്തിൽ അദ്ദേഹത്തിനു വളരെ തൃപ്തിയും ഉണ്ട്. അതു നടപ്പിലാക്കുവാൻ ജാഗ്രതയുള്ളതും അവർക്കാണെന്നു ബോദ്ധ്യം വന്നിരിക്കുന്നു. ശ്രീ. എം. കെ. ജോർജിന് കാർഷിക പരിഷ്കരണ നിയമം അവർ നടപ്പിലാക്കിയെന്നുള്ള ബോധം ജനുവരി ഒന്നാം തീയതിയ്ക്കു മുമ്പ് വന്നോ അതോ നവംബർ ഒന്നാം തീയതിയ്ക്കു ശേഷമുണ്ടായതാണോ? ജനുവരി ഒന്നാംതീയതിയ്ക്കു മുമ്പ് എന്നതാണ് ശരി. എന്തെന്നാൽ ഞങ്ങളറിഞ്ഞിരുന്നത് നവംബർ ഒന്നാം തീയതി ആകുന്നതിനും മുൻപേ കുറു

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രക്കാരുടെ കൈയിൽ ഒപ്പിട്ടു കൊടുത്തിരുന്നു എന്നാണ്. കാലിച്ചാക്കു പണി നടത്തി അധ:പ്പതിച്ച ആളുകൾക്ക് ഒപ്പിട്ടു കൊടുത്തു എന്നാണ് ഞങ്ങൾ അറിഞ്ഞിരുന്നത്.

ശ്രീ. എം. കെ. ജോർജ്: അതിനുമുൻപ് പാർട്ടിയോട് യാത്ര പറഞ്ഞ വരെപ്പററി എന്താണ് അഭിപ്രായം?

ശ്രീമതി കെ. ആർ. ഗൗരി: ഉണ്ടായിരിക്കും അതിനെപ്പററിയല്ല ഞാൻ പറയുന്നത്.

ശ്രീ. എം. കെ. ജോർജ്: സർ, പോയിൻറ് ഓഫ് ഓർഡർ. ഞാൻ ഒപ്പിട്ടു കൊടുത്തു എന്നും മററും പറഞ്ഞല്ലോ? അതൊന്നു തെളിയിക്കാൻ ആവശ്യപ്പെടുകയാണ്. എന്തെങ്കിലുമൊക്കെ ഇവിടെ വന്നു പറഞ്ഞാൽ എല്ലാവർക്കും പറയുവാൻ അറിയാം. അപ്പുറത്തിരുന്നു ചിലതെല്ലാം അറിഞ്ഞെന്നുള്ള നിലയിൽ അതെല്ലാം ഒതുക്കി വച്ചു വളരെ ക്ഷമയോടെ ഇരിക്കുവാൻ ആഗ്രഹിക്കുകയാണ്—.

ചെയർമാൻ: ഇതിൽ പോയിൻറ് ഓഫ് ഓർഡർ ഇല്ല.

ശ്രീമതി. കെ. ആർ. ഗൗരി: മററു കാര്യങ്ങളെക്കുറിച്ച് പറയുന്നില്ല. പോയിൻറ് ഓഫ് ഓർഡറിനെക്കുറിച്ച് പറയുകയാണ്. ശ്രീ. എം. കെ. ജോർജ് പറഞ്ഞു; ഞാൻ അന്ന് ഇതുപോലുള്ള നടപടി നടത്തുവാൻ പോയപ്പോൾ എന്നോട് വിളിച്ച് ഗൗരിയമ്മ പറഞ്ഞു, നിങ്ങൾ ഇതിനെതിരായി സ്റേററുമെൻറ് കൊടുക്കണമെന്ന്. അതുകൊണ്ട് കൊടുത്തതാണെന്ന് പത്രത്തിൽപ്പറഞ്ഞ ആളാണ്, എഴുതി ഒപ്പിട്ട് പടവും പേരും അച്ചടിച്ച് നാട്ടുകാർക്കു വിതരണംചെയ്ത ആളാണ്. കൈയിൽ കിട്ടിയ ആൾ ഇങ്ങോട്ടു തരുന്ന ആൾ ആയിരുന്നെങ്കിൽ സാരമില്ലായിരുന്നു. അകന്നു പോയി.

ശ്രീ. എം. കെ. ജോർജ്: അതിനു ഞാനല്ല ഉത്തരവാദി.

ശ്രീമതി. കെ. ആർ. ഗൗരി: കാർഷികപരിഷ്ക്കരണത്തിൻെറ കാര്യത്തിൽ കാർഷികപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉണ്ടായിട്ടുള്ളത്, വളരെ ജാഗ്രതയോടുകൂടി ഇപ്പോൾ നടപ്പിലാക്കാൻ പോകുകയാണ്, നടപ്പിലാക്കുന്നതാണ്, മാർക്സിസ്ററുകാർ അതിന് എതിരായിരുന്നു, നിയമം കൊണ്ടുവരുന്നതിനു ഒരു കൊല്ലം താമസിച്ചു, പിന്നെ ഒരു സെലക്ടു കമ്മിററിയിൽ ഒരു കൊല്ലം വച്ചു, ഈ ഇരിക്കുന്ന ശ്രീ. എം. എൻ. ഗോവിന്ദൻനായർ ഉൾപ്പെടെയുള്ള പ്രസ്കോൺഫറൻസിൽ വച്ചു, ഒരു കൊല്ലം കോൾഡ് സ്റേറാറേജിൽ വച്ചു എന്നിട്ട് ആരോടും ഒന്നും പറയാതെ ഇറങ്ങിപോയിയെന്നെല്ലാമാണ്. ആരോടു പറയാതെയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഞങ്ങളോടുപറയാതെ നേരത്തെ പ്രതിപക്ഷം ആയവരോടു ചെന്ന് സ്വകാര്യം പറയണമെന്നാണ്. ഞങ്ങൾ പഠിച്ചിട്ടില്ല. ഭൂരിപക്ഷമില്ലെങ്കിൽ നിയമസഭ പിരിച്ചു വിടാതെ കുറെനാൾ കഴിഞ്ഞു ഭൂരിപക്ഷമുണ്ടാക്കി ഭരിക്കാൻ ഞങ്ങൾ പഠിച്ചിട്ടില്ല. ഞങ്ങൾ ഉള്ളത് ഉള്ളതുപോലെ നിയമസഭയിലായാലും എവിടെയായാലും പറയും. അന്നു കേരളത്തിൽ ഭക്ഷ്യപ്രശ്നം ഉണ്ടായപ്പോൾ ഇന്നത്തെ ലീഡർ പറഞ്ഞത് എന്താണെന്നോ, ഗൗരിയമ്മേ റേഷൻ ആറ് ഔൺസ് കൊടുക്കാൻ കഴിയുമെങ്കിൽ ഈ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം ഇവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു കാര്യത്തിലും പരാതിയില്ലെന്നാണ്. അന്ന് അദ്ദേഹം പി. ഡബ്ളിയു. ഡി. മന്ത്രിയായിരുന്നു. റേഷൻ കൊടുക്കാത്തത് ആരുടെ കുററം, ശ്രീമതി കെ. ആർ. ഗൗരിയുടെ കുററം. ഓണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കൊടുക്കാത്തത് ആരുടെ കുററം; ശ്രീമതി കെ. ആർ. ഗൗരിയുടെ കുററം. അന്നത്തെ സ്ഥിതി ഞാൻ ഈ നിയമസഭയിൽ പറഞ്ഞു. ഇതുപോലെതന്നെയായിരുന്നു ഭൂപരിഷ്ക്കരണബില്ലിന്റെ കാര്യവും. 1967 ഡിസംബർ 12-ാം തീയതി വരെ ഇക്കാര്യത്തിൽ ഭരണകക്ഷിയുടെ കമ്മിററി കൂടിയിരുന്നിട്ട് ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞോ? നിയമം എഴുതിയുണ്ടാക്കി അവതരിപ്പിച്ചു. നിങ്ങളുടെ റോൾ എന്തായിരുന്നു? കേന്ദ്രഗവൺമെന്റിന്റെ നടപടി നിങ്ങളുടെ മുമ്പിൽ വച്ചു. ക്യാബിനററിൽ വച്ചു. പ്രസ് കോൺഫറൻസു നടത്തി. ബില്ലിനു കേന്ദ്രം അനുമതി തരാതിരുന്നപ്പോൾ ശ്രീ. എം. എൻ. ഗോവിന്ദൻനായരടക്കം 'കമാ' എന്നൊരക്ഷരം മിണ്ടിയില്ല. കേന്ദ്രത്തിനെതിരായി ഒരു പ്രമേയം പാസാക്കിയില്ല. കേന്ദ്രത്തിന്റെ അനുമതി ലഭിക്കാൻ നാലു പ്രാവശ്യം ഞാൻ കേന്ദ്രത്തിൽ പോയി. കഠിനമായി എഴുതി. അതിനെപ്പററിയുള്ള ഫയൽ എന്റെ കൈവശമുണ്ട്. എന്നിട്ടും ഞാൻ ഇപ്പോൾ എല്ലാവർക്കും കുററക്കാരിയായി മാറിയിരിക്കുകയാണ്. എന്നിട്ടു മററുള്ളവർ അതിന്റെ സേവ്യഴ്സായിരിക്കുകയാണ്. കാർഷികപരിഷ്ക്കരണനിയമം നടപ്പിലാക്കുന്നതു എങ്ങിനെയാണ്. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിന് ഞാൻ തടസ്സമുണ്ടാക്കിയെന്നുപോലും പറയുന്നുണ്ട്. ഒന്നാം തീയതി ട്രൈബ്യൂണലിൽ അപേക്ഷ കൊടുത്തു കാര്യങ്ങൾ നടത്തിക്കൊള്ളണം, വേണമെന്നുണ്ടെങ്കിൽ ശ്രീമതി ഗൗരിക്കു നിയമത്തിൽ എഴുതിവയ്ക്കാമായിരുന്നു. നിയമത്തിൽ എഴുതാത്തത് ഇന്ന് ശ്രീമതി ഗൗരി ആവശ്യപ്പെടുന്നു. ഈ നിയമസഭയിൽ പോലീസ് മർദ്ദനത്തെസംബന്ധിച്ച് ആരെങ്കിലും പറയുമ്പോൾ ചില ആളുകൾ അസഹിഷ്ണുത കാണിക്കുന്നു. ഈ കഴിഞ്ഞ മൂന്നു നാലു മാസത്തിനകം ഈ സർക്കാർ എന്താണ് ചെയ്തത്? പോലീസ് മർദ്ദനമല്ലാതെ എന്തു ചെയ്തു ഈ നാട്ടിൽ? ഞങ്ങൾ പറഞ്ഞു കാർഷികപരിഷ്ക്കരണനിയമത്തിലെ വകുപ്പുകൾ ഒന്നാം തീയതി നടപ്പിലായതായി വിചാരിക്കണമെന്ന്. അതു നടപ്പിലാക്കുന്നതിനു ലക്ഷക്കണക്കിനു കുടികിടപ്പുകാർ ഈ നാട്ടിൽ മുന്നോട്ടു വന്നു. ചിലർ തേങ്ങാ വിപ്ലവം പ്രസംഗിച്ചു, ചിലർ തേങ്ങാമോഷണം പ്രസംഗിച്ചു. തേങ്ങാവിപ്ലവവും തേങ്ങാമോഷണവും പ്രസംഗിച്ചു കുടികിടപ്പുകാരന്റെ അവകാശങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചവരാണ് നിങ്ങൾ. കുടികിടപ്പുകാർ അതിനെതിരായി നിന്നപ്പോൾ നിങ്ങൾ പോയി അപേക്ഷ കൊടുക്കൂ എന്നു പറഞ്ഞു കുറെ ഫോറങ്ങൾ മാത്രം അച്ചടിച്ച് ഇറക്കിയവരാണ് നിങ്ങൾ. അതു കഴിഞ്ഞതിനുശേഷം വേറൊരു സർക്കുലർ പോയി. ഒരു ഉടമസ്ഥൻ അയാളുടെ കുടികിടപ്പിനെ അയാളുടെ കുടികിടപ്പുകാരൻ അല്ലെന്നു പറഞ്ഞാൽ ഉടൻതന്നെ പഞ്ചായത്തിൽ വിടും. ഇതെല്ലാം കഴിഞ്ഞിട്ട് ഇപ്പോൾ കളക്ടറൻമാരെ വിളിച്ച് കൂടിയാലോചിക്കാൻ പറഞ്ഞിരിക്കുകയാണ്. അപേക്ഷ എഴുതിത്തരാമെന്നു പറഞ്ഞപ്പോൾ പോലും ഗവൺമെൻറു അതിൽനിന്നും ഒഴിഞ്ഞുമാറുകയല്ലേ ചെയ്തത്. ഞാൻ ഈ നാട്ടിലെ കുടികിടപ്പുകാരെയും ഞങ്ങളുടെ പ്രവർത്തകരെയും അഭിനന്ദിക്കുകയാണ്. കുടികിടപ്പുകാരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്നതിനു തയ്യാറാകാതെ ഈ നാട്ടിലെ കുടികിടപ്പുകാരെ അടിച്ചും വെടിവച്ചും നേരിടാനാണ് ഇവിടത്തെ കാട്ടാളൻമാരുടെ, നിഷ്ഠുരൻമാരുടെ ഗവൺമെൻറു ശ്രമിച്ചത്. പക്ഷെ അതിന്റെയൊക്കെ ഫലം എന്തായി? ഈ നാട്ടിലെ സംഘടിതരായ കുടികിടപ്പുകാരുടേയും കർഷകരുടെയും മുമ്പിൽ നിങ്ങൾ ചെറിയ തോതിൽ ഇത്തരത്തിലെങ്കിലും ഒന്നു മുട്ടുകുത്തിക്കാൻ കഴിഞ്ഞതിൽ—അതിനു ഞാൻ ഈ നാട്ടിലെ കർഷകരേയും കുടികിടപ്പുകാരേയും അഭിനന്ദിക്കുകയാണ്—

Shri E. John Jacob: Very good, very good.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: വെരിഗുഡ് എന്നൊന്നും പറയേണ്ട ഫോറം നിങ്ങൾ അടിച്ചിരുന്നില്ല. ഇപ്പോൾ ജോയിൻറ് ഫോറം ഉണ്ടാക്കി. എങ്ങനെയുണ്ടാക്കി? നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ഞാൻ ഡൽഹിയിൽ പോയി. ഉദ്യോഗസ്ഥൻമാരോടു പറഞ്ഞു. നെഗോഷ്യേററു ചെയ്തു കൊടുത്ത് കുടികിടപ്പുകാരന് കൈവശപ്പെടുത്തികൊടുത്തു. ജോയിൻറായിട്ടു ഫോറം വേണ്ടാ, അപേക്ഷ എഴുതിത്രാം സ്വീകരിക്കണമെന്നു പറഞ്ഞിട്ടു ഞങ്ങൾക്കു നിർദ്ദേശമില്ലെന്നു പറഞ്ഞു ഒഴിഞ്ഞുമാറി ട്രൈബ്യൂണൽ. കുടികിടപ്പുകാരനാണെങ്കിൽ പ്രതിഫലം തിട്ടപ്പെടുത്തി സർട്ടിഫിക്കററു കൊടുക്കുന്നതിനു വിരോധമില്ല. അപേക്ഷ വാങ്ങിക്കണമെന്നു പറഞ്ഞിട്ട് വാങ്ങിക്കാതിരുന്നിട്ടു ഇപ്പോൾ പറയുന്നു ഞങ്ങൾ തന്നത്താനാണ് ഇതെല്ലാം നടത്തിയതെന്ന്. ഈ നാട്ടിലെ എത്ര ആളുകളെ കൊന്നു. കുടികിടപ്പുകാരൻ അവകാശം നേടിയെടുക്കുന്നതിനായി നടത്തിയ സമരത്തിൽ എത്രപേരെയാണു നിങ്ങൾ കൊന്നത്? എൻെറ നാട്ടിൽത്തന്നെ പതിനേഴു വയസുള്ള മോഹനൻ എന്ന ഒരു കുട്ടിയെ, ആ കുട്ടി ബാക്കിയുള്ളവർക്ക്— ഇൻഡ്യൻ പ്രസിഡൻറുവരെയാകാം—തേങ്ങയിടാൻ പോയിയെന്നുള്ള ഒരൊററ കാരണംവച്ചു പട്ടിയെ ചങ്ങലയ്ക്കിട്ടു പൂട്ടുന്നതുപോലെ ജനലിൽ പൂട്ടിയിട്ടു. പോലീസു ഇൻസ്പെക്ടരുടെ സാന്നിദ്ധ്യത്തിൽ മർദ്ദിച്ചു. ആർക്കു ജനിക്കുന്ന കുട്ടിക്കും ഇൻഡ്യൻ പ്രസിഡണ്ടുവരെയാകാനുള്ള അവകാശമാണ് ഇന്നുള്ളത്. അങ്ങനെ അവകാശമുള്ള ഒരു നാട്ടിൽ ഒരു കുട്ടിയെ പട്ടിയെ കെട്ടിയിടുന്നതുപോലെ ചങ്ങലയിട്ടു നാലുദിവസം പോലീസു സ്റേറഷനിൽ ഇട്ട് ക്രൂരമായി മർദ്ദിക്കുകയും ചെയ്തില്ലേ? നിയമവാഴ്ച നടത്തുന്നവരാണ് ഇങ്ങനെ ചെയ്യുന്നത്. ആരെ ഏതു കുററത്തിന് അറസ്ററു ചെയ്താലും നാലുദിവസം വരെ പോലീസ് സ്റേറഷനിൽ നിറുത്താൻ സാധിക്കുകയില്ല. അറസ്ററു ചെയ്തു 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കി കേസു നടത്തണം. നിങ്ങൾ അങ്ങനെ ചെയ്തോ? എന്നിട്ടു നാലാം ദിവസം പുറത്തുകൊണ്ടുവന്നപ്പോൾ ആ കുട്ടിയുടെ പുറം അടിച്ചുപൊളിച്ചിരിക്കുകയാണ്. അതുപോലെതന്നെ എം. പി. മാരും എം. എൽ. ഏ. മാരും ചോദിച്ചാൽ ധാർഷ്ട്യത്തോടുകൂടി പറയുകയാണ് പോലീസു ചെയ്യുന്നത്. പുളിംകുന്ന് പോലീസ് സ്റേറഷനിൽ വെടിവയ്പ്പു നടത്തിയതിനുശേഷം അറസ്ററു ചെയ്തു കൊണ്ടുപോയവരെ വൈകുന്നേരം റിമാൻറിൽ വിടാത്തതെന്തെന്നു ചോദിച്ചപ്പോൾ ഏതു കേസ് വേണം, എന്ത് കേസിന് ചാർജ്ജു ചെയ്യണം എന്നു തീരുമാനിച്ചിട്ടില്ലെന്നാണ് അവരെ സന്ദർശിക്കാൻ ചെന്ന ജനപ്രതിനിധികളോടു പോലീസുകാർ പറഞ്ഞത്. അങ്ങിനെ അന്യായമായി അവരെ തടങ്കലിൽ വച്ചില്ലേ? എന്നിട്ടും പറയുന്നത് എന്താണെന്നാണോ നിയമവാഴ്ചയാണെന്നാണ്. നിങ്ങൾ തെരുവുയുദ്ധം നടത്തുമെന്നു പറഞ്ഞു. ഈ സർക്കാരിനെ ഇരുത്തിപ്പൊറുപ്പിക്കണമെന്നാണ് ഞങ്ങളോടു പറയുന്നത്. ഈ സർക്കാരിനെ ഈ കാട്ടാള സർക്കാരിനെ. ഞങ്ങൾ അതിനു തയാറില്ല.

ഞങ്ങളുടെ നാട്ടിൽ സ്ത്രീകൾക്ക് കിടന്നുറങ്ങാൻ സാധിക്കുന്നില്ല. തൈയ്ക്കാട്ടുശേരിയിൽ മൂന്നും നാലും വാർഡുകളിൽ ചെന്നു നോക്കണം. ഇവിടത്തെ ലീഡർ പോയി അന്വേഷിച്ചിട്ടു ഇപ്പോൾ 'കമാ' എന്നൊരക്ഷരം മിണ്ടാൻ സാധിച്ചിട്ടില്ല, പുറത്തു പറയാൻ പററുകയില്ല, മിണ്ടിയില്ല. അവിടെ ഒരൊററ പുരുഷൻമാരെയും ആ വാർഡിൽ താമസിപ്പിക്കില്ല. അവരെ താമസിക്കാൻ സമ്മതിക്കുന്നില്ല. വസ്തു ഉടമസ്ഥൻമാരെ സഹായിക്കുന്നതിനുവേണ്ടി പോലീസ് അവിടെ ഇടപെട്ടിരിക്കുകയാണ്. ഇന്നത്തെ നിലയിൽ കർഷകരും കുടികിടപ്പുകാരും സംഘടിതരാണ്. അവരെ പരാജയപ്പെടുത്തുന്നതിനുവേണ്ടി വസ്തു ഉടമസ്ഥൻമാർക്ക് കഴിയാത്തതുകൊണ്ട് പോലീസ് അവർക്കു കൂട്ടിനു പോയിരിക്കുകയാണ്. പോലീസു

LIBRARY ARCHIVES Kerala Legislative Assembly

കാർ അവിടെയുള്ള ആണുങ്ങളെ വളഞ്ഞു പിടിച്ചു ആക്രമിക്കുകയാണ്. ചെങ്ങന്നൂരിൽ നടക്കുന്നത് എന്താണ്? കേരളകോൺഗ്രസിലെ പ്രവർത്തകർ പോലീസുകാരുടെ യൂണിഫോറവും ഇട്ടുകൊണ്ട് സർക്കിൾ ഇൻസ്പെക്ടരുടെ സാന്നിദ്ധ്യത്തിൽ പോലീസുവാനിൽ ആളുകളെ, നിരപരാധികളെ പിടിച്ചിട്ടു മർദ്ദിക്കുകയാണ്. ഞാൻ പറയുന്നതിനെ കേരള കോൺഗ്രസുകാർ നിഷേധിക്കുമെങ്കിൽ നിഷേധിച്ചുകൊള്ളട്ടെ.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഒരു പോയിൻറു ഓഫ് ഓർഡർ, കേരളകോൺഗ്രസുകാർ പോലീസുകാരുടെ യൂണിഫോറവും ഇട്ടുകൊണ്ട് ആളുകളെ പോലീസുവാനിൽ ഇട്ടു മർദ്ദിച്ചുവെന്നു പറയുന്നതിനു തെളിവു തരാൻ തയാറാണോ? അല്ലാതെ ഇങ്ങനെ പറയുന്നതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ പറഞ്ഞതു നിഷേധിക്കാമെങ്കിൽ നിഷേധിച്ചുകൊള്ളട്ടെ. ഞാൻ പറഞ്ഞതു സത്യമാണ്. ഈ ഗവൺമെൻറു കാർഷികപരിഷ്ക്കരണ നിയമം നടപ്പിലാക്കണമെന്നു പറഞ്ഞുകൊണ്ടാണ് ശ്രീ. എം. കെ. ജോർജ്ജ് പോയതെന്നു പറയുകയുണ്ടായി. പറാലിൽ നടന്ന സംഭവത്തെപ്പററി ഈ ഗവൺമെൻറിനെ സഹായിക്കാനെത്തിയ ശ്രീ. എം. കെ. ജോർജ്ജ് എന്തു പറയുന്നു? അതു കാർഷികഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതാണോ? കുടികിടപ്പുകാരുടെ കർഷകരുടെ 94 വീടുകൾ കരിച്ചു അവരെ ഇറക്കിവിട്ടിരിക്കുകയാണ്. സ്റേറ ഓഫ് എവിക്ഷൻ ബില്ലിലെ 70–ാം വകുപ്പനുസരിച്ചും ഇപ്പോഴത്തെ കാർഷികപരിഷ്ക്കരണബില്ലിലെ 117–ാം വകുപ്പനുസരിച്ചും കുടികിടപ്പുകാരുടെ വീടുകൾ നശിപ്പിക്കുന്നവരേയും, കുടികിടപ്പുകാരുടെ മററവകാശങ്ങൾ നശിപ്പിക്കുന്നവരുടെയും മേൽ കോഗ്നിസബിൾ ഒഫൻസായി എടുത്തുകൊണ്ട് ശിക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ട്. ബിൽ നടപ്പിലാക്കുന്ന അവസരത്തിൽ വരുന്ന ബുദ്ധിമുട്ടുകളും ഒഴിപ്പിക്കലുകളും ഉണ്ടാകുന്നത് നമുക്ക് അനുഭവപാഠങ്ങളാണ്. കുടികിടപ്പുകാർക്ക് കിട്ടേണ്ട അവകാശങ്ങൾ തട്ടിപ്പറിക്കുന്ന അനുഭവങ്ങളാണ് ഇന്നുവരെ ഇൻഡ്യയിൽ ഉണ്ടായിട്ടുള്ളത്. അതിൻെറയെല്ലാം വെളിച്ചത്തിലാണ് ഈ വകുപ്പ് എഴുതിവച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ശ്രീ. ടി. കെ. ദിവാകരൻ പറയുകയുണ്ടായി, ഭരണം മാറുമ്പോൾ പോലീസുകാർ ശകലം എക്സസ് നടത്തുമെന്നും, എന്നാൽ അതിനെ ഗവൺമെൻറു അനുകൂലിക്കുകയില്ലെന്നു വിശ്വസിക്കുന്നുവെന്നും അതൊന്നും ഗവൺമെൻറു അനുകൂലിക്കുകയില്ലെന്നുമായിരുന്നു. അദ്ദേഹം പറഞ്ഞത്. എന്നാൽ അത്തരം സംഭവമുണ്ടായപ്പോൾ ആരുടെ പേരിലെങ്കിലും കേസെടുത്തിട്ടുണ്ടോ? ഈ ഗവൺമെൻറു ബാക്കിയുള്ളവരോടും പ്രതിപക്ഷങ്ങളോടും പക്ഷപാതപരമല്ലാത്ത രീതിയിൽ പെരുമാറുമെന്നാണ് പറയുന്നത്. എൻെറ കാറിനെ തന്നെ ആക്രമിച്ചു. എന്നെ കൊല്ലാൻവന്നു. ആ സംഭവം നടന്നതിൻെറ പിറെറദിവസം ജനയുഗം എഴുതിയത് എന്താണെന്നോ? വലതുകാരൻെറ പോസ്ററിൽ ഇടതുകാരി ഇടിച്ചുവെന്ന്. ഒരു പടവും ഇട്ടു. പിറെറദിവസം ശ്രീ. സി. എച്ച്. മുഹമ്മദുകോയ പ്രസ്താവിച്ചത് എൻെറ കാർ കലുങ്കിൽ കൊണ്ടു ചെന്നിടിച്ചതാണെന്ന്. അതിന് പിറെറദിവസം വേറൊരു മഹാൻ പറഞ്ഞു മുമ്പിൽ വന്ന ചെളിവണ്ടിയുടെ നേരെ ചെന്നിടിച്ചുവെന്ന്. നേരെ ഓടുന്നതിനു പകരം വണ്ടി സൈഡുവൈസായിട്ടു ഓടും. ഈ സർക്കാരിൻെറ കാലത്തു ഇങ്ങനെ പലതും നടക്കും. കാറിൻെറ പുറകിലത്തെ ഡോറിൻെറ ലോക്ക് പോകണമെങ്കിൽ സൈഡ്വൈസായി ചെന്നിടിച്ചായിരിക്കും. അല്ലെങ്കിൽ കാറിൻെറ പുറകിലത്തെ ഡോറിൻെറ ലോക്ക് പോകുന്നതെങ്ങിനെയാണ്. ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ പ്രസ്താവന നിയമസഭയിൽ വന്നതിനുശേഷം അതിൻെറ പിറെറദിവസം കോടതിയിൽ ഇൻസ്പെക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly

കാറിൽ കൊററങ്ങാടൻ ജോസഫ് എന്നയാളെ കൊണ്ടുപോയിയെന്നാണ്. സംഭവത്തിന് കാരണക്കാരനായ ഒന്നാം പ്രതി തലേദിവസം പോലീസു സ്റ്റേഷനിൽ ഉണ്ടായിരുന്നുഎന്നെഴുതിക്കൊടുത്തു. മജിസ്ട്രേട്ടിനു വിഷമം തോന്നിയിട്ടു ജി. ഡി. ഹാജരാക്കാൻ പറഞ്ഞു. ജി. ഡി. പിറെറ ദിവസം എഴുതികൊണ്ടുവന്നു. അതു മാത്രമല്ല മന്ത്രിയുടെ സ്റേററുമെൻറു വന്നതല്ലേ? അതനുസരിച്ച് കേസ് മറേറണ്ടതല്ലേ? വധ വകുപ്പുണ്ടായിരുന്ന രണ്ടു വകുപ്പുകളും അവിടെ വച്ചു മാററി. രേഖകഠം മാററി എല്ലാം മാററിവച്ചു ന്യായം നടത്തുന്ന നിയമവാഴ്ച നടത്തുന്ന സർക്കാരാണ് ഇതെല്ലാം ചെയ്തത്. എന്റെ വീടു എറിഞ്ഞു തകർത്തു. ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറഞ്ഞു അതു പ്രചരണത്തിനാണെന്ന്. ഞാൻ അതു നന്നാക്കിയിട്ടില്ല, അതുപോലെതന്നെയിട്ടിരിക്കുകയാണ്. 1967 മാർച്ച് 5—ാം തീയതി വരെ എന്റെ വീട്ടിലായിരുന്നു ശ്രീ. ടി. വി. തോമസും താമസിച്ചിരുന്നത്. (ഈ സമയം ആരോ വിളിച്ചു പറഞ്ഞു ഇതെല്ലാം കുടുംബ വഴക്കല്ലേ എന്ന്). കുടുംബവഴക്കോ രാഷ്ട്രീയവഴക്കോ എന്തോ ആകട്ടെ. നിങ്ങഠംക്ക് കേസെടുക്കാൻ പററിയോ? പ്രചരണത്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്ന് ശ്രീ. എം. എൻ. ഗോവിന്ദൻനായർ പറയുകയുണ്ടായി. കേസു മുന്നോട്ടു പോയിട്ടില്ല. ആ സംഭവത്തെതുടർന്നു ഒരാളെ അറസ്ററു ചെയ്തുവെങ്കിലും പിറെറ ദിവസം വെറുതെ വിടുകയാണ് ചെയ്തത്. ഇപ്പോഠം ആ കേസ് നടത്താൻ പോലീസ് ഓഫീസർക്കു സമയമില്ലെന്നാണ് പറയുന്നത്. എന്റെ കാര്യമാണു ഞാൻ പറഞ്ഞത്. പറാലിലും തൈയ്ക്കാട്ടുശേരിയിലും ആരെയാണ് മർദ്ദിച്ചത്? നിയമപ്രകാരം കിട്ടാനുള്ള അവകാശം കിട്ടുന്നതിനുവേണ്ടി കുടിയാൻമാരും കുടികിടപ്പുകാരും ആവശ്യപ്പെട്ടപ്പോഠം അവരെ ഈ സർക്കാർ മർദ്ദിക്കുകയല്ലേ ചെയ്തത്? അവരെ പ്രതിനിധാനം ചെയ്യുന്ന കമ്മ്യൂണിസ്ററു പാർട്ടിയെ മർദ്ദിച്ചു. ഇതെല്ലാം ചെയ്തിട്ടും ഞങ്ങഠംക്കു തന്നെയാണ് കുററം. ഞങ്ങഠം തെരുവു യുദ്ധം നടത്തുമെന്നു പറഞ്ഞുവെന്നും, സി. ആർ. പി. യെന്നു പറഞ്ഞു ഞങ്ങഠം ധൂമപടലം സൃഷ്ടിച്ചുവെന്നുമെല്ലാം പറയുകയാണ്. ഈ നാട്ടിൽ എന്താണു നടക്കുന്നത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പു മർദ്ദനം നടക്കാത്ത ഒരു ദിവസമെങ്കിലും ഉണ്ടോ? പോലീസ് ഒരൊററദിവസമെങ്കിലും പാവപ്പെട്ട കുടികിടപ്പുകാരെ ബദ്ധിമുട്ടിക്കാതെയും വീട്ടിൽ കിടന്നുറങ്ങാൻ സമ്മതിക്കുകയും ചെയ്തിട്ടുണ്ടോ? ഈ സർക്കാർ ഈ നാട്ടിൽ ഭരണം ഏറെറടുത്തതിനുശേഷം നടന്നതാണു ഞാൻ പറഞ്ഞത്. നിങ്ങഠം ആജീവനാന്തപ്രളയംവരെ ഇവിടെ ഇരുന്നുകൊള്ളാൻ പറയണമെന്നുള്ള ധാരണയാണോ? അല്ല. ജനദ്രോഹികളായ സർക്കാർ, കാട്ടാള സർക്കാർ, ഉറപ്പിച്ചു പറയുകയാണ് കാട്ടാള സർക്കാർ, അടിമത്തത്വകാലത്തു പോലും നടന്നിട്ടില്ലാത്തവിധം രാജാവു ഭരിച്ചിരുന്നകാലത്തുപോലും നടന്നിട്ടില്ലാത്ത വിധം, സർ, സി. പി. യുടെ ഭരണകാലത്തുപോലും ചെയ്യാത്ത വിക്രിയകഠം നടത്തുന്ന സർക്കാർ. മന്ത്രിമാർ പറഞ്ഞിട്ടുപോലും അനുസരിക്കാത്ത പോലീസുകാർ ചെയ്യുന്നത് നിർബാധം നോക്കിനിൽക്കുകയാണ്. അവർ അന്യോന്യം നോക്കി നിരപരാധിത്വം തെളിയിക്കാൻ കൈമലർത്തുകയാണ്. ഈ ഭരണകക്ഷിയിൽപ്പെട്ട വലതു കമ്മ്യൂണിസ്ററു പാർട്ടി, ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയുകയാണ്, അവരുടെ തൊഴിൽ ഇന്നു കുടികിടപ്പുകാരെ പിടിച്ചു വാനിലിടുകയാണോ? 1948—ൽ ശ്രീ. കേളപ്പൻ കാണിച്ചിരുന്നതാണ് അവർ പിൻതുടരുന്നത്. ഓരോ വാനിലും കാണും ആള്. ഇതെല്ലാം ചെയ്തിട്ട് അവർ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞങ്ങഠം അനുകൂലിക്കണമെന്ന്. സാദ്ധ്യമല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങഠം പ്രതിനിധാനം ചെയ്യുന്ന ഒരു വർഗ്ഗമുണ്ട്. പാർട്ടിക്കുവേണ്ടി ജനങ്ങഠംക്കുവേണ്ടി അങ്ങനെയുള്ള ഒരു വർഗ്ഗത്തിനുവേണ്ടി അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ അവകാശങ്ങരം കരസ്ഥമാക്കാൻ എന്തു വിപ്ലവം പറഞ്ഞായാലും ഞങ്ങരം അതു ചെയ്യുമെന്ന് ഉറപ്പു പറയുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഖിലേൻഡ്യാ പാർട്ടിക്ക് ഒരു നയം മാത്രമേയുള്ളു. രാജേശ്വരറാവു അപ്പുറത്തുവന്നു പ്രസംഗിച്ചു അവകാശം സ്ഥാപിക്കാൻ ഭൂമിപിടിച്ചെടുക്കാൻ ''സർവരാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ, എന്റെ അടുത്തുവേണ്ട കേരളത്തിൽ മാത്രംവേണ്ടാ'' കേരളത്തിലായാൽ ഞങ്ങരം ഒററു കൊടുക്കും. പററിക്കും. അതാണ് ഈ പാർട്ടിയുടെ നയം. പക്ഷെ ആ നയമല്ല ഞങ്ങളുടേത്. പിൻതിരിപ്പൻമാരുടെ ഇൻറലക്ചൽ ശക്തി എന്നുള്ള നിലയിൽ മാറിയിരിക്കുകയാണ്. അവർക്ക് ഗയിഡൻസ് കൊടുക്കുന്ന പാർട്ടിയായി മാറിയിരിക്കുകയാണ്. രാജ്യദ്രോഹികളുടെ പാർട്ടിയായി മാറിയിരിക്കുകയാണ്. ജനങ്ങളെ വഞ്ചിച്ച പാർട്ടിയാണ്. വർഗ്ഗപരമായിട്ടു പ്രതിനിധാനം ചെയ്യുന്നുവെന്നവകാശപ്പെടുന്നവരെ വഞ്ചിച്ചവരാണ്. അവരെ വളർത്തിയെടുത്തവരെ വഞ്ചിച്ച പാർട്ടിയാണ്. അതിന്റെ മേധാവിത്വം വഹിക്കുന്ന ഈ ഗവൺമെൻറു കൊണ്ടുവന്നിരിക്കുന്ന ബഡ്ജററിനെ ശക്തിയുക്തം എതിർക്കുന്നുവെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകരം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. മാണി: സർ, ഒരു രാഷ്ട്രീയവഴിത്തിരിവിൽ കൂടി സഞ്ചരിക്കുന്ന ഈ ഗവൺമെൻറു ഒരു പുത്തൻ വീക്ഷണത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. 1967–68–ലെയും 1968–69ലെയും ബഡ്ജററിലെ സവിശേഷതകരം എന്താണെന്നു നാം കാണുന്നുണ്ട്. 1967—ലെ ബഡ്ജററിൽ പ്രചരണപരമായി കേന്ദ്രത്തിനെതിരായുള്ള സമരമെന്ന പ്രഖ്യാപനത്തിന്റെ കൊടിപിടിച്ച ഘോഷയാത്രയായിരുന്നു അതിൽക്കണ്ടത്. 1968—69—ബഡ്ജററു പരിശോധിക്കുമ്പോരം കേരളത്തെ നേരിടുന്ന പ്രശ്നങ്ങളെക്കാരം ലോകോത്തരം സഞ്ചരിച്ചു വിയററ്നാം തുടങ്ങിയ അന്തരാഷ്ട്രീയ കാര്യങ്ങളെയും വിലയിരുത്തിക്കൊണ്ടുള്ള ഒരു ബഡ്ജററാണെന്നു കാണാൻ സാധിക്കും. വെറും സമരമെന്ന പേരു കൊണ്ടോ സിദ്ധാന്തപരമായ പ്രക്രിയകൊണ്ടോ ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നങ്ങരം പരിഹരിക്കപ്പെടുകയില്ല. ഈ ഗവൺമെൻറിന്റെ ബഡ്ജററിനെസംബന്ധിച്ച് നോക്കുമ്പോരം കേരളത്തിന്റെ വസ്തുതകളെ സംബന്ധിച്ചിടത്തോളം സത്യസന്ധവും വസ്തുനിഷ്ഠവുമായ അവതരണമാണ് ഈ ബഡ്ജററിൽ കൂടി കാണുന്നത്. വരുന്ന ഒരു വർഷംകൊണ്ട് ഈ കേരളത്തിലെ പ്രശ്നങ്ങരം പരിഹരിക്കുന്നതിനുള്ള ഒരു തീവ്രയത്നപരിപാടി കാണുന്നുണ്ട്. അതുകൊണ്ട് ഞാനീ ബഡ്ജററിനെ അനുകൂലിക്കുന്നു. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ശ്രീ. ഹമീദിന്റെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയുണ്ടായി. ശ്രീമതി ഗൗരിയമ്മയുടെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയുണ്ടായി. ഒരു കമ്മിബഡ്ജററാണ് നമ്മുടെ മുൻപിൽ ധനകാര്യ മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഈ കമ്മിയെസംബന്ധിച്ചിടത്തോളം ആ കമ്മി വരാനുണ്ടായ സാഹചര്യം 5–ാം ധനകാര്യകമ്മീഷൻ കേരളത്തോടു കാണിച്ച അവഗണനയും അനീതിയും വിവേചനവുമാണ്. 450 കോടി രൂപ ചോദിച്ചതിൽ 193 കോടി രൂപയാണ് കമ്മിഷൻ അവാർഡ് ചെയ്തത്. കമ്മിഷൻ കേരളത്തോടു കാണിച്ച ഈ അവഗണനയുടെ കുററം സർക്കാരിന്റെ മുതുകിൽ വയ്ക്കാൻ പ്ലാനിംഗ് ബോർഡ് മെമ്പറായ ശ്രീ. ഹമീദു ശ്രമിച്ചു. അതിന്റെ കുററം ശേഷനാണോ? ഈ ഗവൺമെൻറിനാണോ? അല്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. 5–ാം ധനകാര്യകമ്മീഷൻ കേരളത്തെ അവഗണിച്ചതിന്റെ കുററം ഇ. എം. എസ്. ഗവൺമെൻറിനാണ്. 5—ാം ധനകാര്യകമ്മീഷൻ മുൻപാകെ വ്യക്തമായി ഈ ഈ കേസ്സു അവതരിപ്പിക്കാതെനോ കേരളത്തിന്റെ വിഹിതം പിടിച്ചു വാങ്ങാനോ ഈം എം. എസ്. ഗവൺമെൻറിന് കഴിയാതെ പോയത് ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ കഴിവുകേടായി ഞാൻ വ്യാഖ്യാനിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, 1968—69—ലെ ബഡ്ജററിലും അതിനുമുമ്പുള്ള ബഡ്ജററിലും സമരപ്രഖ്യാപനങ്ങളുടെ കൊടിപിടിച്ചുള്ള ഘോഷയാത്രയായിരുന്നുയെന്ന്. കേന്ദ്രവിഹിതം നേടിയെടുക്കാൻ ഗവൺമെൻറുകൾ ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. അതിലെനിക്ക് ആക്ഷേപമില്ല. കമ്മി ബഡ്ജററിൻെറ മറെറാരു കാരണം നാം വഹിക്കേണ്ടിവരുന്ന കടബാധ്യതയാണ്. ഈ ബഡ്ജററു പരിശോധിച്ചാൽ ഈ വർഷാരംഭത്തെ കടം 13.74 കോടി രൂപയാണെന്നു കാണാൻ സാധിക്കുന്നു. 1969—70—ൽ 19 കോടി രൂപയായിരുന്നു ആകെയുള്ള കടം. ഈ വർഷം അതു അവശേഷിക്കുന്നതു പതിമുന്നേമുക്കാൽ കോടിരൂപയുടെ കടത്തോടുകൂടിയാണ്. ബഡ്ജററു അവതരിപ്പിക്കുമ്പോൾ ശ്രീ. ശേഷന് ഏൽക്കേണ്ടിവന്നതു, അദ്ദേഹത്തിന് കാലെടുത്തു വയ്ക്കേണ്ടത് പതിമൂന്നേമുക്കാൽ കോടിരൂപയുടെ കടത്തോടു കൂടിയാണ്. ഈ കമ്മിയുടെ ഉത്തരവാദിത്വം ആർക്കാണെന്നുള്ളത് ഒന്നാലോചിച്ചു നോക്കണം. ശമ്പളവർദ്ധനവും മററുംകൊണ്ടാണ് ഈ കടം വർദ്ധിച്ചതെന്നു ഞാൻ പറയും. ഇ. എം. എസ്. ഗവൺമെൻറിൻെറ ഈ കഴിഞ്ഞ 32 മാസക്കാലത്തെ ദുഷ്ഭരണത്തിൻെറ ആകെത്തുകയുടെ ഫലമാണ് 13 കോടിരൂപയുടെ ഈ കമ്മി എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു അനുവർത്തിച്ച തെററായ നയങ്ങളുടേയും അദ്ദേഹത്തിൻെറ കഴിവുകേടിൻെറയും ഫലമായി ഈ ഗവൺമെൻറിന് താങ്ങേണ്ടി വന്നിരിക്കുന്ന കമ്മിയായി ഞാനിതിനെ വീക്ഷിക്കുകയാണ്. അതിൽ അഭിപ്രായവ്യത്യാസമുള്ളവർ ഉണ്ടായേക്കാം. ഒരു ബഡ്ജററിനെ പരിശോധിക്കേണ്ടതു ആ ബഡ്ജററിലെ ചെലവിനങ്ങളുടെ രീതിയുടെയും നികുതിനിർദ്ദേശങ്ങളുടെയും അതിൽ മുന്നോട്ടു വച്ചിരിക്കുന്ന പരിപാടികളുടെയും അടിസ്ഥാനത്തിലാണ്. ആ അടിസ്ഥാനത്തിലായിരിക്കണം ഈ ബഡ്ജററിനെ വിമർശിക്കേണ്ടത്. ചിലവിനങ്ങളുടെ കാര്യം നോക്കുമ്പോൾ ഞാൻ ഈ ബഡ്ജററിനെ പുരോഗമനപരമായി കാണുകയാണ്. ഈ ബഡ്ജററിൽ ഏതാണ്ടു ഒരു വർഷത്തിൽ ചെലവാക്കുന്ന തുകകളെല്ലാം വികസനപരമായ കാര്യങ്ങൾക്കുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. പ്രത്യുൽപ്പാദപരമായ, വികസനപരമായ കാര്യങ്ങൾക്കുവേണ്ടിയാണ് മുഖ്യമായും തുകകൾ ചെലവഴിക്കുകയെന്നുള്ളത് അതിപ്രധാനമായ ഒരു കാര്യമാണ്. 1970—71—ലെ ബഡ്ജററു പരിശോധിക്കുമ്പോൾ 1969—70—ലെ ബഡ്ജററിനെക്കാൾ എട്ടു ശതമാനം കൂടി തുക കൂടുതലായിട്ടു വികസനപരമായ കാര്യങ്ങൾക്കു വേണ്ടി ചെലവാക്കുന്നതിനു നീക്കിവച്ചിട്ടുള്ളതായി കാണാൻ കഴിയും. ആ നിലക്കാണ് ഞാൻ പറഞ്ഞത് ഈ ബഡ്ജററിലെ ഒരു പുരോഗമനപരമായ ബഡ്ജററാണെന്ന്. നികുതിനിർദ്ദേശങ്ങളെസംബന്ധിച്ചു പറയുമ്പോൾ ഇപ്പോൾ പ്രപ്പോസൽ ചെയ്തിരിക്കുന്ന നികുതികളിലധികവും, ഏറിയ പങ്കും കുറഞ്ഞ വരുമാനമുള്ള ആളുകൾക്ക്, താഴെക്കിടയിലുള്ള ആളുകൾക്ക് യാതൊരു വിധത്തിലുള്ള ഭാരവും വരുത്തുന്നില്ലെന്നുള്ളത് ഒരു സവിശേഷതയാണ്. അതുപോലെതന്നെ കെട്ടിടനികുതിയും ആദായ നികുതിയിൽ വരുത്തിയിട്ടുള്ള വ്യത്യാസവുംകൊണ്ടു കുറഞ്ഞ വരുമാനക്കാരുടെ മുതുകിൽ ഭാരം വന്നുചേരുന്നില്ല. കെട്ടിടങ്ങൾക്കു ഏർപ്പെടുത്തിയിരിക്കുന്ന സെസ്സിനെസംബന്ധിച്ചു പറയുമ്പോൾ കാർഷികപരിഷ്ക്കരണത്തിൻെറ വ്യാപ്തിയിൽ വരുന്ന കുടികിടപ്പുക്കാരുടെ ഹട്ട്സിനെ ഇതിൽ നിന്നു ഒഴിവാക്കണമെന്നു ഞാൻ പറയുകയാണ്. അതേപ്പററി വ്യക്തമായ ഒരു മറുപടി ധനകാര്യമന്ത്രി തരുമെന്നു ഞാൻ പ്രത്യാശിക്കുകയാണ്. വിൽപ്പന നികുതിയെസംബന്ധിച്ചു പറയുമ്പോൾ ഐസ്സിനും അതുപോലെ തന്നെ സോപ്പിൻെറ മേലുള്ള വിൽപ്പന നികുതിയും ഒരു പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഭാരം സാമാന്യജനങ്ങളെ ബാധിക്കുകയില്ലേയെന്നു ഭയപ്പെടുകയാണ്. കഴിവുണ്ടെങ്കിൽ ധനകാര്യ മന്ത്രി അതു പിൻവലിക്കുന്നതാണു നല്ലത്. അതു കഴിച്ചാൽ വില്പനനികുതിയെസംബന്ധിച്ചു മററുള്ള വ്യതിയാനങ്ങൾ, മററു സാധനങ്ങളുടെ നിരക്കിൽ വരുത്തിയിട്ടുള്ള വർദ്ധനവെല്ലാംലക്ഷ്വറി ആർട്ടിക്കിൾസിനുള്ളതാണ്. ഉയർന്ന തട്ടുകാരെ മാത്രം ബാധിക്കുന്ന പ്രശ്നമാണ്. നികുതി നിർദ്ദേശങ്ങളെ പരിശോധിക്കുമ്പോൾ ഈ ബഡ്ജററിനെക്കുറിച്ചു യാതൊരു ആക്ഷേപവുമില്ല. എന്തിനാണ് ആക്ഷേപം? ഇതിലെ പരിപാടികളെ ക്കുറിച്ചു നോക്കുമ്പോൾ ഇതൊരു ജനകീയ ബഡ്ജററാണെന്നാണോ പറയാൻ കഴിയുക? ഈ സർക്കാരിനു ചെയ്യാൻ കഴിയുന്ന ചില പരിപാടികളുടെ സത്യസന്ധമായ അവതരണമാണ് ഇത്. ഗവൺമെൻറിന് അതു ചെയ്യാമെന്നാഗ്രഹമുണ്ട്. ബഡ്ജററിന്റെ പൊതു ചർച്ച ഉൽഘാടനം ചെയ്തുകൊണ്ടു പ്രതിപക്ഷത്തിൽനിന്നു പ്രസംഗിച്ച ശ്രീ. ടി. കെ. രാമകൃഷ്ണൻ ഒരു കഥയിലെ പദ്യശകലമൊക്കെ ഇവിടെ പറയുന്നതു കേട്ടു. ഈ ബഡ്ജററിൽ അഗതികൾക്കു നൽകുന്ന പെൻഷനെ ബഡ്ജററിന്റെ കഴിവില്ലായ്മയെ മൂടിവയ്ക്കുന്ന തട്ടിപ്പു പ്രസ്ഥാനമായി അദ്ദേഹം പറയുകയുണ്ടായി. ലക്ഷക്കണക്കിനു അഗതികൾക്കു ആശ്വാസം നൽകുന്ന ഈ നടപടിയെ ഒരു തട്ടിപ്പു പ്രസ്ഥാനമായി പറഞ്ഞുകൊണ്ടു അതിനെ വിലയിടിച്ചു കാണാൻ നിങ്ങൾ മുതിരുന്നതിൽ ഞാൻ ആശ്ചര്യപ്പെടുകയാണ്. ശ്രീ. രാമകൃഷ്ണനും മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയിൽപ്പെട്ട മററു ബഹുമാനപ്പെട്ട മെമ്പറൻമാരും ബഡ്ജററിനകത്തേക്കു കടന്നു ചെന്നില്ലെന്നുള്ളതു ഒരു വസ്തുതയാണ്. ഈ രാജ്യത്തിലെ ചെറുകിട കൃഷിക്കാരുടെ നൻമയെ ലാക്കാക്കികൊണ്ടു കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ സർക്കാർ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഏലാ വികസനപദ്ധതിയെപ്പററി ശ്രീ. രാമകൃഷ്ണനു എന്തു പറയാനുണ്ട്. ആ പദ്ധതിയിൽ എതിർപ്പുണ്ടോ? കുട്ടനാട്ടെ സമഗ്രവും സർവ്വതോമുഖവും ഏകീകൃതവുമായ അഭിവൃദ്ധിക്കുവേണ്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കുട്ടനാടു ഡെവലപ്പുമെൻറു അതാറിട്ടിയെപ്പററി എന്തു പറയാനുണ്ട്. കുട്ടനാട്ടെ കറുത്തവർഗ്ഗക്കാരുടെ സംരക്ഷണത്തിനുവേണ്ടി മുന്നോട്ടുവരുന്ന മാർക്സിസുററുകമ്മ്യൂണിസിസ്ററുപാർട്ടിക്ക് ഇതിനെ എങ്ങനെ എതിർക്കാൻ കഴിയുമെന്നു ഞാൻ ചോദിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ പേരു പറഞ്ഞുകൊണ്ടു അതിനു സാധ്യമല്ല. അങ്ങനെ ഓരോ കാര്യങ്ങളെസംബന്ധിച്ചും നോക്കുമ്പോൾ, മൽസ്യത്തൊഴിലാളികൾക്ക് ഉള്ള ഇൻഷ്വറൻസ് പദ്ധതി ഇതൊക്കെ തെററാണെന്നു രാമകൃഷ്ണൻ പറയുമോ? ഭവനരഹിതരായ ആളുകൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിയും ഈ രാജ്യത്തെ പാവപ്പെട്ടവർക്കു വേണ്ടിയുള്ളതാണ്. അതൊക്കെ ആശ്വാസം നൽകുന്ന പരിപാടികളാണ്. ഈ പരിപാടികളൊക്കെ ഉണ്ടായിരിക്കേ നിരവധി പരിപാടികൾ ചൂണ്ടിക്കാണിച്ചിരിക്കേ, ശ്രീ. രാമകൃഷ്ണൻ ഒരു പദ്യശകലം ചൊല്ലികൊണ്ടു അഗതികൾക്കു നൽകിയിരിക്കുന്ന ഈ പെൻഷനും മററും പിള്ളേർക്കു മിഠായി കൊടുക്കുന്നതുപോലെതന്നെയാണ്ന്നാണ് പറഞ്ഞിരിക്കുന്നത്. ഉറങ്ങിക്കിടക്കുന്നവരെ വിളിച്ചുണർത്താൻ കഴിയും; ഉറക്കം നടിക്കുന്നവരെ വിളിച്ചുണർത്താൻ സാധിക്കുകയില്ലെന്നുപോലെയാണിത്. ഉറക്കം നടിച്ചുകൊണ്ട് ബഡ്ജററിലെ നല്ല കാര്യങ്ങളെസംബന്ധിച്ചു മന:പൂർവ്വം കണ്ടില്ലെന്നു വച്ചുകൊണ്ടു ഗവൺമെൻറിന്റെ നല്ല കാര്യങ്ങളെ താറടിച്ചു കാണിക്കുന്നതിനുള്ള ശ്രമത്തിൽ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി ഏർപ്പെട്ടിരിക്കുകയാണ്. മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയിലും പല മെമ്പറൻമാരും ഈ ഗവൺമെൻറിനെ കുററപ്പെടുത്തിയത് ഈ ഗവൺമെൻറ് പിൻതിരിപ്പൻ ശക്തികളുടെ പിൻതുണയോടെ ഭരിക്കുന്നുയെന്നാണ്. പിൻതിരിപ്പൻ ശക്തികളുമായി കൂട്ടുചേർന്നു ഭരിക്കുന്നുയെന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

സഖാക്കളോടു, ഈ ഗവൺമെൻറിൻെറ ഉൽഭവദോഷത്തെക്കുറിച്ചു കണ്ണീർ പൊഴിക്കേണ്ട, കഴിഞ്ഞ 32 മാസത്തെ ദുഷ്ഭരണത്തിൽ വന്നിട്ടുള്ള കാര്യങ്ങളെ ഓർത്തുകണ്ണീർപൊഴിച്ചാൽ മതിയെന്നാണു എനിക്കു പറയാനുള്ളത്. ഞങ്ങളാരും പിൻതിരിപ്പൻമാരല്ല. അപ്പുറത്തിരിക്കുന്ന മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയാണ് ഈ രാജ്യത്തിലെ ഏററവും വലിയ പിൻതിരിപ്പൻ ശക്തിയെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഏതു പിൻതിരിപ്പൻ ശക്തിയെയും കൂട്ടുപിടിച്ചുകൊണ്ടു അച്യുതമേനോൻ ഗവൺമെൻറിനെ മറിച്ചിടുമെന്നു പറഞ്ഞ ഇ. എം. എസിൻെറ അഭിപ്രായം തന്നെ തനി പിൻതിരിപ്പാനാണെന്നു ഞാൻ പറയുകയാണ്. അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചു പാതാളത്തിൻെറ അടിത്തട്ടിലേക്കു പോകേണ്ടിവന്ന ഇ.എം.എസ്. ഈ രാജ്യത്തെ ബഹുജനങ്ങളുടെ ദൃഷ്ടിയിൽ താണുപോയിരിക്കുകയാണ്. ചെകുത്താനെക്കാൾ വലിയ പിൻതിരിപ്പനാരാണ്? ചെകുത്താനെ കൂട്ടുപിടിച്ചിരിക്കുന്ന മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയാണ് ഏററവും വലിയ പിൻതിരിപ്പൻ പാർട്ടിയെന്നു ഞാൻ പറയുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി ഒററപ്പെട്ടുവരികയാണ്. ശ്രീമതി ഗൗരിയമ്മ വളരെ വിഷമത്തോടുകൂടി മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയുടെ വിപ്ലവപരിപാടികളെ കുറിച്ചും കർഷക പ്രസ്ഥാനത്തെ സംബന്ധിച്ചും ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. അതിനെയെല്ലാം പോലീസു അടിച്ചമർത്തുന്നു എന്നാണ് അവർ പറഞ്ഞത്. അതിനെക്കുറിച്ചു ഞാനൊരു വാക്കു പറയാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയെ പരാജയപ്പെടുത്തുന്നത് സി. എച്ച്. മുഹമ്മദു കോയയുടെ പോലീസല്ല. സി. എച്ച്. മുഹമ്മദുകോയയുടെ ലാത്തിയോ തോക്കോ അല്ല. മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി ഇന്നു തകർച്ചയുടെയും പരാജയത്തിൻെറയും പാപ്പരത്തത്തിൻെറയും നടുക്കടലിൽ നിൽക്കുകയാണ്. ഈ നിലയിലെത്തിച്ചത് ഈ രാജ്യത്തെ ജനകീയശക്തിയാണ്. എവിടെപോയി നിങ്ങളുടെ വഞ്ചനാദിനം? നവംബർ ഒന്നാംതീയതി മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി വഞ്ചനാദിനം ആഹ്വാനം ചെയ്തു. അന്നു നടത്തിയ വഞ്ചനാദിനത്തെ പരാജയപ്പെടുത്തിയത് പോലീസാണോ? കറുത്ത കൊടി പിടിക്കാൻ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിക്കു ആളെ കിട്ടിയില്ലെന്നുള്ളതാണ് പരമാർത്ഥം. ജനങ്ങൾ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയെ ഒററപ്പെടുത്തി. നിങ്ങൾ ജനങ്ങളിൽനിന്നു ഒററപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഡിസംബർ ഒന്നാംതീയതിയിലെ സമരം എവിടെ പോയി. പൊതു പണിമുടക്കിനു നിങ്ങൾ ആഹ്വാനം ചെയ്തു അതിൽ പങ്കെടുക്കാൻ എത്രപേർ ഉണ്ടായിരുന്നു. അതിലും ജനങ്ങൾ നിങ്ങളെ ഒററപ്പെടുത്തുകയുണ്ടായി. മർദ്ദന പ്രതിഷേധ ദിനാചരണത്തിനു ആഹ്വാനം ചെയ്തു. ജനങ്ങൾ നിങ്ങളെ പരാജയപ്പെടുത്തി. വേലികെട്ടിവളച്ചിലും തേങ്ങാമോഷണവിപ്ലവവും എവിടെപോയി. കോഴിയുടെ കോട്ടുവാപോലെ കലാശിച്ചു. ചായക്കോപ്പയിലെ കൊടുങ്കാററുപോലും ഈ രാജ്യത്തുസൃഷ്ടിക്കാൻ നിങ്ങൾക്കുകഴിയാതെ പോയതുപോലീസിൻെറ ശക്തികൊണ്ടായിരുന്നോ? അല്ല. ഈ രാജ്യത്തിലെ ജനങ്ങൾ ഈ സർക്കാരിൻെറ പിന്നിലുണ്ട്. ആ ജനങ്ങളുടെ സംഘടിതശക്തി മാർക്സിസുററു കമ്മ്യൂണിസ്ററുപാർട്ടിയുടെ ജനദ്രോഹപരമായ നടപടികളെ ചെറുക്കുകയാണുണ്ടായത്. രാജ്യദ്രോഹപരമായ നടപടികളായതുകൊണ്ടാണ് ഈ നാട്ടിലെ ബോധമുള്ള ജനങ്ങൾ നിങ്ങളെ പരാജയപ്പെടുത്തിയത്. ട്രാൻസ്പോർട്ടു സമരം എവിടെപോയി പ്രചണ്ഡമായ സമരമായിരുന്നു. ആസിഡ്ബൾബെറിഞ്ഞും ബസ്സുകൾ കത്തിച്ചും മനുഷ്യരെ ചുട്ടുകരിച്ചും ഈ രാജ്യത്തെ ജനങ്ങളുടെ സ്നേഹം സമ്പാദിക്കാമെന്നാണോ? അവസാനം എന്തുണ്ടായി. സമരം പരാജയമാണെന്നു കണ്ടു. എം. എൽ. എ. മാർ നിരാഹാര സത്യാഗ്രഹം തുടങ്ങി. നിരാഹാര സത്യാഗ്രഹം നടത്തുകയെന്നു വച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

മരണത്തിന്റെ വക്കത്തെത്തുകയെന്നാണ്. നിരാഹാരസത്യാഗ്രഹം തുടങ്ങിയിട്ട് അതുകൊണ്ടുള്ള ഉദ്ദേശം സാധിതപ്രായമാകാതെ മരണത്തിന്റെ വക്കത്താണെന്നു പറഞ്ഞുകൊണ്ടു നിരാഹാരസത്യാഗ്രഹത്തിൽനിന്നു പിൻതിരിഞ്ഞു ഓടുന്ന ഭീരുത്വം എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഷിഫ്ററുവച്ചായിരുന്നു സത്യാഗ്രഹം. അവസാനം അമേദ്യസമരം തുടങ്ങി. അമേദ്യമേറു. ഇവർക്കു ലജ്ജയില്ലേയെന്നു ഞാൻ ചോദിക്കുകയാണ്. ഇതു സമരമല്ല, സമരാഭാസമാണ്. എന്തുകൊണ്ടാണ് ഈ അമേദ്യ സമരത്തിലേക്കുപോയത്? ജനങ്ങൾ നിങ്ങളെ ഒററപ്പെടുത്തി. അതിനു കാരണം പുരോഗമനപരമായ ഒരു ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നു. ചെകുത്താനെയും കൂട്ടുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ പരാജയപ്പെടുത്തുമെന്നുള്ള വ്രതത്തോടുകൂടി നിങ്ങൾ നിൽക്കുകയാണ്. അതു മാററാൻ നിങ്ങൾ തയ്യാറുണ്ടോ? നിങ്ങളുടെ ആ നയം മാററിയിട്ട് ഈ ഗവൺമെന്റിന്റെ നല്ല പരിപാടികളെ നിങ്ങൾ അനുകൂലിക്കണം. നിഷേധാത്മകമായ നിലപാടു നിർത്തണം. ഈ ബഡ്ജററിലെ നല്ല കാര്യങ്ങൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാണോ?

ഈ ഗവൺമെന്റിനെ മറിച്ചിടാൻ മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി ശ്രമിക്കുകയാണെന്നുള്ളതിനെപ്പററി മ ല യാ ള മ നോ ര മ യി ലെ യും മാതൃഭൂമിയിലെയും റിപ്പോർട്ടുകൾ ഉദ്ധരിച്ചുകൊണ്ടു ശ്രീ. അഹമ്മദു ഇവിടെ സംസാരിച്ചതിനെ ചില മെമ്പറൻമാർ ചോദ്യം ചെയ്യുന്നതു കേട്ടു. ഈ രണ്ടു പത്രങ്ങളേ കേരളത്തിലുള്ളൂ എന്നു ചോദിച്ചു. ഈ ഗവൺമെന്റിനെ മറിച്ചിടാൻ ആയുധമെടുക്കുമെന്നു ഇ. എം. എസ്., കേരളഭൂഷണം, ഞങ്ങളായുധമെടുക്കും ആയുധമെടുത്തുപയോഗിക്കാനുമറിയാം എന്നു കേരളകൗമുദി, ഈ ഗവൺമെന്റിനെ മറിച്ചിടാൻ വേണ്ടിവന്നാൽ ആയുധമെടുത്തു പ്രയോഗിക്കുമെന്നു ദീപിക അങ്ങനെ ഈ രാജ്യത്തെ പത്രങ്ങളെല്ലാം പ്രസ്താവിച്ചിരിക്കുകയാണ്. ഇ. എം. എസ്. ശങ്കരൻനമ്പൂതിരിപ്പാട് ആലപ്പുഴയിലെ ഒരു യോഗത്തിൽ വച്ചു ആയുധമെടുത്തു സമരം ചെയ്യുമെന്ന് ഈ രാജ്യത്തെ ജനങ്ങളോടു ആഹ്വാനം ചെയ്യുകയുണ്ടായി. ഈ രാജ്യത്തു ഒരു സായുധവിപ്ലവത്തിനു മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി തുനിയുമ്പോൾ ആസിഡ്ബൾബുകളും കൈബോംബുകളുമെടുത്തു പ്രയോഗിക്കുമ്പോൾ സി. എച്ച്. മുഹമ്മദു കോയയുടെ പോലീസു കൈകെട്ടിനിൽക്കണമെന്നാണോ പറയുന്നത്? ഈ രാജ്യത്ത് അതു സാധ്യമല്ല. എം.എൽ. എ. മാരുടെ പ്രിവിലേജസിനെ സംബന്ധിച്ചു ഇവിടെ പറഞ്ഞു. എം. എൽ. എ. മാരെ മർദ്ദിക്കുന്നുണ്ടെങ്കിലും അതു തെററാണ്. അതിനെ എതിർക്കാൻ ഞാനും എന്റെ പാർട്ടിയും ഭരണ കക്ഷിയിൽ പെട്ട പാർട്ടികളും തയ്യാറാണ്. പക്ഷേ എം. എൽ. എ. മാർക്കു ചില കടമകളുണ്ട്. അവർക്കു പ്രിവിലേജ്സു ഉള്ളതുപോലെ ചില കടമകളുണ്ട്. അവരെ തെരഞ്ഞെടുത്തുവച്ചവരോടു ചില ഉത്തരവാദിത്വങ്ങളുണ്ട് ചട്ടമ്പിത്തരങ്ങൾക്കു വേണ്ടിയല്ല. അവർ നിയമസഭയിൽ വന്നിട്ടുള്ളതു, സ്പീക്കറെ ആക്രമിക്കാൻ വേണ്ടി അല്ല. ഗാർഡുകളെ തല്ലാൻ വേണ്ടിയല്ല. ഈയിടക്ക് ഒരു അനുഭവം ഉണ്ടായി. കുട്ടനാട്ടു കൈനകരയിൽ കററ കയററിപോയ ഒരു വള്ളത്തെ ഒരു എം. എൽ. എ. കുറെ ആളുകളോടുകൂടി സംഘടിതമായി അവിടെ ചെന്നു ചവുട്ടിമുക്കെടാ എന്നു പറഞ്ഞുകൊണ്ടു വെള്ളത്തിൽ ചവിട്ടി താഴ്ത്തി. ഇതു. എം. എൽ. എ. മാരുടെ കർത്തവ്യമാണോ? എം.എൽ. എ. മാർ ആസിഡ്ബൾബെറിയാൻ ആഹ്വാനം ചെയ്യുന്നതു ശരിയാണോ? ബസുകൾ തീവയ്ക്കുവാൻ...........

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ഒരു പോയിന്റു ഓഫ് ഓർഡർ. ഒരു എം. എൽ. എ. വള്ളം ചവുട്ടിത്താഴ്ത്തി എന്നുള്ളതിനെസംബന്ധിച്ചു കേസ്സു നിലവിലുള്ളപ്പോൾ ആ കേസ്സിനെസംബന്ധിച്ചു ഇവിടെ പറയുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഞാൻ സംതൃപ്തനാണ്. ഞാൻ പറയുന്നതു ശരിയാണെന്നു സമ്മതിച്ചിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളെക്കുറിച്ചു പറയുന്നതു സബ്ജൂഡീസായതുകൊണ്ടു ഞാൻ അതിലേക്കു കടക്കുന്നില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: അതിനെസംബന്ധിച്ചു ഒരു കേസ്സു നിലവിലിരിക്കുമ്പോൾ ഇവിടെ സ്പർശിക്കുന്നതു ശരിയല്ല.

പാനൽ ഓഫ് ചെയർമാൻ: കേസ്സു നിലവിലിരിക്കുമ്പോൾ അതിനെക്കുറിച്ചു പറയുന്നതു ശരിയല്ല.

ശ്രീ. കെ. എം. മാണി.: ഏതായാലും ഞാൻ പറഞ്ഞത് കളവല്ലെന്നു തെളിഞ്ഞിരിക്കുകയാണ്. ഈ സംഭവത്തെസംബന്ധിച്ചു പോലീസു കേസ്സു രജിസ്റ്റർ ചെയ്തിരിക്കുകയാണ്.

വിപ്ലവത്തിന്റെ പേരും പറഞ്ഞുകൊണ്ടു കൈബോംബെറിയുന്നതു മാററിവയ്ക്കുക, ആസിഡ്ബൾബെറിയുന്നതു മാററിവയ്ക്കുക. ഏതായാലും ഇതൊന്നു വിപ്ലവമല്ല, അതു വിപ്ലവാഭാസമാണ്. സർ, ഇമ്പിച്ചിബാവയോടും ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിനോടും ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. നമ്പൂതിരിപ്പാട് ഇവിടെ ഇല്ല. ഞാൻ പറയാൻ ആഗ്രഹിക്കുന്നതു മാർക്സിസ്റ്റ് കമ്മ്യൂണിസ്ററുപാർട്ടി ആയുധമെടുത്തു സായുധവിപ്ലവം നടത്തുമെന്നു പറഞ്ഞാൽ തുമ്മിയാൽ തെറിച്ചുപോകുന്ന മൂക്കല്ല ഇവിടത്തെ ഗവൺമെൻറു എന്നുള്ളതാണ്. സായുധവിപ്ലവത്തിന് മാർക്സിസുററുകമ്മ്യൂണിസ്ററുപാർട്ടി തയ്യാറായാൽ ഇവിടത്തെ ഗവൺമെൻറ് അതിനെ നേരിടുന്നതിനും തയ്യാറാണ്. പക്ഷേ ഈ തോന്ന്യവാസങ്ങളും ആഭാസത്തരങ്ങളും ഗുണ്ടായിസവും നടത്തുന്നതിനു പകരം ആ പരിപാടികളുപേക്ഷിച്ചു നേരെനിൽക്കണം. ഈ ഗവൺമെൻറിന്റെ പരിപാടികളെ സഹായിക്കണം, നിയമസമാധാനം പാലിക്കുന്നതിനു സഹായിക്കണം. അങ്ങനെ ചെയ്താൽ ഈ രാജ്യത്ത് യാതൊരു കുഴപ്പവും വരുകയില്ല. മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയുടെ തീസിസ്സു എന്താണെന്നുള്ളതു അറിയാം. അച്യുതമേനോൻ ഗവൺമെൻറിനെക്കൊണ്ടു വെടിവയ്പുകളും ലാത്തിച്ചാർജ്ജുകളും നടത്തിപ്പിക്കുമെന്നു പറഞ്ഞ്, വെടിവയ്പുകൾക്കും ലാത്തിച്ചാർജ്ജുകൾക്കുമുള്ള സാഹചര്യം സൃഷ്ടിച്ചാൽ കുറെ നിരപരാധികളുടെ മേൽ ഒരു പക്ഷേ ലാത്തിച്ചാർജ്ജു ചെയ്തേക്കാം. അതിൽ നിന്നും രാഷ്ട്രീയമായ മുതലെടുപ്പു നടത്തുന്നതിനുവേണ്ടി രാജ്യത്താകെ വെടിവയ്പുകളും ലാത്തിച്ചാർജ്ജുകളും ഉണ്ടാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്യുന്നതു. ഇതു ഞങ്ങൾക്കറിയാം. ഗീബൽസിന്റെ പ്രചരണം അഴിച്ചുവിടുകയാണ് മാർക്സിസ്ററുകാർ ചെയ്യുന്നത് അതവിടെ വച്ചേക്കൂ. ഇവിടെ പോലീസുരാജാണ്, മർദ്ദനഭരണമാണു, എം.എൽ. എ.മാരെ മർദ്ദിക്കുന്നു എന്നൊക്കെ നൂറുതവണ പറഞ്ഞാലും ശ്രീമതി ഗൗരി കേരളാകോൺഗ്രസ് യൂണിഫോം ഇട്ടു മർദ്ദിക്കുന്നു എന്നട്ടഹസിച്ചാലും ഈ രാജ്യത്തിലെ ജനങ്ങൾക്കു അതിന്റെ സത്യാവസ്ഥ എന്താണെന്നുള്ളത് അറിയാം. മാർക്സിസ്ററുപാർട്ടിയുടെ തീസിസ് അറിയാം അതുകൊണ്ടൊന്നും ജനങ്ങളുടെ വിശ്വാസത്തിൽ മാററം വരാൻ പോകുന്നില്ല.

ഞാൻ ചുരുക്കുകയാണ്. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ അതിനെ രാഷ്ട്രീയാടിസ്ഥാനത്തിൽ കാണേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ ബഡ്ജററിലെ നികുതി നിർദ്ദേശങ്ങളെ പരിശോധിച്ചുകൊണ്ട് ഈ ബഡ്ജററിൽക്കൂടി വിഭാവനം ചെയ്തിരിക്കുന്ന ക്രിയാത്മകമായ നിർമ്മാണ പരിപാടികളെ പരിശോധിച്ചുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ വിധിയെഴുതണമെന്ന്. അങ്ങനെ നോക്കുമ്പോൾ ഇതൊരു ജനകീയ ബഡ്ജററാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. മുദ്രാവാക്യങ്ങൾ കൊണ്ടോ പ്രക്ഷോഭണങ്ങൾ കൊണ്ടോ സമരപ്രഖ്യാപനങ്ങൾകൊണ്ടോമാത്രം രാജ്യം നന്നാകുകയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, 1968—ലേയും 1969—ലേയും ബഡ്ജററിൽനിന്നു വ്യത്യസ്തമായി വളരെ സത്യസന്ധമായ അവതരണത്തോടുകൂടി, ചില ക്രിയാത്മകമായ പുരോഗമനപരമായ പരിപാടികളോടുകൂടി കൊണ്ടുവന്നിരിക്കുന്ന 1970—71—ലെ ബഡ്ജററിനെ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടേയും പ്രത്യേകിച്ചു ശ്രീമതി ഗൗരിയമ്മയുടേയും പിൻതുണയുണ്ടാകുമെന്നു പ്രത്യാശിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> അങ്ങനെയൊന്നും വിശ്വസിക്കേണ്ട.

<u>ശ്രീ. കെ. എം. മാണി:</u> അതു നിങ്ങൾക്കു തന്നെ അപകടമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> എന്നെ ഒരു പാടു അപകടപ്പെടുത്താൻ നോക്കി. അപകടപ്പെടുത്തിയാലും വിഷമമില്ല. ആളുകൾ നോക്കികൊള്ളു. ഇതിനൊക്കെനിൽക്കുന്നതുതന്നെ ഇങ്ങനെവരുമെന്നു വിചാരിച്ചുകൊണ്ടാണ്

<u>ശ്രീ. കെ. എം. മാണി:</u> മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടിയുടെ കണ്ണു തുറക്കണമെങ്കിൽ കൊല്ലങ്ങൾ കുറെ കഴയുമെന്നു എനിക്കറിയാം. എനിക്കതിൽ യാതൊരു വിരോധവുമില്ല. നിങ്ങൾക്കു ഇഷ്ടമുള്ള നയം സ്വീകരിച്ചുകൊള്ളൂ. ഞാൻ അഭ്യർത്ഥിക്കുന്നു ഏതായാലും ഈ പരിപാടി നിറുത്തിവയ്ക്കണം, ഈ ഭള്ളു അവസാനിപ്പിക്കണം. അച്യുതമേനോൻ ഗവൺമെൻറ് ഈ രാജ്യത്തെ ജനങ്ങളോടു ചെയ്തിരിക്കുന്ന പ്രതിജ്ഞ, നിയമസമാധാനം കൈവരുത്തുമെന്നുള്ള പ്രതിജ്ഞ ഒരു സൽഭരണം ഈ രാജ്യത്തിനു പ്രദാനം ചെയ്യുമെന്നുള്ള പ്രതിജ്ഞ അതു നിറവേററാൻ അങ്ങേയററം പരിശ്രമിക്കുമെന്നും, അതോടൊപ്പം നിങ്ങളുടെ ഈ ഗീബിൽസിൻെറ പ്രചാരണം ഇവിടെ ചെലവാകുകയില്ലെന്നും പറഞ്ഞുകൊണ്ടു എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബി. മാധവൻ നായർ:</u> ഈ ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. രാഷ്ട്രീയമായി വളരെയധികം കലുഷിതമായ അന്തരീ

11 A. M. ക്ഷത്തിലാണ് നമ്മുടെ സഭയിൽ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഈ സഭ തുടങ്ങിയതു മുതൽ ഇന്നുവരെ കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു പ്രതിപക്ഷത്തെ കേരളത്തിലെ ജനങ്ങൾക്ക് കാണാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 1967-ലെ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ തിരഞ്ഞെടുത്തയച്ച ഐക്യമുന്നണിയുടെ രൂപീകരണത്തെത്തുടർന്ന് രൂപം കൊടുത്ത മന്ത്രി സഭ ഈ രാജ്യത്ത് അധികാരത്തിലിരുന്ന അവസരത്തിൽ ഈ സഭയിലുണ്ടായിരുന്ന പ്രതിപക്ഷവും ഇന്നത്തെ ഈ നിയമസഭയിലിരിക്കുന്ന പ്രതിപക്ഷവും തമ്മിലുള്ള വ്യത്യാസം കേരളത്തിലെ ജനങ്ങൾക്ക് വളരെ വ്യക്തമായി കാണാൻ സാധിക്കും. അന്നു, കഴിഞ്ഞ 31 മാസത്തിനുമുൻപ് ഈ രാജ്യത്ത് നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ അധികാരത്തിലിരുന്ന ഗവൺമെൻറ് ചെയ്തിരുന്ന പ്രവർത്തനങ്ങളെ വിമർശിച്ചിരുന്ന പ്രതിപക്ഷത്തിൻെറ രാഷ്ട്രീയ സ്വഭാവം ജനാധിപത്യപരവും വസ്തുനിഷ്ഠവുമായിരുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻസാധിക്കും. ശുഷ്കമായ അംഗസംഖ്യയുള്ള ഒരു പ്രതിപക്ഷം, ഏതു ഭയങ്കരമാർഗ്ഗമുപയോഗിച്ച് നിയമസമാധാനം തകർത്താലും നിയമസഭാവേദിയും മററും ഏതു വിധത്തിലും

LIBRARY ARCHIVES Kerala Legislative Assembly

വൃത്തിഹീനമാക്കിയാലും കുഴപ്പമില്ലായിരുന്നപ്പോൾ പോലും, അവരുടെ അംഗസംഖ്യ കുറവായിരുന്നാൽപ്പോലും അവർ ചെയ്യാത്ത പണികളാണ് ഇന്ന് ഏററവും കൂടുതൽ അംഗങ്ങളുടെ ഭൂരിപക്ഷമുള്ള ഒരു പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഈ സ്റേറററിലുണ്ടായിട്ടുള്ളതെന്ന കാര്യം കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ ബഡ്ജററിനെ സംബന്ധിച്ചും ഇതിനു മുൻപുണ്ടായിരുന്ന സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ചും അതിനെ വിലയിരുത്തിക്കൊണ്ടുള്ള ചർച്ചകളിൽ പ്രധാനമായി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നു പൊന്തിവന്നത് വെറും പോലീസു മർദ്ദനങ്ങളെക്കുറിച്ചുള്ള പരാതികളുടെ ഘോഷയാത്രകളായിരുന്നു. പ്രതിപക്ഷ നേതാവിന്റെയും, പ്രതിപക്ഷ ഉപനേതാവായ ശ്രീമതി ഗൗരിയുടെയും പ്രസംഗങ്ങളിലുമെല്ലാം പോലീസ് മർദ്ദനങ്ങളെസംബന്ധിച്ചുള്ള പരാതികളും ഗവൺമെൻറിനെ താഴെയിറക്കാനുള്ള സമരത്തെക്കുറിച്ചുള്ള ആഹ്വാനവുമായിരുന്നു. അങ്ങനെയൊരു കാര്യംമാത്രമേ ഈ രാജ്യത്തിലെ ജനങ്ങളുടെ വികാരങ്ങളിൽ നിന്ന് ഈ സഭയുടെ മുമ്പിൽ അവർക്ക് അവതരിപ്പിക്കാനുള്ളു. ഈ ഗവൺമെൻറ് ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ സംബന്ധിച്ചും ഈ ഗവൺമെൻറിന്റെ നിലനില്പിനെ സംബന്ധിച്ചും കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും വളരെയധികം ആഗ്രഹമുണ്ട്. ആ നിലക്ക് ഈ ഗവൺമെൻറിനെ ഏതു മാർഗ്ഗമുപയോഗിച്ചും താഴെയിറക്കി ഇടുന്നതിനുള്ള അല്ലെങ്കിൽ ഏതുമാർഗ്ഗവുമുപയോഗിച്ചുകൊണ്ട് ലാത്തിച്ചാർജുകളും വെടിവയ്പുകളും സൃഷ്ടിക്കുന്നതിനുവേണ്ടി നടത്തുന്ന സമരങ്ങളും, ഈ ഗവൺമെൻറിലെ മന്ത്രിമാർക്കുനേരെ ആസിഡ് ബോംബ് എറിയുകയും, മന്ത്രിമാർക്കെതിരെയുള്ള കരിങ്കൊടി പ്രകടനങ്ങളുടെ ഘോഷയാത്രയുമെല്ലാം ഫുഡ്ബാളിന്റെ പുറത്ത് ആവേശത്തോടെ അടിച്ചാൽ അത് ആധികം മുന്നോട്ടുപോകുന്നതുപോലെ ഈ മന്ത്രിസഭയുടെനേരെ പ്രതിപക്ഷം നടത്തുന്ന എല്ലാ വിധ ആക്രമണങ്ങളും പ്രത്യേകിച്ചും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി അച്ചുതമേനോൻ ഗവൺമെൻറിന്റെ നേരെ അടിക്കുന്ന ഓരോ അടിയും ഈ ഗവൺമെൻറിന്റെ പുരോഗതിയുടെ കവാടത്തിലേയ്ക്കും ഉയർച്ചയിലേക്കും നയിക്കുകയാണ് ചെയ്യുന്നതെന്നുള്ളത് ഇവിടത്തെ ജനങ്ങൾക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറിന്റെ നിലനില്പിനെസംബന്ധിച്ച് പല സംശയങ്ങളും വച്ചുകൊണ്ട് ജനങ്ങളുടെയിടയിൽ തെററിദ്ധാരണ പരത്തുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറിന് വളരെയേറെ ബഹുജന പിൻതുണയുള്ളതുകൊണ്ട് അവയൊന്നും വിലപ്പോകുകയില്ല.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ഈ ഗവൺമെൻറിന് വളരെക്കൂടുതൽ ബഹുജനപിൻതുണയുണ്ടെന്നു പറഞ്ഞല്ലോ. അതിന് തിരഞ്ഞെടുപ്പ് വല്ലതും നടത്തിയോ?

<u>ശ്രീ. ബി. മാധവൻ നായർ:</u> സാധാരണ ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ബഹുജന പിന്തുണയുണ്ടെന്ന് എങ്ങനെയാണ് മനസ്സിലാക്കുന്നത്? തിരഞ്ഞെടുപ്പുകൊണ്ടു മാത്രമല്ല, ഗവൺമെൻറിനെ താഴെയിറക്കുന്നതിനുവേണ്ടി പ്രതിപക്ഷ കക്ഷികളുണ്ട്; രാഷ്ട്രീയഎതിരാളികൾ നൽകുന്ന ആഹ്വാനത്തെ ജനങ്ങൾ സ്വീകരിക്കുന്നതിനെ ആശ്രയിച്ചിരുക്കും. ഇ.എം.എസ്. പഴവങ്ങാടി മൈതാനത്ത് പ്രസംഗിച്ച യോഗത്തിൽ സംബന്ധിച്ച് ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു. അദ്ദേഹം പറയുകയാണ്, പോലീസ് നടത്തുന്ന വെടിവയ്പുകളെ സംബന്ധിച്ച് ഞങ്ങൾ അന്വേഷണം ആവശ്യപ്പെടുകയില്ല, അന്വേഷണം ഞങ്ങൾക്ക് ആവശ്യമില്ല, പോലീസ് വെടിവയ്ക്കട്ടെ എന്ന്. ഇതൊക്കെ പറഞ്ഞതിനുശേഷം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഈ രാജ്യത്തിലെ ജനങ്ങളെ ഒരു സമ്പൂർണ്ണ ഹർത്താലിനുവേണ്ടി ആഹ്വാനം ചെയ്തു, പണിമുടക്കിനുവേണ്ടി ആഹ്വാനം ചെയ്തു. മാർക്സിസ്ററ് പാർട്ടിയിലെ

LIBRARY ARCHIVES Kerala Legislative Assembly

25 ശതമാനം ആളുകളെപ്പോലും പാർട്ടി നേതൃത്വത്തിന് അതിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞില്ല. അനേകം സംഘടനകളും, ബഹുജനങ്ങളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് അനുഭാവമുള്ള ആളുകൾ പോലും നിഷ്പക്ഷമായ ഒരു നയം സ്വീകരിച്ച് ഈ ഗവൺമെൻറ് നിലനിൽക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട്, ഈ ഗവൺമെൻറിനു പിൻതുണ നൽകിക്കൊണ്ട് നേതൃത്വത്തിൻെറ ആഹ്വാനം ബഹിഷ്ക്കരിച്ചിരുന്നു.

നമ്മുടെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ മാററങ്ങളുണ്ടാക്കുന്നതിനുവേണ്ടി കേന്ദ്രനയത്തിൽ മാററങ്ങൾ ആവശ്യമാണെന്നുള്ള ഐക്യമുന്നണിയുടെയും ഈ ഗവൺമെൻറിൻേറയും അഭിപ്രായം ധനകാര്യ മന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. കേന്ദ്രത്തിനെതിരായി സമരമെന്ന പേർ ഈ ബഡ്ജററിലും ഈ ഗവൺമെൻറിൻെറ നയങ്ങളിലും കാണുന്നില്ലെന്ന് പ്രതിപക്ഷം വിമർശനാത്മകമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനെക്കുറിച്ച് ഒരു വസ്തുത ഇവിടെ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ചരിത്രത്തിൻെറ ഏടുകളിൽ 'യുട്ടോപ്പിയൻ' സോഷ്യലിസമെന്ന സാങ്കൽപ്പിക സോഷ്യലിസത്തെക്കുറിച്ച് സോഷ്യലിസ്ററ് നേതാക്കൻമാരും മററും പ്രതിപാദിച്ചിട്ടുണ്ട്. മാർക്സ് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ എഴുതിയ അവസരത്തിൽ ഈ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ഇതൊരു സാങ്കൽപ്പിക കാര്യം മാത്രമാണെന്നു പറയാറുണ്ട്. പഴയ ഐക്യമുന്നണി രൂപീകരണത്തിനുശേഷം ഈ.എം.എസി.ൻെറ മന്ത്രിസഭ അംഗീകരിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരുന്ന ബഡ്ജററുകൾക്കകത്ത് കേന്ദ്ര വിരുദ്ധസമരമെന്ന പേർ പ്രതിപാദിച്ചിരുന്നത് വെറും സാങ്കൽപ്പികങ്ങൾ മാത്രമായിരുന്നുവെന്ന് അനുഭവത്തിൽക്കൂടി ഈ സഭയും ഈ രാജ്യത്തിലെ ജനങ്ങളും മനസിലാക്കിയിട്ടുണ്ട്. മാർക്സ് അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള യുട്ടോപ്പിയൻ സോഷ്യലിസ്ററുകാരെപ്പോലെ കേന്ദ്ര വിരുദ്ധസമരമെന്നപേർ ഈ ബഡ്ജററിൽ വരാത്തതുകൊണ്ട്, ആ രീതിയിൽ ഈ ഗവൺമെൻറിൻെറ നയങ്ങളെ വിലയിരുത്തുന്നത് തെററാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേന്ദ്രത്തോടുള്ള ഈ ഗവൺമെൻറിൻെറ വ്യക്തമായ നയം എന്താണെന്നുള്ളത് ഇവിടെ പലതവണ പറഞ്ഞിട്ടുള്ളതാണ്. കേന്ദ്രം സാമ്പത്തിക നയങ്ങളെ സംബന്ധിച്ചിടത്തോളം പുനഃപരിശോധിക്കണമെന്നുള്ളതുകൊണ്ടാണ്, കേരളത്തിൻെറ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു തന്നെയാണ് ഈ ഗവൺമെൻറ് ഈ രാഷ്ട്രീയമായ പശ്ചാത്തലത്തിൽ അധികാരമേറെറടുത്തത്. കേരളത്തിൻെറ കഴിഞ്ഞകാലങ്ങളിലെ രാഷ്ട്രീയചരിത്രം പരിശോധിക്കുകയാണെങ്കിൽ തിരുവിതാംകൂറായിരുന്നപ്പോഴും, തിരു–കൊച്ചിയായിരുന്നപ്പോഴും, കേരളസംസ്ഥാനമായപ്പോഴും രണ്ടുകൊല്ലത്തിലധികം അധികാരത്തിലിരിക്കാത്ത ഗവൺമെൻറുകൾ ഉണ്ടായതിൻെറ ഫലമായി, രാഷ്ട്രീയ അസ്ഥിരത ഉണ്ടായിട്ടുള്ളതിൻെറ ഫലമായി കഴിഞ്ഞകാലങ്ങളിൽ കേന്ദ്രം പ്ലാൻ സ്കീമുകളെ സംബന്ധിച്ചിടത്തോളം കൂടിയാലോചന നടത്തുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യത്ത് ജനാധിപത്യപരമായ ഒരു ഗവൺമെൻറില്ലാതെ വരികയും നമ്മുടെ രാജ്യം എന്നും തീരാശാപമായ പ്രസിഡൻറ് ഭരണത്തിലേക്ക് പതിക്കുകയും അതിൻെറ ഫലമായി നമ്മുടെ വിഹിതം യഥാവസരങ്ങളിൽ കണക്കുപറഞ്ഞുവാങ്ങാതെ പോകുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1967–ൽ ഐക്യമുന്നണി രൂപീകരിച്ച സമയത്ത് ഈ രാജ്യത്ത് രാഷ്ട്രീയ സ്ഥിരതയുള്ള ഒരു ഗവൺമെൻറ് രൂപീകരിക്കുമെന്ന് ഉറപ്പുകൊടുത്തിരുന്നു. എന്നാൽ ഐക്യമുന്നണി ഗവൺമെൻറിൻെറ പേരിൽ നമ്പൂതിരിപ്പാട് ഘടക കക്ഷികളോടൊന്നും ആലോചിക്കാതെ സ്വന്തം രാജി ഇവിടെ നിന്നു ഇറങ്ങിപ്പോയി ഗവർണ്ണർക്ക് കൊടുത്തുകൊണ്ട് ഈ രാജ്യത്ത് രാഷ്ട്രീയസ്ഥിരതയുണ്ടാക്കുകയാണ് ചെയ്തത്. ഇവിടത്തെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് കേന്ദ്രവുമായി ആലോചിക്കുന്നതിന് ഒരു ഗവൺമെൻറുണ്ടായിരിക്കേണ്ട സന്ദർഭത്തിൽ ആ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കിത്തീർക്കുന്നതിൽനിന്നും മോചനം കിട്ടാനാണ്, ജനങ്ങൾക്ക് നൽകിയിരുന്ന വാഗ്ദാനം നിറവേററാനാണ് അച്ചുതമേനോൻ ഗവൺമെൻറ് അധികാരത്തിൽ വന്നത്. പ്ലാൻ സ്കീമുകളെ സംബന്ധിച്ചിടത്തോളവും മററു കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും കേന്ദ്രവുമായി കൂടിയാലോചിക്കുന്നതിനും കേരളത്തിന്റെ വിഹിതം വിട്ടുവീഴ്ചയില്ലാതെ നേടുന്നതിന് സന്ധിയില്ലാ സമരത്തിനും ഈ ഗവൺമെൻറ് സന്നദ്ധമാണ്. ആ സമരത്തിന് പല രൂപങ്ങളും ഭാവങ്ങളും ഉണ്ട്. അങ്ങനെ കേരളത്തിന്റെ ന്യായമായ വിഹിതങ്ങൾ നേടിയെടുക്കുന്നതിന് ഈ ഗവൺമെൻറ് എല്ലാ വിധ പരിശ്രമങ്ങളും നടത്തുന്നതാണെന്നു ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

ഇനി എനിക്ക് ഒരു വസ്തുത ചൂണ്ടിക്കാണിക്കാനുള്ളത് ടാക്സിനെ സംബന്ധിച്ചിടത്തോളമാണ്. മുഖ്യമന്ത്രി നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറിരിക്കുമ്പോൾ ശ്രീ. ചന്ദ്രശേഖരനും ഇന്നത്തെ മുഖ്യ മന്ത്രി അച്ചുതമേനോനും തവരാജും അംഗങ്ങളായുള്ള ഒരു കമ്മററിയെ നിയമിക്കുകയുണ്ടായി. ഏററവും വലിയ സമ്പന്ന വിഭാഗങ്ങളുടെ മേൽ നികുതി ചുമത്താനും സാധാരണ വിഭാഗങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കാനുമുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നായിരുന്നു ആ കമ്മിററിയോട് ആവശ്യപ്പെട്ടത്. തവരാജ് കമ്മിററി കൊണ്ടു വന്ന റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ ഗവൺമെൻറ് പഠിച്ചു കൊണ്ടിരിക്കുകയാണെന്നും അടുത്ത ബഡ്ജററിൽഅത് ഇവിടെ അവതരിപ്പിക്കുന്നതാണെന്നും നമ്പൂതിരിപ്പാടുതന്നെ ഈ സഭയിൽ ഒരു ചോദ്യത്തിന് ഉത്തരം നൽകിയിട്ടുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിൽ ഇന്നത്തെ ധനകാര്യ മന്ത്രി ശ്രീ. ശേഷൻ അവതരിപ്പിച്ചിട്ടുള്ള ഏററവും പുരോഗമനപരമായ ബഡ്ജററിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന നികുതി നിർദ്ദേശങ്ങൾ തവരാജ് കമ്മിററിയുടെ നിർദ്ദേശങ്ങളാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതിൽ തന്നെ സാധാരണക്കാരെ ബാധിക്കുന്ന ചില നികുതികൾ പിൻവലിക്കണമെന്നുള്ള അഭ്യർത്ഥനകൾ പല ഭാഗത്തിനിന്നും വന്നിട്ടുണ്ട്. സോപ്പിന്റെ കാര്യം കഴിഞ്ഞ ബഡ്ജററിൽ കൊണ്ടുവന്നിട്ട് പിൻവലിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്. ഐസിന്റെ കാര്യത്തിലും ഇതാണ് വസ്തുത.

മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് കേന്ദ്ര ഗവൺമെൻറ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ പട്ടണങ്ങളുടെമേൽ ഭാരിച്ച നികുതി ചുമത്തിയിട്ടുണ്ട്. ഞാൻ പട്ടണത്തിലെ ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടുമാത്രം പറയുന്നതല്ല. പട്ടണത്തിൽ കെട്ടിടങ്ങളുടെ മേൽ വമ്പിച്ച നികുതികൾ ചുമത്തിക്കൊണ്ടാണ് കേന്ദ്രം ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നത്. ഇവിടത്തെ ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലും പട്ടണങ്ങളിലെ കെട്ടിടങ്ങളുടെ മേൽ പതിനായിരത്തിനു മുകളിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് ഒരുനികുതി ചുമത്തിയിട്ടുണ്ട്. എന്റെ അഭ്യർത്ഥന ഈ നികുതി പിൻവലിക്കണമെന്നുള്ളതല്ല. അൽപ്പം കൂടി ഉയർത്തുന്ന കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് മീഡിൽ ഇൻകം ഗ്രൂപ്പിൽപ്പെട്ട കെട്ടിടങ്ങൾക്ക് കളക്ടർ അനുവദിക്കുന്ന തുക പോലും പതിനയ്യായിരം രൂപയാണ്. മദ്ധ്യവർത്തികൾ ഒഴിവാക്കപ്പെടാൻ ശ്രദ്ധിച്ചാൽ നന്നായിരിക്കുമെന്ന് എനിയ്ക്കൊരഭ്യർത്ഥനയുണ്ട്.

മറെറാരു വസ്തുത ചൂണ്ടിക്കാണിക്കാനുള്ളത് സ്വർണ്ണത്തിന്റെ മേലുള്ള നികുതികളെ സംബന്ധിച്ചിടത്തോളമാണ്. സാധാരണ ചോദിച്ചേക്കും വലിയ പണക്കാരല്ലെ സ്വർണ്ണം വാങ്ങുന്നതെന്ന്. നമ്മുടെ രാജ്യത്തെ സ്വർണ്ണത്തൊഴിലാളികളെ സംബന്ധിച്ചാണ് എനിക്ക് ഉൽക്കണ്ഠയുള്ളത്. 'പണ്ടേ ഗർഭിണി പോരെങ്കിൽ ദുർബല' എന്നു പറയുന്ന മാതിരി നമ്മുടെ രാജ്യത്തിലെ സ്വർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

ത്തൊഴിലാളികൾ മൊറാർജി ദേശായിയുടെ സ്വർണ്ണ നിയന്ത്രണ ചട്ടപ്രകാരം തൊഴിലില്ലാത്തവരായി തീർന്നു. സ്വർണ്ണ നിയന്ത്രണ ചട്ടങ്ങളിൽ അൽപ്പാൽപ്പം കുറവുവന്നതിന്റെ ഫലമായി ചെറിയ തോതിൽ ആഭരണങ്ങൾ ഉണ്ടാക്കുന്ന തൊഴിലിൽ അവർ ഏർപ്പെട്ടിരിക്കുകയാണ്. കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം ഒരു പവന്റെ ആഭരണം വാങ്ങുന്നതിന് ഇരുപത്തിരണ്ടരരൂപാ കൂടുതൽ വരുമ്പോൾ അവർ കുഴിത്തറയിലേക്ക് മാറിക്കളയുമോ, അല്ലെങ്കിൽ മററു വിധത്തിൽ ഗവൺമെൻറിനെ സ്വാധീനിപ്പിക്കുകയോ ചെയ്യാൻ ശ്രമിക്കും. എന്നാൽ ആരഭണങ്ങൾവാങ്ങുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം 10 പവന്റെ ആഭരണം വാങ്ങുന്ന ആളിന് ഈ നികുതി മൂലം നാനൂറുരൂപ കൂടുതലായി കൊടുക്കേണ്ടി വരുമ്പോൾ അവർ തമിഴ് നാട്ടിലോ മററോ പോയി വാങ്ങാൻ ഇടവരും. അങ്ങനെ വരുമ്പോൾ വ്യാപാരം നടക്കുകയില്ല. അപ്പോൾ ആഭരണം ഉണ്ടാക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നുണ്ടായിരിക്കുന്നതിൽ കൂടുതൽ അൺ എംപ്ലോയ്മെൻറ് പ്രോബ്ളം ഉണ്ടാകുമെന്നുള്ളത് ഈ നികുതികളെസംബന്ധിച്ചിടത്തോളം ഒരു കേന്ദ്രീകരണ സ്വഭാവം ഉണ്ടാക്കുന്ന കാര്യത്തിൽ ആലോചിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഞാൻ അധികം പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് നോൺടാക്സ് ഐററങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നും വെറും ടാക്സ് ഗവൺമെൻറിൽനിന്നും ഡയറക്ടായി പിരിക്കുന്നു എന്നുമൊക്കെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു ശരിയല്ല. 1970—71—ലെ ഈ ബഡ്ജററിൽ 5181.40 ലക്ഷം രൂപ നോൺ ടാക്സ് ഇനത്തിലുള്ള വരുമാനമായി കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ 5181.40 ലക്ഷം രൂപ നോൺ ടാക്സ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ബഡ്ജററാണിത്. മുൻ കൊല്ലങ്ങളെക്കാൾ ഏതാണ്ട് 5 ലക്ഷം രൂപാ നോൺ ടാക്സ് ഇനത്തിലും ഗവൺമെൻറ് പ്രതീക്ഷിക്കുന്നുണ്ടെന്നുള്ളതാണ് ഒരു വസ്തുത. ഹയർപർച്ചേസ്, ഏലം മുതലായവയെ സംബന്ധിച്ചിടത്തോളം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതും ടോക്കൺ ഹെഡിൽ ഉള്ളതുമെല്ലാം ഗവൺമെൻറ് പാടെ ഉപേക്ഷിച്ചു എന്ന വിമർശനം ശരിയല്ല. ഈ ബഡ്ജററ് ഏററവും പുരോഗമന പരമായ ഒരു രാഷ്ട്രീയ പ്രതിസന്ധിയിൽ അധികാരത്തിൽവന്ന ഈ ഗവൺമെൻറിന് കേരളത്തിലെ ജനങ്ങളുടെ സങ്കീർണ്ണങ്ങളായ എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കുറെയൊക്കെ വിലയിരുത്തി പരിഹൃതമാക്കുന്നതിനുവേണ്ടി ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ആ നിലയിൽ ഇതിനെ ഞാൻ പിൻതാങ്ങുകയാണ്. രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് പോലീസ് മർദ്ദനത്തിന്റെ പേരിൽ ഈ ഗവൺമെൻറിനെ കുററം പറയാതെ പ്രതിപക്ഷം ക്രിയാത്മകമായി വസ്തുനിഷ്ടമായി ഇതിനെ വിലയിരുത്തണമെന്നും ആ അടിസ്ഥാനത്തിൽ ഗവൺമെൻറുമായി സഹകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ബഡ്ജററിനെ പിൻതാങ്ങുകയാണ്.

<u>ശ്രീ. കെ. ഐ. രാജൻ:</u> സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. ഈ ബഡ്ജററ് ഒട്ടാകെ ഒന്ന് വായിച്ചു നോക്കുമ്പോൾ തമ്പുരാന്റെ പടിക്കൽ അടിയാൻ ഓഛാനിച്ചു നിൽക്കുന്നതുപോലെ ഇന്ദിരാഗാന്ധി ഗവൺമെൻറിന്റെ മുൻപിൽ ഈ സംസ്ഥാന ഗവൺമെൻറ് അറച്ചു നിൽക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. കേരളത്തിന്റെ സജീവമായ പ്രശ്നത്തിന് ചില കാര്യങ്ങളൊക്കെ കേന്ദ്രം ചെയ്യണമെന്ന് ധീരമായി പറയാൻ ഏതോ ഒരു പേടിയുള്ളതുപോലെ എനിക്കു തോന്നിപ്പോവുകയാണ്. ചുരുക്കത്തിൽ കേരളവും കേന്ദ്രവുമായിട്ടുള്ള ബന്ധത്തെപ്പററി പരാമർശിക്കുമ്പോൾ തൊട്ടു തൊട്ടില്ല എന്ന ഒരു നയമാണ് ധനകാര്യമന്ത്രി മി. ശേഷൻ കൈക്കൊണ്ടിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു നയം എടുക്കാനുള്ള ആത്മധൈര്യം ഈ ഗവൺമെന്റിനില്ല. കാരണം ഇതൊരു നേരായ ഗവൺമെന്റല്ല. പുറം വാതിലിൽകൂടി അധികാരത്തിൽ വന്ന ഗവൺമെന്റാണ്. എന്റെ ശൈലിയിൽ പറയുകയാണെങ്കിൽ സെക്രട്ടറിയേറ്റിന്റെ ഓടിളക്കി അധികാരത്തിൽ വന്നവരാണ്. കള്ളന്മാരെപ്പോലെ വീട്ടിലേക്ക് നുഴഞ്ഞുകയറി വന്നവരാണ്. ആ കസേരയിൽ കടിച്ചു തൂങ്ങുന്നതിന് ഇന്ദിരാഗാന്ധി സഹായിച്ചു. അവരുടെ മുൻപിൽ ഓഛാനിച്ചു നിൽക്കുക, അങ്ങനെയുള്ള ഒരു സമീപനമാണ് ഈ ബഡ്ജറ്റിൽ ഒട്ടാകെ കാണാൻ സാധിക്കുന്നത്. ബഡ്ജറ്റിന്റെ ഉള്ളടക്കത്തിലേക്ക് കടന്നാൽ എന്താണ് കാണാൻ സാധിക്കുന്നത്: സോപ്പ് ഉൾപ്പെടെയുള്ള സാധനങ്ങളുടെമേൽ നികുതി ചുമത്തിക്കൊണ്ട് ഉപ്പ് തൊട്ട് കർപ്പൂരംവരെ വില വർദ്ധിപ്പിച്ചുകൊണ്ട് നികുതി നിർദ്ദേശങ്ങൾ മുന്നോട്ടു വച്ച് സാധാരണക്കാരെ പിഴിഞ്ഞെടുക്കുന്ന പോലീസിനുവേണ്ടി 30 ലക്ഷം രൂപാ നീക്കിവച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെയാണ് പോലീസ് ചെയ്യുന്നതെന്ന കാര്യം പറയേണ്ടതില്ല. ഇവിടെ നടന്നിട്ടുള്ള ചർച്ചകളിൽ നിന്നും ആ കാര്യങ്ങളൊക്കെ അറിയാം. ഒരു ഫാസിസ്റ്റു ഗവൺമെന്റു പോലും ചെയ്യാത്ത രീതിയിൽ വയനാടൻ മലകളിൽ നാട്ടുകാരെ വെടി വയ്ക്കുന്ന സംഭവങ്ങൾ ഒക്കെത്തന്നെ ഈ വേദിയുടെ മുൻപിൽ വന്നിട്ടുണ്ട്. ചുരുക്കത്തിൽ ഇന്നേവരെ ഈ ഗവൺമെന്റിന്റെ പ്രവർത്തനം നോക്കിയാൽ ജനങ്ങളെ മർദ്ദിക്കുക, മർദ്ദിച്ചൊതുക്കുക എന്നതിൽക്കവിഞ്ഞ് യാതൊരുവിധ നടപടിയും ഈ ഗവൺമെന്റ് എടുത്തിട്ടില്ല. അങ്ങനെ ഇന്ന് തല്ലുന്നത് പോര കൂടുതൽ തല്ലണം എന്നാണ് പറയുന്നത്. ഇന്നുതന്നെ തല്ലുന്നതിനുവേണ്ടി ലക്ഷക്കണക്കിനു രൂപ ചെലവാക്കുന്നുണ്ട്. അഡീഷണലായിട്ട് 30 ലക്ഷം രൂപ കൂടി പിരിച്ചെടുത്തിട്ട് സാധാരണക്കാരെ പിഴിഞ്ഞെടുത്തിട്ട് 30 ലക്ഷം രൂപായുടെ അഡീഷണൽ ഫണ്ടു കൊണ്ടുള്ള അഡീഷണൽ അടികൂടി ഈ രാജ്യത്തെ ജനങ്ങളുടെ നേരേ അഴിച്ചു വിടുമെന്നാണ് ഇവർ ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ബഡ്ജറ്റിനെ ശക്തിയായിട്ട് ഞാൻ എതിർക്കുന്നത്. മറെറാരു ശൈലിയിൽ പറഞ്ഞാൽ ഇതിന് കമ്മ്യൂണിസ്റ്റ് മന്ത്രി സഭയെന്നാണ് പേരു പറയുന്നത്. അങ്ങിനെയാണെങ്കിൽ ; കമ്മ്യൂണിസ്റ്റു മന്ത്രി സഭയിൽ സോഷ്യലിസ്റ്റ് മന്ത്രി രൂപം നൽകിയ ഒരു ഫാസിസ്റ്റ് ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എന്ന് ശക്തിയായി അഭിപ്രായമുള്ള ഒരു എളിയ തൊഴിലാളി പ്രവർത്തകനാണ് ഞാൻ. മുദ്രാവാക്യം വിളിച്ചതിനുപോലും തൊഴിലാളികളെ അറസ്റ്റ് ചെയ്ത് ഭീകരമായി മർദ്ദിച്ചിട്ടുള്ള ഈ ഗവൺമെന്റിനെ അങ്ങനെയല്ലാതെ ഒരു ജനാധിപത്യ ഗവൺമെന്റായിപ്പോലും കാണാൻ ഞാൻ തയാറില്ല. കായൽ രാജാക്കന്മാർ കർഷക തൊഴിലാളികളെ മർദ്ദിച്ചൊതുക്കുന്നതുപോലെ കാട്ടു രാജാക്കന്മാരായ തോട്ടം ഉടമകൾ തോട്ടം തൊഴിലാളികളെ മർദ്ദിച്ചൊതുക്കുന്നത് ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിനെ പുറകിൽ നിന്നും കുത്തി മറിച്ചിട്ടതിനുശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്റെ നിയോജകമണ്ഡലമായ പീരുമേട്ടിൽ പച്ചക്കാനം തോട്ടത്തിൽ പണിയെടുക്കുന്ന അന്തോണിരാജ് എന്നു പറയുന്ന ഒരു തോട്ടം തൊഴിലാളിയെ തോട്ടമുടമകൾ ചേർന്ന് കുത്തിക്കൊലപ്പെടുത്തി. അപ്പോൾ അവിടെയുണ്ടായിരുന്ന സ്ത്രീകളുടെമേൽ നിഷ്ഠൂരമായ കയ്യേറ്റം നടത്തി. അവിടെയുള്ള പോലീസ് ഇൻസ്പെക്ടർപോലും ഇതുകണ്ടു. ആ മൃതദേഹത്തിന്റെമേൽ മറിഞ്ഞുവീണു പൊട്ടിക്കരയുന്ന സ്ത്രീ തൊഴിലാളികളെ കണ്ടിട്ട് ആ പോലീസ് ഓഫീസർക്കുപോലും ദയനീയത തോന്നി. തോട്ടമുടമയാണ് ഇത് ചെയ്തതെന്ന് ഞാൻ പറഞ്ഞപ്പോൾ ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുന്നു എന്ന് ആഫീസർ പറഞ്ഞു. അങ്ങനെ ആ തോട്ടം ഉടമ ഉൾപ്പെടെയുള്ള ആളുകളെ പ്രതികളാക്കി കേസു

കൊടുത്തു. എന്നാൽ ഈ അടുത്തകാലത്ത് കോട്ടയം ഡി. എസ്. പി. യുടെ ഒരു കത്തുകിട്ടി. തോട്ടം ഉടമകളെ ഒഴിവാക്കുന്നു എന്ന് പറഞ്ഞ്. തോട്ടം ഉടമകളെ ഒഴിവാക്കാൻ പോകുന്നു എന്നറിഞ്ഞപ്പോൾ അതിന് പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഒരു സാമാജികനെന്നുള്ള നിലയിൽ ഞാൻ എന്റെ പ്രതിഷേധം രേഖപ്പെടുത്തി കത്തയച്ചപ്പോൾ അതേപ്പററി അന്വേഷണം നടത്തിയ ഇൻവെസ്റ്റിഗേഷൻ ആഫീസർ പറയുന്നു ഇതിൽ അവർ പെട്ടിട്ടില്ലെന്ന്. സർക്കിൾ ഇൻസ്പെക്ടർ നേരിട്ടു കണ്ടതാണ്. തോട്ടമുടമകളെ സഹായിക്കുന്നതിനുവേണ്ടി നിൽക്കുന്ന ഗവൺമെൻറാണെന്ന് കാട്ടാൻ ഇതുകൊണ്ട് വിഷമമില്ല. ചുരുക്കത്തിൽ കാട്ടു രാജാക്കൻമാരുടേയും കായൽ രാജാക്കൻമാരുടേയും കാവൽപട്ടികളാണ് ഈ ഗവൺമെൻറ്. വളരെ ധീരതയോടുകൂടി ഇവിടെ പറയുന്നതുകേട്ടു, വിദേശ തോട്ടമുടമകളുടെ തോട്ടങ്ങൾ ദേശവൽക്കരിക്കാൻ പോകയാണുപോലും. ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായർ പ്രസംഗിച്ച അവസരത്തിലും നിങ്ങൾ 31 മാസക്കാലം ഇവിടെ ഭരിച്ചിട്ടില്ലേ നിങ്ങൾ ഇതു ചെയ്തോ എന്നുള്ള രീതിയിൽ പറയുന്നതുകേട്ടു. ഞാൻ പത്തുപതിനഞ്ചു വർഷമായി തോട്ടം രംഗത്ത് പ്രവർത്തിക്കുന്ന ഒരു എളിയ പ്രവർത്തകനെന്നുള്ള നിലയിൽ പറയുകയാണ്, ഇവരുടെ ദേശവൽക്കരണം ഈ രംഗത്ത് ചലിപ്പിക്കുവാൻ സാധിക്കുകയില്ല. ഞാൻ ഈ ദേശവൽക്കരണത്തിന് വലിയ പ്രാധാന്യം കൽപ്പിക്കുന്നില്ല. തോട്ടം വ്യവസായത്തിന് 100 കൊല്ലത്തെ പഴക്കമുണ്ട്. 1886-ൽ പൂഞ്ഞാർ രാജാവുമായി കരാർ ഉണ്ടാക്കിക്കൊണ്ട് ഒരേക്കർ ഭൂമിക്ക് ഒരുരൂപാ പാട്ടത്തിനാണ് ആ തോട്ടം കണ്ണൻദേവൻ കമ്പനി വാങ്ങിയത്. അവരുടെ തോട്ടം ദേശസാൽക്കരിക്കുകയാണെങ്കിൽ അവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് പറയുന്നുണ്ട്. എനിക്ക് അതിനോട് യോജിക്കാൻ ഒക്കുകയില്ല. വ്യാവസായിക രംഗത്ത് ഒരു ധീരമായ നടപടിയാണ് ഇവർ എടുക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ ഒററ നയാപൈസപോലും കണ്ണൻദേവൻ കമ്പനിക്ക് നഷ്ടപരിഹാരമെന്ന ഇനത്തിൽ കൊടുക്കാൻ പാടില്ല. അങ്ങനെ കൊടുക്കാതെ ദേശസാൽക്കരിച്ചാൽ ഈ രാജ്യത്തെ തൊഴിലാളികൾ ഈ ഗവൺമെൻറിന് കലവറയില്ലാത്ത പിൻതുണ നൽകും. പ്രതിഫലം കൊടുക്കുന്നതുകൊണ്ട് യാതൊരു തരത്തിലും നീതീകരിക്കാവുന്ന നടപടിയല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ കൊടുക്കുന്നത് ശരിയായഭാഷയിൽ പറഞ്ഞാൽ ധീരതയൊന്നുമല്ല.

അതുപോലെ മററുചില കാര്യങ്ങളുണ്ട്. ഇന്ന് ഈ മന്ത്രിസഭയിൽ മലനാടുമായി ബന്ധപ്പെട്ട രണ്ട് അംഗങ്ങളുണ്ട്. മലനാട് ജില്ലാ രൂപീകരണ പ്രസ്താനത്തിന് നേതൃത്വം കൊടുക്കുന്ന രണ്ട് നായകൻമാരുണ്ട്. അവർ ബഹുമാനപ്പെട്ട കെ. എം. ജോർജും, കെ. ടി. ജേക്കബ്ബുമാണ്. അവർ രണ്ടും ഉൾപ്പെടുന്ന ഒരു ക്യാബിനററിൽനിന്നും ഇത്രയും ക്രൂരമായ ഒരു സമീപനമാണല്ലോ ആ പ്രദേശത്തിന് കിട്ടിയതെന്നോർക്കുമ്പോൾ ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഒരു സാമാജികനെന്നുള്ള നിലയിൽ ഞാൻ ലജ്ജിക്കുകയാണ്. അവർ രണ്ടുപേരും മന്ത്രിസഭയിലായപ്പോൾ അവർ ഏതു വിധത്തിലെങ്കിലും ആ നാട്ടിന്റെ ഒരു ചിരകാലപ്രതീക്ഷ എന്നുള്ള നിലയിൽ മലനാടുജില്ല രൂപീകരിക്കുമെന്ന് വിശ്വസിച്ചിരുന്നു. ബഹുമാനപ്പെട്ട റവന്യൂമന്ത്രി കെ. ടി. ജേക്കബ് കോട്ടയത്തു വരുന്ന അവസരങ്ങളിലെല്ലാം പത്രപ്രവർത്തകരെ വിളിച്ച് സംസാരിക്കും മലനാട് ജില്ല ഉടൻതന്നെ വരാൻ പോകുകയാണെന്ന്. മലനാടുജില്ല വരുമോ എന്നുള്ള കാര്യത്തിൽ സംശയമാണ്. ഇതിൽ ഒരു വാക്കുണ്ട്. മലനാടുജില്ലയുടെ പ്രശ്നം സജീവമായ പരിഗണനയിലാണ്". മലപ്പുറം ജില്ലയോടൊപ്പംതന്നെ പ്രഖ്യാപിക്കപ്പെടേണ്ടിയിരുന്ന ഒരു ജില്ല ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട്, ബന്ധപ്പെട്ട ആഫീസറൻമാരുടെ റിപ്പോർട്ട് കിട്ടണമെന്ന് പറഞ്ഞുകൊണ്ട് കാലതാമസം വരുത്തിയതാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിലും ബഡ്ജററ് പ്രസംഗത്തിലുമെല്ലാംതന്നെ മലനാടു

LIBRARY ARCHIVES Kerala Legislative Assembly

ജില്ല രൂപീകരിക്കുമെന്ന് ഗവൺമെൻറ് പറഞ്ഞിട്ടുള്ളതാണ്. ഗവൺമെൻറ് എന്നു പറയുന്ന ഒരു പ്രോസസ്സ് ആണ്. ആരു മുഖ്യമന്ത്രിയാണ്, ആരു മുഖ്യമന്ത്രിയല്ല എന്നുള്ളതല്ല പ്രശ്നം. ഗവൺമെൻറിൽനിന്ന് ഉറപ്പു പാലിക്കുന്നതിനുള്ള ഉത്തരവാദിത്വം ഈ ഗവൺമെൻറിനുണ്ട്. എന്നാൽ ഗവൺമെൻറ് അതിൽനിന്ന് പിന്നോട്ടു പോവുകയാണ്. കാരണം അതിൻെറ ഹെഡ്ക്വാർട്ടേഴ്സിനെ സംബന്ധിച്ചിടത്തോളം സ്വകാര്യതാത്പര്യങ്ങൾ മുൻനിറുത്തി ഈ രണ്ടു മന്ത്രിമാരും ആലോചിക്കുന്നുമുണ്ട്. മൂവാററുപുഴ ഹെഡ് ക്വാർട്ടേഴ്സ് ഉണ്ടാക്കി തങ്ങളുടെകാലത്ത് അത് നേടിയെടുത്തു എന്ന് അവകാശവാദം പറയാൻ രണ്ടു പേരും ആഗ്രഹിക്കുകയാണ്. അതോടൊപ്പം തന്നെ അവരുടെ പിന്നിൽ നിൽക്കുന്ന മലനാട്ടിലെ ജനങ്ങൾ പ്രത്യേകിച്ച് കേരളാ കോൺഗ്രസിലെ ആളുകളും വലത് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ആളുകളും ഇതിനോട് യോജിക്കുന്നവരല്ല. അവരെ കാണുന്ന അവസരത്തിൽ ഇരട്ടത്താപ്പു നയവുമായാണ് ഇവർ രണ്ടുപേരും മുന്നോട്ടു പോകുന്നത്. മലനാട് ജില്ല രൂപീകരിക്കുകയും അതിൻെറ ഹെഡ്ക്വാർട്ടേഴ്സ് ഹൈറേഞ്ചിൽ ആകാമെന്ന് പറയുകയും അതേ സമയം ഉള്ളിലിരുപ്പായ മൂവാററുപുഴയ്ക്കുവേണ്ടി ചരടുവലികൾ നടത്തുന്നതിൻെറ ഫലമായിട്ടാണ് മലനാട് ജില്ല രൂപം കൊള്ളാത്തത്. സർ, അത് രൂപം കൊള്ളണം.

മറെറാരുകാര്യം ഇടുക്കിപദ്ധതിയുടെ പൂർത്തീകരണം 1974-ാടുകൂടി ഉണ്ടാകുമെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. ഇടുക്കി പദ്ധതിയിൽ എന്താണ് നടക്കുന്നത്. ഇലക്ട്രിസിററിബോർഡ് ഒട്ടാകെ പരിശോധിച്ചാൽ എന്താണു നടക്കുന്നത്? അഴിമതി അഴിഞ്ഞാടുകയാണ്. സംശുദ്ധമായ ഭരണത്തിനുവേണ്ടി അധികാരത്തിൽവന്ന ആളുകൾ സംശുദ്ധതയിൽനിന്ന് അകന്നുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. സി. എൽ. ആർ. തൊഴിലാളികളെനിയമിക്കുന്നകാര്യത്തിൽ വലതു കമ്മ്യൂണിസ്ററുപാർട്ടിയുടെ സ്റേററുകമ്മിററി സെക്രട്ടറിയുടെ ശുപാർശയനുസരിച്ചാണ് നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനെ സംബന്ധിച്ചു പലവസ്തുതകളും പറയാൻ കഴിയും. നിലവിലുള്ള നിയമങ്ങളേയും കീഴ്‌വഴക്കങ്ങളേയും കാററിൽപറത്തിക്കൊണ്ട് ഒരു പാർട്ടിയുടെ താൽപ്പര്യത്തിനുവേണ്ടിയാണ് ഇലക്ട്രിസിററിബോർഡിൻെറ പ്രവർത്തനം മുന്നോട്ടു നീങ്ങുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. കോൺട്രാക്ടറൻമാരാണ് ഇന്ന് ഇടുക്കി ഭരിച്ചുകൊണ്ടിരിക്കുന്നത്. അവർക്കെതിരായി ആർക്കും ശബ്ദിക്കാൻ പാടില്ല. പണ്ടു കോൺട്രാക്ടേഴ്സ് തൊഴിലാളികളോടാണ് മേക്കിട്ടു കയറിയിരുന്നതെങ്കിൽ ഇന്ന് ഇലക്ട്രിസിററി ബോർഡിൻെറ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കുപോലും എച്ച്. സി. സി. യിൽനിന്നും രക്ഷ കിട്ടുന്നില്ല എന്നു സംസാരമുണ്ട്. ഇലക്ട്രിസിററിബോർഡിലെ അംഗീകൃത യൂണിയനുകളെല്ലാംതന്നെ ഇതിനെപ്പററി അഭിപ്രായം പറഞ്ഞുകഴിഞ്ഞു. അതിൻെറ ആർച്ച് ഡാം കെട്ടുന്ന കാര്യത്തിൽ കൺസ്ട്രക്ഷൻ ചീഫ് ഇഞ്ചിനീയർ കൊടുത്ത നിർദ്ദേശത്തോടു അനുകൂലിക്കാൻ മനസില്ലെന്ന് എച്ച്. സി. സി. പറഞ്ഞപ്പോൾ ആർച്ചുഡാമിൻെറ സ്പെസിഫിക്കേഷൻ കാര്യത്തിൽ ചീഫ് ഇഞ്ചിനീയർ കൊടുത്തിട്ടുള്ള നിർദ്ദേശത്തിൽതന്നെ അദ്ദേഹം ഉറച്ചുനിൽക്കുന്നു എന്നു പറഞ്ഞപ്പോൾ കേന്ദ്രമന്ത്രി ഡാക്ടർ കെ. എൽ. റാവുവിനെ വിളിച്ചുകൊണ്ടുവന്ന് ഇലക്ട്രിസിററി ബോർഡിനെ ഭീഷണിപ്പെടുത്തുകയും ചീഫ് ഇഞ്ചിനീയറെ രാജ്യക്കുറ്റമാന്നം പറ്റകടത്തി ഇലക്ട്രിസിററിബോർഡിൻെറ എസ്ററാബ്ളിഷ്മെൻറു ചാർജ്ജുകൊടുത്തു അവിടെ ഇരുത്തിയിരിക്കുകയാണ്. എച്ച്. സി. സി. യുടെ ഈ തൊഴിലാളി വഞ്ചന നടപടി ഈ നാട്ടിൻെറ വിരുദ്ധമായ കൂറുള്ളവരാണെന്നുള്ള കാര്യങ്ങളെല്ലാംതന്നെ പല അവസരത്തിലും ഈ വേദിയിൽതന്നെ പറഞ്ഞിട്ടുള്ളതാണ്. ഇടുക്കിഡാമിൻെറ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിനുവേണ്ടി വിദഗ്ദ്ധൻമാരുടെ അറിവു സമ്പാദിക്കാൻ വേണ്ടി ഇലക്ട്രിസിററിബോർഡിന്റെ ചെലവിൽ, അതായതു സർക്കാരിന്റെ ചെലവിൽ അമേരിക്കയിൽവിട്ടു പഠിപ്പിച്ച ഇട്ടിരാഡാർവിൻ എന്നു പറയുന്ന സൂപ്രണ്ടിംഗ് ഇഞ്ചിനീയറെ തൊഴിലാളികളുടെ ഭാഗം ശരിയാണെന്നു പറഞ്ഞതിനു രായ്ക്കുരാമാനം പമ്പകടത്തി. ഇന്നു ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി പറയുന്നതു കേട്ടില്ലെങ്കിൽ അവിടെ നിൽക്കാൻ സാധിക്കാത്തനിലയാണ്. മുകളിൽ ചീഫ് ഇഞ്ചിനീയർ മുതൽ താഴെ സി. എൽ. ആർ. തൊഴിലാളികൾവരെയുള്ള എല്ലാ ആളുകളും ഈ എച്ച്. സി. സി.യുടെ ധിക്കാരമായ നിലപാടിൽ ശക്തിയായി പ്രതിഷേധിച്ചു കഴിയുകയാണ്. ആർച്ചുഡാമിന്റെ കൺസ്ട്രക്ഷനുള്ള സ്പെസിഫിക്കേഷൻ തന്നെ 67 ലക്ഷം രൂപ ഈ സർക്കാരിന്റെ തലയിൽ അടിച്ചേൽപ്പിച്ചുകൊണ്ട് അല്ലെങ്കിൽ ഇലക്ട്രിസിററിബോർഡ് കൊടുക്കത്തക്കനിലയിൽ ഇന്നു ചില ക്രമീകരണങ്ങളും ചരടുവലികളും കെ. എൽ. റാവുവിന്റെ അറിവോടുകൂടി മുഖ്യമന്ത്രിയുടെ പാർട്ടി നടത്തുന്നുണ്ട്. ഇലക്ട്രിസിററി ബോർഡെന്നു പറഞ്ഞാൽ എന്റെ വ്യക്തമായ അഭിപ്രായം ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടിയുടെ കറവപ്പശുവാണ്. ഇലക്ട്രിസിററിബോർഡിന്റെ ഭരണ രംഗത്ത് നടക്കുന്ന കൊള്ളരുതായ്മകളും തട്ടിപ്പുകളും വെട്ടിപ്പുകളും വസ്തുനിഷ്ടമായി പരിശോധിക്കേണ്ടതാണ്. ഇവർക്കെതിരായി ശബ്ദിക്കുന്ന ജീവനക്കാർക്കുപോലും രക്ഷയില്ല. ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ രാഷ്ട്രീയാഭിപ്രായത്തോടു യോജിക്കാത്ത ഇഞ്ചിനീയർമാർക്കു രക്ഷയില്ല, സി. എൽ. ആർ. തൊഴിലാളികൾക്കു രക്ഷയില്ല, എക്സിക്യൂട്ടീവു ജീവനക്കാർക്കു രക്ഷയില്ല. അവർക്കിഷ്ടമുള്ള യൂണിയനിൽ ചേരുകയാണെങ്കിൽ തിരുവനന്തപുരത്തുനിന്നും കാസർകോട്ടേക്കു സ്ഥലംമാററുകയാണ്. അതിനുള്ള നിരവധി തെളിവുകളുണ്ട്. ഇലക്ട്രിസിററിബോർഡിലെ ഒരു യൂണിയനെ നയിച്ചുകൊണ്ടിരിക്കുന്ന ഒരു എളിയ പ്രവർത്തകനാണു ഞാൻ. ഇങ്ങനെയുള്ള രാഷ്ട്രീയമായ പ്രതികാര നടപടികൾ കൊണ്ടു തൊഴിലാളി പ്രസ്ഥാനത്തെ തല്ലിത്തകർക്കാൻവേണ്ടിയാണ് ഈ ആളുകൾ ആഗ്രഹിക്കുന്നതെങ്കിൽ എന്റെ സ്നേഹിതൻമാർ പറഞ്ഞതുപോലെ ഈ പ്രതികാര നടപടികളെയെല്ലാം അതിജീവിച്ചു മുന്നേറുന്ന ഒരു വർഗ്ഗമെന്നുള്ള നിലയിൽ വിശ്വാസവഞ്ചകൻമാരെ പിടിച്ചുനിറുത്താൻ ഈ രംഗത്തെ തൊഴിലാളികൾക്കുകഴിയും. അതിനുവേണ്ടി ഒരുങ്ങിയിരിക്കുകയാണ്. അതുകൊണ്ട് ഇലക്ട്രിസിററി ബോർഡിന്റെ രംഗത്തുള്ള ഇത്തരം സംഭവങ്ങളെല്ലാംതന്നെ ഈ സഭ ചർച്ച ചെയ്യണമെന്ന അഭിപ്രായം മുന്നോട്ടുവച്ചുകൊണ്ട് ഈ ബഡ്ജററിനെ ഒരിക്കൽ കൂടി വളരെ ശക്തിയായി ഒരു ഫാസിസ്ററു ബഡ്ജറെറന്നുള്ളനിലയിൽ ഞാൻ എതിർക്കുകയാണ്.

[Shri K. P. Raghava Poduval in the Chair]

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, ഈ ബഡ്ജററിനെ ഞാൻ പിന്താങ്ങുമ്പോൾ സ്വാഗതാർഹമായ ഒരു മാററം പ്രതിപക്ഷത്തുനിന്നും ഉണ്ടായിട്ടുള്ളത് പരാമർശിക്കാതിരിക്കാൻ നിർവ്വാഹമില്ല. പ്രതിപക്ഷത്തിന്റെ ഉപനേതാവായ ശ്രീമതി ഗൗരി ഈ ബഡ്ജററിനെ പരാമർശിച്ചുപറഞ്ഞ കാര്യങ്ങൾ നിശ്ചയമായും ഗവൺമെൻറ് ശ്രദ്ധിക്കേണ്ടവയാണ്. നമ്മുടെ സംസ്ഥാനം മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആളോംപ്രതി നികുതി കൂടുതൽ കൊടുക്കുന്ന സംസ്ഥാനമാണ്. ആ നിലയിൽ ഗവൺമെൻറിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്, നാൺടാക്സ് റവന്യു വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണമെന്നുള്ള അവരുടെ നിർദ്ദേശം നിശ്ചയമായും ഗവൺമെൻറ് പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ നികുതി നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ അയൽസംസ്ഥാനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലെ സ്ഥിതി മനസ്സിലാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്ന് വ്യവസായങ്ങൾ മററു പ്രദേശങ്ങളിലേയ്ക്ക് പോകാതിരിക്കുന്നതിനുള്ള സൂക്ഷ്മതയും ഉണ്ടായിരിക്കണമെന്നു പറഞ്ഞത് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുമെന്നാണ് എൻെറ വിശ്വാസം. അവർ പറഞ്ഞ ആ സമീപനം ഈ ബഡ്ജററിൽ ഉണ്ടെന്നാണ് എൻെറ വിശ്വാസം. കൂടുതൽ പരിപോഷിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്നുള്ള കാര്യത്തെപ്പററി ഗവൺമെൻറ് നിശ്ചയമായും പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിർഭാഗ്യവശാൽ ഈ സെഷനിലെ ബഡ്ജററിനെ സംബന്ധിച്ചുള്ള ചർച്ചകൾ പോലും രാഷ്ട്രീയ സ്ഥിതിഗതികളെപ്പററിയും പോലീസ്മർദ്ദനത്തെപ്പററിയും പരാമർശിക്കുന്നതിനാണ് പ്രധാനമായും പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ഞാൻ അതിലേയ്ക്ക് വരുന്നതിനുമുൻപ് ഈ ബഡ്ജററിലെ സമീപനത്തെപ്പററി ചില കാര്യങ്ങൾ പറയണമെന്ന് ഉദ്ദേശിക്കുന്നു. നമ്മുടെസംസ്ഥാനം ഇൻഡ്യയിലെ മററുസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ആളാംപ്രതി വരുമാനം വളരെ കുറവാണ്. അഖിലേന്ത്യാ ആളാംപ്രതി വരുമാനം 322 രൂപ ആയിരിക്കുമ്പോൾ നമ്മുടേത് 297 രൂപ ആണെന്നാണ് എൻെറ ഓർമ്മ. ആ സാഹചര്യത്തിൽ ഇവിടത്തെ തൊഴിലില്ലായ്മയുടെ ആധിക്യത്തെപ്പററിയും അല്ലെങ്കിൽ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയെപ്പററിയും ഈ സഭയിൽ പലരും പരാമർശിച്ചു കഴിഞ്ഞതുകൊണ്ട് അതിൻെറ വിശദാംശങ്ങളിലേയ്ക്ക് കടക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വികസനപരമായ പ്രവർത്തനങ്ങളോട് ഗവൺമെൻറ് എന്തു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്നുള്ളത് വളരെ പ്രധാനമായ ഒരു കാര്യമാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഏററവും അധികം നികുതി നൽകാൻ നിർബന്ധിതമായിരിക്കുന്ന ഒരു സംസ്ഥാനത്ത് നികുതിവർദ്ധനവിൽകൂടി നമ്മുടെ വികസനപരമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം താരതമ്യേന കുറവാണ്. പക്ഷേ അതേ അവസരത്തിൽ ഇന്നാട്ടിലെ ജനങ്ങളുടെ പൊതുസമ്പാദ്യം ബാങ്കുകളിലും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിലും എല്ലാം നിക്ഷേപിച്ചിട്ടുള്ളത് നാടിൻെറ വികസനപരമായ കാര്യങ്ങൾക്ക് ഏതളവുവരെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ള കാര്യം ഈ ഗവൺമെൻറ് കാര്യമായി പരിഗണിച്ചിട്ടുണ്ട്. നാം ബാങ്കുകൾ ദേശവൽക്കരിക്കണമെന്ന് മുദ്രാവാക്യം ഉന്നയിച്ചപ്പോഴും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻെറ പ്രവർത്തനത്തെപ്പററി നാം വിമർശിക്കുമ്പോഴും ബഹുജനങ്ങളുടെ ഈ സമ്പാദ്യങ്ങൾ നമ്മുടെ നാട്ടിൻെറ പൊതുവായ വികസനത്തിന് പ്രയോജനപ്പെടുന്നതിനു പകരം ഈ രാജ്യത്തെ കുത്തകവിഭാഗങ്ങളെ വളർത്തുന്നതിനാണ് പ്രയോജനപ്പെടുന്നതെന്നാണ് പറഞ്ഞിരുന്നത്. ഇന്ന് ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടതിനെതിരായി ചില കോടതി തീരുമാനങ്ങൾ ഉണ്ടെങ്കിലും ബാങ്കുകളിൽ നിന്നും ഈ നിക്ഷേപങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന ഒരു സമീപനത്തോടുകൂടി ചില നടപടികൾ ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനകത്ത് നമ്മുടെ നാട്ടിലെ സാമാന്യ ജനങ്ങളെസംബന്ധിച്ചിടത്തോളം വളരെയേറെ പ്രധാനമായ ഒരു കാര്യമാണ് കാർഷികരംഗത്തുള്ള വികസനം. കാർഷിരംഗത്തുള്ള വികസനത്തിന് കുട്ടനാട് ഡവലപ്പ്മെൻറ് സ്കീം ആയാലുംശരി അല്ലെങ്കിൽ തൃശൂർ കോൾനിലങ്ങളുടെ വികസനത്തെസംബന്ധിച്ച കാര്യമായാലും ശരി അതുപോലെ നമുക്ക് ഇനിയും രൂപീകരിക്കാൻ കഴിയുന്ന മററു പദ്ധതികളുടെ കാര്യമായാലും ശരി ഇതിലുൾക്കൊള്ളിച്ചിട്ടുള്ള ഏലാ വികസനകാര്യമായാലുംശരി പ്രധാനമായും ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിനെയാണ് ഈ ബഡ്ജററിൽ ആശ്രയിച്ചിട്ടുള്ളത്. ഗവൺമെൻറ് നിലവാരത്തിൽ റവന്യൂവരുമാനത്തിൽനിന്ന്വേണ്ടതായ ഇൻഫ്രാസ്ട്രക്ച്ചർ(Infrastructure) പോലുംഇന്ന് ഇത്തരം സാമ്പത്തികസ്ഥാപനങ്ങളിൽനിന്ന് കടം ലഭിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി ഈ നാട്ടിലെ ഉൽപാദനവർദ്ധനവിനു വേണ്ടിയുള്ള പരിശ്രമം ഈ ബഡ്ജററിൽകൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ കാർഷികരംഗത്ത് ശാസ്ത്രീയമായ ഈ യുഗത്തിൽ വളരെ ആവശ്യമായ ഒരു കാര്യം യൂണിവേഴ്സിററി സ്ഥാപിക്കുന്നതിനുള്ള നടപടിയാണ്. അതും ഈ ഗവൺമെൻറ് ആലോചിച്ചിട്ടുണ്ട്. വ്യവസായരംഗത്ത് പ്രധാനമായും ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിനെ കണ്ടുകൊണ്ട് പരിപാടികൾ ആസൂത്രണംചെയ്യാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. നമ്മുടെ ട്രഡിഷണൽ വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനാവശ്യമായ ശ്രദ്ധ ഈ ഗവൺമെൻറ് ചെലുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള പല നല്ല കാര്യങ്ങളും പുതിയസമീപനവുമെല്ലാം ഈ ബഡ്ജററിൽ ഉണ്ട് എന്നുള്ള കാര്യം നമ്മുടെ മാർക്സിസ്ററുസ്നേഹിതൻമാർ നിഷേധിക്കുകയില്ല എന്നാണ് എൻെറ വിശ്വാസം. എന്നാൽ ഈ നികുതിയിനത്തിൽ ഒന്നുരണ്ടുകാര്യങ്ങൾ ഗവൺമെൻറ് ഒന്നു പുനപ്പരിശോധനചെയ്യണമെന്ന് അപേക്ഷിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഒന്നു സോപ്പിൻെറ കാര്യംതന്നെയാണ്. കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം സോപ്പ് ഒരു ലക്ഷ്വറി ഗുഡ്സായി കണക്കാക്കാൻ പാടില്ല. വടക്കേ ഇൻഡ്യയിലോ മററു സംസ്ഥാനങ്ങളിലോ ചിലപ്പോൾ അത് ഒരു ലക്ഷ്വറി ഗുഡ്സായിരിക്കാം. പക്ഷേ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ആളുകളെസംബന്ധിച്ചിടത്തോളം എല്ലാവരാലും അഭിനന്ദിക്കപ്പെടുന്നത് നമ്മുടെ ശുചിത്വവും മററുമാണ്. അപ്പോൾ അതൊന്നു പുനഃപ്പരിശോധിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന ആളുകളുടെ ഒരു പ്രധാനപ്പെട്ട ആഹാരസാധനമാണ് മൽസ്യം. നമ്മുടെ ധനകാര്യമന്ത്രിക്ക് അത് അത്രയ്ക്ക് ബോധ്യമല്ലായിരിക്കും. ഈ മൽസ്യം കേരളത്തിൻെറ എല്ലാ ഭാഗത്തും അതിവേഗത്തിൽ എത്തിക്കുന്നതിന് സഹായിക്കുന്ന ഒരു കാര്യമാണ് അയിസ്. ധനകാര്യമന്ത്രിയുടെ കണക്കുകൂട്ടലിൽ ഒരു പിശകുണ്ടെന്നാണ് എനിക്കു തോന്നുന്നത്. എന്താണെന്നുവെച്ചാൽ വിദേശത്തേയ്ക്ക് കയററി അയക്കുന്നവരെ പിടിക്കുന്നതിനുവേണ്ടിയാണ് അയിസുകൂടി ഉൾപ്പെടുത്തിയത്. പക്ഷേ അവരെല്ലാം ഈ നികുതിയിൽനിന്നു രക്ഷപ്പെടും. പക്ഷേ അവർ അയിസ് വിൽക്കുന്നവരല്ല, ഉൽപാദിപ്പിക്കുന്നവരാണ്. ഉൽപാദിപ്പിച്ച് സ്വന്തമായി ഉപയോഗിക്കുന്നവരുടെ പേരിൽ വിൽപനനികുതി ചുമത്താൻ പററുകയില്ല. ഇപ്പോൾ വിൽപനനികുതി ഇവിടെയാണ് ചുമത്തുന്നത്. അത് ഈ തീരപ്രദേശത്തുകൂടി ഒന്നു സഞ്ചരിച്ചാൽ ലോറിനിറച്ച് മൽസ്യം കയററി അയിസും കൂടി ഇട്ടു കൊണ്ടുപോകുന്നതുകാണാം. മുക്കുകളിൽ എത്തുമ്പോൾ സൈക്കിളിൽ കൊണ്ടുനടന്ന് നാട്ടിൻെറ നാനാഭാഗത്തും എത്തിച്ചുകൊടുക്കുന്ന അവസരത്തിലാണ് അയിസു വിൽപന പ്രധാനമായും നടക്കുന്നത്. അപ്പോൾ മൽസ്യത്തിൻെറ വില അൽപമാത്രമായെങ്കിലും കൂട്ടുന്നതിന് ഇടയാകുമെങ്കിൽ അതു ഗവൺമെൻറ് പുനഃപരിശോധിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നത്.

ഡാക്ടർ ജാർജ്തോമസ്: മീനിൻെറ കാര്യത്തെപ്പററി അവർക്ക് വലുതായിട്ടൊന്നും അറിഞ്ഞുകൂടായിരിക്കും.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കല്ലുപ്പാറയൊക്കെ മീൻ വില കുറഞ്ഞുകിട്ടാൻ സഹായിക്കുന്ന ഒരു കാര്യമാണ് ഇത്. അതുകൊണ്ട് ഇതൊന്നു പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. പക്ഷേ സ്വർണ്ണത്തിൻെറ കാര്യത്തിൽ ഈ ഗവൺമെൻറ്—സ്വർണ്ണപ്പണിക്കാർക്ക് ഈ നികുതിവർദ്ധനവുകൊണ്ട് ദോഷം വരുമെന്ന് അഭിപ്രായം എനിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാരണം അവർക്ക് ചിലപ്പോൾ പണികൂടുതൽ കിട്ടുന്നതിന് സഹായിക്കുകയും സ്വർണ്ണവ്യാപാരികൾക്ക് ഒരുപക്ഷേ അതു ദോഷമായി ബാധിക്കുകയും ചെയ്യും. ഇത്രമാത്രം നികുതി വർദ്ധിപ്പിച്ചതുകൊണ്ട്—സാധാരണ ഒരു കല്യാണമുണ്ട്. അതിന് പട്ടണത്തിൽപോയി സ്വർണ്ണക്കച്ചവടക്കാരിൽനിന്നും ആഭരണം വാങ്ങിക്കുന്നതിനുപകരം സ്വന്തമായിട്ട് ആളുകളെ വിളിച്ചുവരുത്തി പണിചെയ്യിപ്പിച്ചാൽ ഈ ബുദ്ധിമുട്ടിൽനിന്നും രക്ഷപ്പെടാമെന്നുകരുതി ചിലപ്പോൾ ഗവൺമെന്റ് കൂടുതൽ ലാഭമുണ്ടായില്ലെങ്കിലും അളുകൾക്ക് അതു വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്നു തോന്നുന്നില്ല; പ്രത്യേകിച്ചും സ്വർണ്ണപ്പണിക്കാർക്കും. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ ഗവൺമെന്റ് പുനപ്പരിശോധിക്കുന്നതുകൊണ്ട് അപകടമില്ലെന്നാണ് എനിക്കു തോന്നുന്നത്. അപ്പോൾ ഈ സാഹചര്യത്തിൽ വളരെ പ്രായോഗികബുദ്ധിയോടുകൂടി നാട്ടിന്റെ സാമ്പത്തികമായ വികസനത്തിനു സഹായകരമായ രീതിയിലുള്ള ഒരു സമീപനരീതി ഈ ബഡ്ജററിൽ നമ്മുടെ ധനകാര്യമന്ത്രി അംഗീകരിച്ചിട്ടുണ്ട്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

അതേസന്ദർഭത്തിൽ ഇവിടെ ഈ ഗവൺമെന്റിന് എതിരായി വന്ന രാഷ്ട്രീയമായ വിമർശനങ്ങളെപ്പററി ഒന്നും പറയാതിരിക്കുന്നത് ശരിയായിരിക്കുകയില്ലെന്ന് ഞാൻ കരുതുന്നു. ആ കാര്യങ്ങളിലും പ്രതിപക്ഷത്തുനിന്നും സ്വാഗതാർഹമായ ഒരു മാററം അവരുടെ പരുഷമായ പ്രസംഗങ്ങളും അവരുടെ രോഷവും എല്ലാം ഈ വർഷവും പ്രകടിപ്പിച്ചെങ്കിലും ഒന്നു താരതമ്യപ്പെടുത്തിനോക്കണം. മുൻനിയമസഭയിലെ അവരുടെ സമീപനങ്ങളുമായി കുറെ വ്യത്യാസം അവർക്കുണ്ടായിട്ടുണ്ടെന്നുള്ളത് നല്ല ഒരുകാര്യമാണ്. ഈ ആക്രമണത്തിനു ആഹ്വാനം നൽകുന്ന പ്രസംഗം ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് നടത്തിയെന്നു പറഞ്ഞതിനെ എത്ര ശക്തിയോടുകൂടിയാണ് ഈ ഭാഗത്തുനിന്നും നേരിട്ടത്.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങൾ അങ്ങനെയല്ല പറഞ്ഞത്. മുദ്രാവാക്യം വിളിച്ചതും ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പ്രസംഗം എന്നു പറഞ്ഞ് വായിച്ചതും ശരിയല്ലെന്നാണ് പറഞ്ഞത്. കമ്മ്യൂണിസ്ററുപാർട്ടിക്ക് ഏതെങ്കിലും കാരണവശാൽ ആയുധം കൈയിൽ എടുക്കേണ്ടിവരുകയാണെങ്കിൽ അതിൽനിന്നും ഞങ്ങൾ ഒഴിഞ്ഞുമാറുകയില്ല. അതുതന്നെയാണ് ഞങ്ങളുടെ ഇപ്പോഴത്തെ നിലപാടും.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഗൗരിയമ്മ ഞാൻ വഴങ്ങിയോയെന്നു നോക്കാതെ കയറി പറഞ്ഞത് ഞാൻ ആയതുകൊണ്ട്.................... ബഹുമാനപ്പെട്ട ഗൗരിയമ്മ മാത്രമല്ല നിരവധി അംഗങ്ങളുടെ ഇടപെടൽ ആ കാര്യത്തെസംബന്ധിച്ചുണ്ടായി. അതിന്റെ ആകെത്തുകയായിതോന്നിയ ഒരു ധാരണയാണ് ഞാൻ പറഞ്ഞത്. അപ്പോൾ അങ്ങനെ ഒരു നല്ല സമീപനം—നമ്പൂതിരിപ്പാട് പറഞ്ഞോ പറഞ്ഞില്ലയോ എന്നുള്ളത് ഇരിക്കട്ടെ, അതു വേറെകാര്യം—ഏതായാലും ഇതു പാടില്ലാത്ത കാര്യമാണെന്ന് ഒരു ബോധത്തിലേക്ക് മാർക്സിസ്ററു സ്നേഹിതൻമാർ വരുന്നത് നല്ല ഒരു കാര്യമാണ്. പിന്നെ അന്തിമമായി ആയുധമെടുക്കുമോയെന്ന കാര്യം ഇപ്പോൾ നിയമസഭയിൽ ചർച്ചചെയ്തു കാണിക്കേണ്ട കാര്യമില്ല. അതല്ല കാര്യം. ഈ ഗവൺമെന്റ് ആരംഭിച്ചതിനുശേഷം മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി തുടർന്നുവരുന്ന നയത്തിന് ഈ നിയമസഭയിൽ കഴിഞ്ഞ രണ്ടുദിവസമായി കാണിക്കുന്ന സമീപനരീതി ഞാൻ ശരിയായയാണ് മനസ്സിലാക്കിയിട്ടുള്ളതെങ്കിൽ കാര്യമായ ഒരു മാററമാണ്.

ശ്രീമതി. കെ. ആർ. ഗൗരി: അതു തെററിദ്ധാരണയാണ്. ഞങ്ങൾക്ക് യാതൊരു മാററവുമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഗൗരിയമ്മയുടെ ധാരണയും എനിക്കറിയാം.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളുടെ നിലപാടിന് മാററം വന്നിട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പരിപാടി മാററിയോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം.

ശ്രീമതി കെ. ആർ. ഗൗരി: സമീപനവും മാറിയിട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഫലപ്രദമായ ഒരു പ്രതിപക്ഷമെന്നനിലയിൽ ഉത്തരവാദത്തോടുകൂടി പെരുമാറാൻ നിങ്ങൾ നിശ്ചയിച്ചിരിക്കുന്നുവെന്നാണ് ഇന്നലെ, മിനിഞ്ഞാന്ന് ശ്രീ നമ്പൂതിരിപ്പാട് ചെയ്ത പ്രസംഗത്തിൽനിന്നും ഇന്ന് ശ്രീമതി ഗൗരിയമ്മ ചെയ്ത പ്രസംഗത്തിൽനിന്നും ഇവിടെയുള്ള ചോദ്യത്തിൽകൂടിയുള്ള ഇടപെടലുകളിൽകൂടിയും ഞാൻ മനസ്സിലാക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ഒരു പായിൻറ് ആഫ് ആർഡർ ഉന്നയിക്കുകയാണ്. ഞങ്ങളുടെ പാർട്ടിയുടെ പരിപാടിയിലോ ഞങ്ങളുടെ സമീപനത്തിലോ യാതൊരു മാററവും, യാതൊരു വ്യത്യാസവും ഇല്ല. ഇതുവരെ ഞങ്ങൾ തുടർന്നു വന്ന പരിപാടികളിലും ഞങ്ങളുടെ സമീപനത്തിലും യാതൊരു വ്യത്യസവുമില്ല. അതുകൊണ്ട് ഞങ്ങളുടെ നിലപാടിൽ മാററം വന്നിരിക്കുന്നു എന്ന നിലയിൽ ശ്രീമാൻ എം. എൻ. ഗോവിന്ദൻനായർ സഭയെ തെററിദ്ധരിപ്പിക്കരുത്. ഞങ്ങളുടെ രണ്ടുപേരുടേയും പ്രസംഗത്തിലും ഉത്തരവാദിത്വമില്ലാത്തവർ എന്നു പറഞ്ഞിട്ടില്ല. ഉത്തരവാദിത്വമുള്ള പ്രതിപക്ഷമെന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഞങ്ങളുടെ ഇന്നലെവരെ തുടർന്നുവന്ന ഈ ഗവൺമെൻറിനോടുള്ള സമീപനത്തിൽ യാതൊരു മാററവും വന്നിട്ടില്ല.

ചെയർമാൻ: ഇത് പായിൻറ് ആഫ് ആർഡർ അല്ലല്ലോ.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പിടിച്ചുനിൽക്കലുകളൊക്കെ മനസ്സിലാക്കാം. അതാണു ശരിയെങ്കിൽ, ഞാൻ പറഞ്ഞതു തെററായിപ്പോയെങ്കിൽ എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽവന്ന ഉടൻ വളരെ ഉത്തരവാദിത്വമുള്ള ഏററവുമധികം തലയെടുപ്പുള്ള മാർക്സിസ്ററുപാർട്ടിയുടെ നേതാവായ സഖാവ് ഏ. കെ. ഗോപാലൻ ലാത്തിയും തോക്കും ഉപയോഗിക്കാതെ ഒരുദിവസംപോലും ഈരാജ്യം ഭരിക്കാൻ ഈ ഗവൺമെൻറിനെ അനുവദിക്കുകയില്ലെന്നുള്ള പ്രഖ്യാപനത്തിൽ മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി ഇന്നും ഉറച്ചുനിൽക്കുന്നെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ഗവൺമെൻറ് ജനങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന പക്ഷം തോക്കും ലാത്തിയും കൊണ്ടല്ലാതെ നിങ്ങൾക്ക് അതിനെ നേരിടാൻ സാധിക്കുകയില്ലെന്ന അഭിപ്രായം പറഞ്ഞു എന്നുള്ളതല്ലാതെ മറെറാന്നും അതിനകത്തില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഈ മന്ത്രിസഭ ചാർജെടുത്ത ഉടനെ ദേശാഭിമാനിപത്രത്തിൽ—മാതൃഭൂമിയിലും മനോരമയിലും അല്ല—അതിനുവേണ്ടി ആയിരക്കണക്കിന്, എത്ര ആളുകളെ വേണമെങ്കിലും ബലി കഴിക്കാൻ സന്നദ്ധമാണെന്നും പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന

LIBRARY ARCHIVES Kerala Legislative Assembly

യാണ് സഖാവ് എ. കെ. ഗോപാലൻേറതായി വന്നത്. അത് ഒരു ലാത്തിയെടുത്തിട്ടോ ഒരു മർദ്ദനമുണ്ടായിട്ടോ പറഞ്ഞ കാര്യമല്ല. ഈ മന്ത്രിസഭ ചാർജെടുത്ത ഉടനെനടത്തിയ പ്രഖ്യാപനമാണ്. അതിനു ശേഷമാണ് സഖാവ് നമ്പൂതിരിപ്പാട് അതിനെ ആവർത്തിച്ചു പറഞ്ഞുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസ്താവന വന്നത്. അങ്ങനെ മാർക്സിസ്ററു പാർട്ടിയെപ്പോലുള്ള ഒരു പാർട്ടി ഈ രാജ്യത്ത് ഈ നിയമസഭയിൽ അതു പ്രത്യക്ഷപ്പെടുത്തണം. ഈ നിയമസഭയിലെ ഏററവും പ്രമുഖമായ ഒരു പാർട്ടി ഈ നാട്ടിൽ പത്തോ ഇരുപതിനായിരമോ മുപ്പതിനായിരമോ ആളുകളുടെ പ്രകടനങ്ങൾ ഓരോ ഡിക്സ്ട്രിക്ടിലും സംഘടിപ്പിക്കാൻ ശേഷിയുണ്ടായിരുന്ന മാർക്സിസ്ററു പാർട്ടി ഈ ഭരണം, അച്യുതമേനോൻെറ മന്ത്രിസഭ രൂപീകരിച്ചുകഴിഞ്ഞപ്പോൾ ഞാൻ നേരത്തേ സൂചിപ്പിച്ച രീതിയിലുള്ള ഒരു ആഹ്വാനമാണ് നൽകുന്നതെന്നുവരികിൽ ഈ രാജ്യത്ത് എന്തായിരിക്കും സ്ഥിതി അതിനുപോരേണോ? പക്ഷേ അതു നടന്നില്ല. ആഗ്രഹിച്ചരീതിയിൽ എനിക്കുമുമ്പു സംസാരിച്ച ശ്രീ മാണി പറഞ്ഞതുപോലെ..........................

(ചില പ്രതിപക്ഷമെമ്പറൻമാർ ഇരുന്നുകൊണ്ട് എന്തോ വിളിച്ചു പറഞ്ഞു)

ചെകുത്താനുമായി കൂട്ടുകൂടുന്ന ആളുകളാണ് കെ. എം. മാണിയുമായി കൂട്ടുകൂടുന്നതിനെപ്പററി പറയുന്നത്. ഈ മന്ത്രിസഭയോടുള്ള അന്ധമായ വിരോധംകൊണ്ട്, ചെകുത്താനെ തേടിനടക്കുന്ന നമ്പൂതിരിപ്പാടിൻെറ കൈയിൽ പിടികിട്ടാതെ ചെകുത്താൻ ഓടിനടക്കുന്ന കാലഘട്ടത്തിൽ കെ. എം. മാണി പറഞ്ഞത് ഒന്നു ഉദ്ധരിക്കാൻ പോയത് ഇത്ര വലിയ പാപമാണോ?

ശ്രീമതി കെ. ആർ. ഗൗരി: ചെകുത്താനേയും എം. എൻ.......

ചെയർമാൻ: വഴങ്ങുന്നുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എപ്പോഴും വഴങ്ങികൊടുത്താൽ എങ്ങനെയാ? ഒന്നാമതായി ഇങ്ങനെയൊക്കെ പറഞ്ഞാൽ അപകടമുള്ളതാണ്. ഞാൻ സംസാരിക്കുന്ന ട്രെൻറിൽനിന്നും തെററിക്കുകയെന്നുള്ള ഉദ്ദേശമാണ് അവരുടേത്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഒരിക്കലും എം. എൻ.നെ അങ്ങനെ തെററിച്ചിട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതൊക്കെയല്ലേ സാധാരണ പറയുക. അപ്പോൾ പ്രശ്നം അതല്ല. നിങ്ങൾ ആലോചിക്കേണ്ട കാര്യം, ഇത്രയധികം ജനസ്വാധീനമുള്ള ഒരു പാർട്ടി നിരവധി സമരങ്ങൾക്ക് ആഹ്വാനം കൊടുത്തു. നിങ്ങളുടെ പാർട്ടിയിൽ എത്ര ആളുകൾ ഉണ്ടെന്ന് എനിക്കറിയാം. നിങ്ങളുടെ ഓരോ പാർട്ടിക്കും ഓരോ ഡിസ്ട്രിക്ടിലും എത്രമാത്രം സ്വാധീനമുണ്ടെന്ന് എനിക്കറിയാം. നിങ്ങളുടെപാർട്ടിയുടെ കാര്യത്തിൽ നിങ്ങളുടെ പാർട്ടി അംഗങ്ങളുടെ ഇരുപത്തഞ്ചു ശതമാനത്തെയെങ്കിലും നിങ്ങൾകൊടുത്ത ഈ ആഹ്വാനത്തിൻെറ അടിസ്ഥാനത്തിൽ അണിനിരത്താൻ കഴിഞ്ഞിട്ടുണ്ടോ? ഞങ്ങളോടുള്ള വൈരാഗ്യത്തിന് നിങ്ങൾ നയം മാററുകയില്ലെന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ നിങ്ങൾ നിങ്ങളുടെ അനുഭവത്തിൻെറ അടിസ്ഥാന

12 NOON. ത്തിൽ ചിന്തിച്ചുനോക്കൂ. മിനിഞ്ഞാന്ന് നമ്പൂതിരിപ്പാട് അദ്ദേഹത്തിൻെറ പ്രസംഗംവ്യാഖ്യാനിച്ചുകൊണ്ടുപറഞ്ഞു ജനങ്ങൾ ഏതു സമരമാർഗ്ഗവും എടുക്കുന്നതിന് ഞങ്ങൾ എതിരല്ല എന്ന്. അത് അക്രമമാർഗ്ഗമായാലും ഞങ്ങൾ പ്രോൽസാഹിപ്പിക്കുമെന്ന്. ഞാൻ ചോദിക്കട്ടെ, ഇവിടെ നടന്നത് ജനങ്ങളുടെസമരമാണോ? ജനങ്ങൾക്കെതിരായി നിങ്ങൾ സമരംപ്രഖ്യാപിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും നടത്തുകയും ചെയ്കയല്ലേ ഇവിടെ ഉണ്ടായത്? ട്രാൻസ്പോർട്ടു പണിമുടക്കിന്റെ തലേദിവസം കേരളത്തിലെ പ്രധാന പട്ടണങ്ങളിലെല്ലാം മൈക്കും വച്ച് നിങ്ങൾ നടത്തിയ പ്രചരണം നിങ്ങളിൽ ചിലരെങ്കിലും ഓർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഭാര്യയും കുട്ടികളുമുള്ളവരാരും ട്രാൻസ്പോർട്ടു ബസ്സിൽ സഞ്ചരിച്ചാൽ തിരിച്ച് വീട്ടിലെത്തുകയില്ലെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടാണ് നിങ്ങൾ പ്രചരണം ആരംഭിച്ചത്. പ്രചരണം മാത്രമാണോ? സമരം ഉൽഘാടനംചെയ്തതുതന്നെ മട്ടന്നൂരിനടുത്ത് ചാവശ്ശേരിയിൽ ജനങ്ങളെ ചുട്ടുകരിച്ചുകൊണ്ടാണ്. നിങ്ങൾ പോലീസ് മർദ്ദനത്തെപ്പററി പറഞ്ഞു. അതു ഒരുവശം. ഈ ഭരണം ഏററുകഴിഞ്ഞശേഷം മററുപാർട്ടികളിൽപ്പെട്ട എത്ര അംഗങ്ങൾ നിങ്ങളുടെ ആളുകളുടെ കൈകൊണ്ട് മർദ്ദനമേററ് ആശുപത്രിയിലായിട്ടുണ്ട്? അതിന്റെ കണക്ക് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? അങ്ങ് കാസർകോട്ട്...

<u>ശ്രീമതി കെ. ആർ. ഗൗരി:</u> കണക്കു ഉണ്ടെങ്കിൽ പറയണം. ഞങ്ങൾ ഏൽപ്പിച്ച കണക്കു നിങ്ങളുടെ കൈയിൽ കാണുമല്ലോ.

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ:</u> അതു നമ്മുടെ ആശുപത്രിമന്ത്രി ജോർജിന്റെ കൈയിൽ കാണും. അവസാനത്തേതാണ് അടുത്ത നാലുദിവസത്തിനുമുൻപു കായങ്കുളത്തു സഖാവു നാരായണന്റെമേൽ നടന്ന ആക്രമണം. അങ്ങനെ ഈ മന്ത്രിസഭ ഭരണമേററതിനുശേഷം മററു പാർട്ടികളിൽപ്പെട്ട എത്ര ആളുകളുടെപേരിൽ നിങ്ങൾ ആക്രമണം അഴിച്ചുവിട്ടിട്ടുണ്ട്? എത്ര ബോംബുകൾ ഈ രാജ്യത്തു എറിയപ്പെട്ടിട്ടുണ്ട്? എത്ര ആസിഡ് ബൾബുകൾ എറിഞ്ഞു? എത്ര ഡയനാമിററുകൾ പൊട്ടി?

<u>ശ്രീമതി കെ. ആർ. ഗൗരി:</u> ദന്തവൈദ്യൻ പല്ലുപറിക്കുന്നതിനും ഞങ്ങളെ കുററംപറഞ്ഞാൽ വളരെപ്പേർ..............................

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ:</u> എന്റെ പല്ലു ദന്തവൈദ്യൻ വച്ചതാണെന്നാക്ഷേപിച്ചുകൊള്ളണം.

<u>ശ്രീ. പി. കുഞ്ഞൻ:</u> പാലക്കാട്ടുവച്ചു ബസിനു കൈബോംബ് എറിഞ്ഞത് അവിടത്തെ ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയിലെ മെംബർ ആണ്. അക്കാര്യം അറിയാമോ?

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ:</u> അതു എനിക്കറിഞ്ഞുകൂടാ. നിങ്ങളെ ദേഷ്യപ്പെടുത്താൻ പറഞ്ഞതല്ല. നിങ്ങളെ ദു:ഖിപ്പിക്കാൻ പറഞ്ഞതുമല്ല.

<u>ശ്രീ. എ. വി. കുഞ്ഞമ്പു:</u> ഒരു ചോദ്യം. ഞങ്ങൾ മററു പാർട്ടിക്കാരുടെമേൽ കൈബോംബുകൾ എറിഞ്ഞു ആസിഡ് ബൾബുകൾ എറിഞ്ഞു എന്നൊക്കെ ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻനായർ പറഞ്ഞല്ലോ. ഈ കാലഘട്ടത്തിനിടയിലെല്ലാം മററു പാർട്ടികളിലുള്ള ആളുകളാണോ മരിച്ചത്? മാർക്സിസ്ററു പാർട്ടിയിൽപ്പെട്ട പത്തിരുപതാളുകളല്ലേ മരിച്ചത്.

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ:</u> അതിന്റെ കണക്കു കഴിഞ്ഞ ദിവസം ആഭ്യന്തരമന്ത്രി ഇവിടെ പറഞ്ഞു. മററുപാർട്ടികളിലുള്ളതാണ് ഒരെണ്ണം കൂടുതൽ മരിച്ചിട്ടുള്ളത്. അതിന്റെയൊക്കെ കണക്കു ഇവിടെ പറഞ്ഞതാണ്. ഞാൻ നിങ്ങൾ ഇവിടെ നടത്തിയ അടിയെപ്പററിയേ പറഞ്ഞുള്ളു. കൊലപാതകത്തെപ്പററിക്കൂടി ഓർമ്മിപ്പിച്ചതു സന്തോഷം. ഇങ്ങനെയുള്ള ഒരു രാഷ്ട്രീയകക്ഷി ഈ രാജ്യത്തെ ജനങ്ങളുടെനേരെ പൊതുവെയും മററു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളിൽപ്പെട്ട ആളുകളുടെ നേരെ പ്രത്യേകിച്ചും ആക്രമണംനടത്തുന്ന നിങ്ങളുടെ നയം................

മി. സ്പീക്കർ: സമയം കഴിഞ്ഞു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഈ നയം നിങ്ങൾ ഉപേക്ഷിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ നയം നിങ്ങൾ ഉപേക്ഷിക്കാത്തതിന്റെ ഫലമാണ്, ഈ നയത്തോടു നിങ്ങളുടെ അനുകൂലികൾക്കും പാർട്ടിഅംഗങ്ങൾക്കുമുള്ള എതിർപ്പാണു നിങ്ങൾ ആരംഭിച്ച എല്ലാ സമരങ്ങളും പരാജയത്തിൽ കലാശിക്കാൻ കാരണം. ഞങ്ങളോടുള്ള അന്ധമായ വിരോധംകൊണ്ട് ഒരു മാർക്സിസ്റ്റുകാരനെന്നുള്ള നിലയിൽ ഒരിക്കലും നിങ്ങൾ ചെയ്യാൻപാടില്ലാത്ത കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നുണ്ടെന്നുള്ള കാര്യം നിങ്ങൾ ഓർക്കുന്നുണ്ടോ? ഏതു സാഹചര്യത്തിൽ എങ്ങനെ ഉണ്ടായി എന്നൊന്നും ഞാൻ പറയുന്നില്ല. ഒരു ലാൻഡ് ബിൽ ഉണ്ട്, ഉൽപ്പാദനബന്ധത്തിൽ മൗലികമായ മാററം വരുത്തുന്ന ബില്ലാണത്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഞാൻ പറയാൻ പോകുന്നകാര്യം നിഷേധിക്കുകയില്ലെന്നാണു ഞാൻ വിശ്വസിക്കുന്നത്. കോടതിയേയും ഭരണഘടനയേയും പോലും പരിഗണിക്കാതെ ഉൽപ്പാദനത്തിൽ കാര്യമായ മാററം ഉണ്ടാകണമെന്നു തീരുമാനിച്ചുകൊണ്ട് എഴുതി ഉണ്ടാക്കിയതാണ് ആ ലാൻഡ് ബിൽ എന്നു ബഹുമാനപ്പെട്ട മെംബർ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടും പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: അദ്ദേഹം അതങ്ങനെയല്ലെന്നുതിരുത്തി എഴുതിയിട്ടുണ്ട്. അതുകഴിഞ്ഞതിനുശേഷം കോടതിയിൽ നടക്കുന്ന കേസ്സിനു ഗുണംകിട്ടാൻവേണ്ടിയാണ് ഇതു പറയുന്നതെങ്കിൽ പറഞ്ഞുകൊള്ളുക.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലാക്കാതെയിരുന്നാൽ എങ്ങനെയാണ്? ഈ ബിൽ കാർഷികരംഗത്തെ ഉൽപ്പാദനത്തിനു മൗലികമായ പരിവർത്തനംവരുത്തിയതാണോ മാർക്സിസത്തിൽ വിശ്വസിക്കുന്ന നമ്മൾ വിപ്ലവം എന്നു പറയുന്നത്? അങ്ങനെയുള്ള നിയമം നടപ്പാക്കുന്നകാര്യത്തിൽ മാർക്സിസ്ററുപാർട്ടി ചോദിക്കുകയാണ്, ഉദ്യോഗസ്ഥന്മാർക്കു അതു നടപ്പിലാക്കാനൊക്കുമോ? നിങ്ങൾക്കു മാത്രം നടപ്പിലാക്കാനൊക്കുമോ? അതുമില്ല. പിന്നെ എങ്ങനെ നടപ്പാക്കും? ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളും ഒരു വലിയ പ്രസ്ഥാനമാക്കി പരിശ്രമിച്ചാൽ ഈ ബിൽ നടപ്പാക്കാൻസാധിക്കും. ഈ എട്ടാം തീയതി ഇരുപത്തയ്യായിരം പേർക്ക് ഓരോരുത്തർക്കും പത്തുസെൻറിന്റെ അവകാശം അംഗീകരിച്ചുകൊണ്ടു പട്ടയം കൊടുക്കുന്ന നടപടി നടക്കാൻപോകുകയാണ്. അതിനു സഖാവു ഗൗരിയമ്മയും വരണമെന്നാണ് എന്റെ അഭ്യർത്ഥന. സഖാവ് ഇം.എം.എസ്സും സംബന്ധിക്കുമെന്നാണ് ഞാനാഗ്രഹിക്കുന്നത്.

ശ്രീ. എ. പി. കുര്യൻ: ഇരുപത്തയ്യായിരംപേർക്കു പട്ടയം കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞു. എത്രപേർക്കാണ് അവകാശം കിട്ടുന്നത്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കാണാൻപോകുന്ന പൂരം പറഞ്ഞു കേൾപ്പിക്കണമോ? ആലുവായ്ക്കടുത്താണല്ലോ അതു നടക്കുന്നത്. ഒന്നു വന്നാൽ എത്രയാണെന്നറിയാം.

ശ്രീ. എ. പി. കുര്യൻ: ആലുവായ്ക്കടുത്തായതുകൊണ്ടാണ് ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എത്ര കുടികിടപ്പുകാർക്കാണ് സ്ഥിരാവകാശം കിട്ടാൻ പോകുന്നത് എന്ന് 8–ാം തീയതി അറിയാം. ഏററവും വിപ്ലവകരമായ ഒരു നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെൻറും ജനങ്ങളും ഒന്നാകെ സഹകരിച്ചു പ്രവർത്തിക്കേണ്ട സാഹചര്യത്തിൽ, ഏതാണ്ടു നാലുലക്ഷത്തോളം കുടികിടപ്പുകാർക്കു സ്വന്തമായി ഭൂമി ലഭിക്കുന്ന കാര്യത്തിൽ സഹകരിക്കുക എന്നുള്ള നയമാണോ നിങ്ങൾ എടുക്കുന്നുത്? അതോ ഇതിനെല്ലാം പ്രതിബന്ധം നിൽക്കുകയാണോ? നിയമപരമായ മാർഗ്ഗങ്ങളിൽക്കൂടി കാര്യങ്ങൾ നടപ്പാക്കുന്നതിനു ഗവൺമെൻറുമായി സഹകരിക്കുന്നതിനു പകരം അട്ടിമറിക്കുന്നതിനും ഇതിനെല്ലാം പ്രതിബന്ധം ഉണ്ടാക്കുന്നതിനുമാണ് നിങ്ങളുടെ സമീപനമെങ്കിൽ അതു നിങ്ങൾക്കുതന്നെ ആപത്തുണ്ടാക്കുമെന്നുള്ള കാര്യം ഞാൻ എടുത്തുപറയേണ്ടകാര്യമില്ല. നിങ്ങളുടെ രാഷ്ട്രീയമായ പക നിങ്ങളെ അന്ധരാക്കിയിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ അവകാശപ്പെടുന്നത് ഒരു പുരോഗമനതത്വചിന്തയുടെ അനുയായികളാണെന്നാണെങ്കിൽ അതു തെററാണ്. അന്ധനായുള്ളവൻ ദീപം കരത്തിങ്കലേന്തിനടന്നാൽ വഴിയറിഞ്ഞിടുമോ? അതുകൊണ്ട് നിങ്ങളുടെ ഈ തെററായ നയം മാററണം.

എൻെറ പ്രസംഗം അവസാനിക്കുന്നതിനുമുൻപ് ഒരു കാര്യത്തെക്കുറിച്ചു കൂടി എനിക്കു പറയാനുണ്ട്. ഇവിടത്തെ നിയമസമാധാനത്തെപ്പററി അന്വേഷിക്കുന്നതിനുവേണ്ടി ബംഗാളിൽ നിന്ന് ഒരു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംഘം ഇവിടെ എത്തിയിരിക്കുന്നതായി അറിഞ്ഞു. ഔചിത്യകുറവിനും ഒരതിരുവേണം. അതു മാർക്സിസ്ററുകാർക്കില്ലെന്നുള്ളതിൻെറ ഒരുദാഹരണമാണ്. ഏതായാലും അദ്ദേഹം വന്നതു നന്നായി എന്നാണ് എൻെറ അഭിപ്രായം. ന്യായമായ രീതിയിൽ എങ്ങനെയാണ് ഒരു ഭരണം നടക്കുന്നത് എന്നു കണ്ടുപഠിക്കാൻ ഇതു സഹായകമാകും. (ഭരണകക്ഷിബെഞ്ചുകളിൽ കൈയടി) ഇവിടെ നേരത്തേ ആരോ പറഞ്ഞതുപോലെ 42 വെടിവയ്പ്പും 640 കൊലപാതകങ്ങളും (അതിൽ 100എണ്ണം രാഷ്ട്രീയകൊലപാതകങ്ങളുമാണ്) ഒക്കെ നടന്ന അവിടത്തെ മുഖ്യമന്ത്രിക്കുപോലും "അയ്യോ ഇത് ഒരു അപരിഷ്കൃതഗവൺമെൻറാണോ" എന്നു വിളിച്ചുപറയാൻ നിർബന്ധിക്കുന്ന സാഹചര്യംസൃഷ്ടിച്ച ഒരു പാർട്ടിയുടെ പ്രതിനിധികൾ ഇവിടെയൊക്കെ ഒന്നു നടന്നു മാനം മര്യാദയായി രാജ്യംഭരിച്ചുപോകേണ്ടത് എങ്ങനെയാണെന്നു മനസ്സിലാക്കാൻ ഇത് ഉപകരിക്കും. (വീണ്ടും ഭരണകക്ഷിബെഞ്ചുകളിൽ കൈയടി). ഞാൻ പ്രസംഗം നീട്ടുന്നില്ല. ഗൗരിയമ്മ എത്ര ശഠിച്ചു പറഞ്ഞാലും നയം മാററുകയില്ലെന്നുള്ള വൈരാഗ്യം കാണിച്ചാലും ഈ രാജ്യത്തെ ബഹുജനസമ്മർദ്ദത്തിൻെറ മുമ്പിൽ നിങ്ങളുടെ പാർട്ടി അണികളുടെയും അനുഭാവികളുടെയും മുമ്പിൽ നിങ്ങൾ അറിയാതെ തന്നെ നിങ്ങളുടെ നയം മാററിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഒരു ചോദ്യം................

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഗൗരിയമ്മയ്ക്കു ഇനി ഞാൻ വഴങ്ങുകയേയില്ല.

ഒരുകാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഇവിടെ ഭരണകക്ഷിയിലുള്ള ചില പാർട്ടികളിലുണ്ടായിട്ടുള്ള ചില അസ്വാരസ്യങ്ങൾ കണക്കിലെടുത്തുകൊണ്ടു പലരും പല കണക്കുകൂട്ടലുകളും നടത്തുന്നുണ്ട്. നമ്മുടെ പോളിററ് ബ്യൂറോ മെംബർ ചന്ദ്രസേനൻ കുറെകാര്യങ്ങളൊക്കെ പറഞ്ഞു. മററാളുകൾ മനസ്സിൽവച്ചു മദ്ദളംകൊട്ടുന്ന കാര്യങ്ങളാണ് അദ്ദേഹം വിളിച്ചുപറഞ്ഞത് എന്നാണ് ഞാൻ ധരിക്കുന്നത്. പണ്ടു ഒരു കുറുക്കനു പററിയ അബദ്ധമായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

അവർക്കും പററുന്നത്. ഒരു ഭരണക്കുഴപ്പമുണ്ടാകുമെന്നുള്ള ധാരണയാണെങ്കിൽ ആ വലിയ കലത്തിൽ ആരും വെള്ളമിടാതിരിക്കുന്നതാണു ഭംഗി എന്നു പറഞ്ഞുകൊണ്ടു ഞാൻ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഒരു ചോദ്യം ചോദിച്ചോട്ടേ? ചോദിച്ചാൽ മറുപടി പറയുമല്ലോ. ഇപ്പോഠം ഇരുന്നു കഴിഞ്ഞു. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ എന്റെ പ്രസംഗം നിറുത്തിയതാണ്. പണ്ടു, ഞാൻ ഒരു മന്ത്രിയായിരുന്ന കാലത്തായിരുന്നെങ്കിൽ പ്രസംഗം നിറുത്തിയശേഷം മറുപടി പറയാമായിരുന്നു. ഇപ്പോഠം മന്ത്രിയല്ല. ആ നിലയ്ക്കു എനിക്കു മറുപടിപറയാനും അവകാശമില്ല, ബഹുമാനപ്പെട്ട മെംബർക്കു ചോദ്യം ചോദിക്കാനും അവകാശമില്ല.

ശ്രീമതി കെ. ആർ. ഗൗരി: കേരള ഭൂപരിഷ്ക്കരണബില്ലിന്റെ 72-ം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ...............

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഒരു പോയിൻറു ഓഫ് ഓർഡർ: ഒരു മെംബർ പ്രസംഗം അവസാനിപ്പിച്ച് ഇരുന്നു കഴിഞ്ഞാൽ ആ മെംബറുടെ പ്രസംഗസമയം തീർന്നു എന്നാണർത്ഥം. അതിനുശേഷം ചോദ്യം ചോദിക്കുന്നതും മറുപടി പറയുന്നതും ഓർഡറിലാണോ? നടപടിക്രമമനുസരിച്ച് ഉത്തരംപറയാൻ ബാധ്യസ്ഥനായ മന്ത്രികൂടി അല്ലാതിരിക്കേ എനിക്കു ഒരു ചോദ്യം കൂടിയുണ്ടെന്നുപറഞ്ഞാൽ............

ശ്രീമതി കെ. ആർ. ഗൗരി: കുമാരപിള്ളയുടെ പോയിൻറ് ഓഫ് ഓർഡർ അംഗീകരിച്ചിരിക്കുന്നു. അടുത്ത ആളിനെ വിളിച്ചുകൊള്ളണം.

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു മെംബറുടെ പൊസഷനിലാണ് സഭയെങ്കിൽ ചോദ്യം ചോദിക്കുന്നതിനും മറുപടിപറയുന്നതിനും അർത്ഥമുണ്ട്. ചോദിക്കാം, വഴങ്ങുന്നെങ്കിൽ മറുപടിയും പറയാം. ഇപ്പോഠം ഒരു ബഹുമാനപ്പെട്ട അംഗം സംസാരിച്ചു ഇരുന്നു കഴിഞ്ഞിരിക്കുകയാണ്. അപ്പോഠം സഭ അദ്ദേഹത്തിന്റെ പൊസഷനിലല്ല. അതുകൊണ്ടു ചോദ്യം ചോദിക്കുന്നതിനു പ്രസക്തിയില്ല. അങ്ങനെ ചോദിക്കാമോ എന്നുള്ളതാണ് പോയിൻറ് ഓഫ് ഓർഡർ. അതിനു ഒരു റൂളിംഗ് തരണം.

മി. ചെയർമാൻ: ഇനി ചോദ്യം ചോദിക്കുന്നതു ശരിയല്ല.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ശേഷിമാനായ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശേഷൻ മാസ്ററർ ആദ്യമായി ഒരു ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഈ ചെറിയ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളംവളരെയധികം കമ്മിയുള്ള ഒരു ബഡ്ജററാണ് എന്നുള്ളത് ഒരു വസ്തുതയാണ്. സർ, അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ സശ്രദ്ധം , സാവകാശം രണ്ടുമൂന്നുപ്രാവശ്യം വായിച്ചു പഠിക്കുകയും ചെയ്തു. അതിൽ നിന്നും എനിക്കു മൂന്നുകാര്യങ്ങളാണ് മനസിലാക്കുവാൻ സാധിച്ചത്. ബഡ്ജററ് പ്രസംഗത്തിൽ പെൻഷൻകാർക്ക് തുക വർദ്ധിപ്പിച്ചതും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും മററുമൊക്കെ വളരെ സ്വാഗതാർഹമാണ്. അതിന് ഞാൻ ആദ്യമേ എല്ലാവിധ അനുമോദനങ്ങളും അർപ്പിക്കുകയാണ്.

മറെറാരു വശം ഈ ബഡ്ജററു പ്രസംഗത്തിൽ നിന്നും എനിക്കു മനസിലാക്കാൻ സാധിച്ചത് അധികാരത്തിന്റെ തലപ്പത്തിരിക്കുന്നവരുടെ സ്വാധീനം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതി ഉണ്ടാക്കിയിരിക്കുന്നു എന്നാണ്. ഇതു രണ്ടും കഴിഞ്ഞ് ബാക്കി ഒരു ചീപ്പ് പോപ്പുലാരിററിക്ക് വേണ്ടിയുള്ള പ്രസംഗം എന്നാണ് ഞാൻ മനസിലാക്കുന്നത്. സർ, പല കാര്യങ്ങളിലും ഇന്നത്തെ ഗവൺമെൻറ് മാർക്സിസ്ററ് ഗവൺമെൻറിൻെറ കാൽപ്പാടുകൾ തുടരുകയല്ലെ എന്നു സംശയിക്കുകയാണ്. മുമ്പ് മന്ത്രിമാരായിരുന്ന ശ്രീമാൻ ഇമ്പിച്ചി ബാവയും ദിവംഗതനായ മത്തായിമാഞ്ഞൂരാനും ഒരു പദ്ധതികൊണ്ടു വന്നു. ചീപ്പ് പോപ്പുലാരിററിക്കുവേണ്ടിയുള്ള പദ്ധതിയായിരുന്നു; തൊഴിലില്ലായ്മ വേതനം. നൂറുകോടി രൂപ ആ പദ്ധതിക്കുവേണ്ടി നീക്കി വയ്ക്കണമെന്നു പറഞ്ഞത് ചീഫ് പോപ്പുലാരിററിക്കു വേണ്ടിയായിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സംസ്ഥാനത്തിന് സാമ്പത്തിക ശേഷി ഇല്ലായിരുന്നിട്ടും പ്രസംഗത്തിൻെറ ഓരോ ഘടകവും വായിച്ചു മനസിലാക്കാൻ സാധിച്ചത് ബഡ്ജററിൽ ടോക്കൺ തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ്. പല ഭാഗങ്ങളിലും കാണുന്നത് ചീപ്പ് പോപ്പുലാരിററിക്കുവേണ്ടിയുള്ള കള്ളക്കളിയാണ്. ഇതിനുമുമ്പുള്ള ബഡ്ജററ് എടുത്ത് നോക്കിയാലും ടോക്കൺ തുകകൾ നീക്കി വച്ചിട്ടുള്ളതായി കാണാൻ സാധിക്കും. ആ ടോക്കൺ തുകകൾ നീക്കിവച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാം നടന്നു. അതിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ടോക്കൺ തുകകൾ ഉൾപ്പെടുത്തിയതുകൊണ്ടു മാത്രം ഈ സംസ്ഥാനത്തിൻെറ വികസന പദ്ധതികളൊന്നും നടക്കുകയില്ല എന്നു ഞാൻ കരുതുന്നു. കാർപ്പറേഷൻ ഏർപ്പെടുത്തുന്ന കാര്യത്തിലും മാർക്സിസ്ററ് മന്ത്രിസഭയെ ഇന്നത്തെ മന്ത്രിസഭ പിന്തുടരുന്നു എന്നു സംശയിക്കുകയാണ്. ഓരോരോ പരിഹാരം പറഞ്ഞിട്ട് കോർപ്പറേഷനുകൾ രൂപീകരിക്കുന്ന കാര്യത്തിലുള്ള വ്യഗ്രതയാണ് കാണിക്കുന്നത്. ഇങ്ങനെ കോർപ്പറേഷനുകൾ രൂപീകരിച്ച് തങ്ങളുടെ പാർട്ടിയിലുള്ളവരെ തിരുകിക്കയററുവാൻ ഉദ്ദേശിക്കുകയല്ലെ എന്നു സംശയിക്കുകയാണ്. അതുപോലെ തന്നെ കോർപ്പറേഷനുകളിലെയും ഖാസി ഗവൺമെൻറ് സ്ഥാപനങ്ങളുടെയും നിയമനങ്ങൾ പി.എസ്.സി. ക്കുവിടുന്നത് നല്ല കാര്യമണ്. അങ്ങനെയാകുമ്പോൾ നല്ല കാര്യമാണെന്നു തോന്നുമെങ്കിലും അതിൻെറ ആത്മാർത്ഥതയെ സംശയിക്കുകയാണ്. ഇന്നു ചില രാഷ്ട്രീയ പാർട്ടികളുടെ അധീനതയിലുള്ള, രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട മന്ത്രിമാരുടെ അധീനതയിലുള്ള ചില കോർപ്പറേഷനുകളുണ്ട്. അതിൽ കഴിഞ്ഞ രണ്ടുകൊല്ലമായി നടത്തിയ നിയമനങ്ങൾ പുനഃപ്പരിശോധിക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. എൻെറ അറിവ് ശരിയാണെങ്കിൽ ആ കോർപ്പറേഷനുകളിലേക്ക് ഇനിയൊരു പത്തോ പതിനഞ്ചോ കൊല്ലത്തേയ്ക്ക് നിയമനങ്ങൾ നടത്തേണ്ടി വരികയില്ലെന്നാണ്. ഇൻഡ്യൻ സോഷ്യലിസ്ററ് പാർട്ടിയുൾപ്പെടെ ഉള്ള പാർട്ടിക്കുള്ള മന്ത്രിയുടെ കീഴിൽ ചിട്ടി കോർപ്പറേഷൻ ഉണ്ടായി. അതിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിനുമുമ്പേ പി.എസ്.സി. ക്കു വിടാൻ സാധിക്കുകയില്ല എന്നാണ് ആവരുടെ തർക്കമെന്ന് തോന്നുന്നു. മററുള്ള പാർട്ടികളുടെ കീഴിലുള്ള കോർപ്പറേഷനുകളും 10, 15 കൊല്ലത്തേയ്ക്കുള്ള നിയമനങ്ങൾ നടത്തിയിട്ടാണ് പി.എസ്. സി. ക്ക് വിട്ടുകൊടുത്തിരിക്കുന്നത്. മാർക്സിസ്ററ് പാർട്ടി തുടങ്ങിവച്ച പദ്ധതികൾ തുടരരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മററു ചില പ്രധാനപ്പെട്ട കാര്യങ്ങൾകൂടി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. നദീജലത്തെ സംബന്ധിച്ചിടത്തോളം ചില കരാറുകളെല്ലാം പഴയ ഗവൺമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. രാജ്യസ്നേഹിയായ ശ്രീമാൻ പട്ടം താണുപിള്ള ഭരിച്ചിരുന്ന അവസരത്തിൽ മദ്രാസ് ഗവൺമെൻറും നമ്മുടെ സംസ്ഥാന ഗവൺമെൻറും നദീജലത്തെ സംബന്ധിച്ചിടത്തോളം ചില തർക്കങ്ങൾ ഉണ്ടായിരുന്നു. രാജ്യസ്നേഹിയായ പട്ടം താണുപിള്ള മദ്രാസ് ഗവൺമെൻറിൻെറ അവകാശങ്ങൾ അംഗീകരിച്ചുകൊടുത്തിരുന്നില്ല. കഴിഞ്ഞ മാർക്സിസ്ററ് മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും വകുപ്പുമന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. കുറുപ്പും—എൻെറ അറിവ് ശരിയാണെങ്കിൽ—നമ്മുടെ കേരളത്തിന് ആവശ്യമുള്ള ജലത്തിൻെറ നല്ലൊരു വിഭാഗം തന്നെ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്നനിലയിൽ മദ്രാസ് ഗവൺമെൻറിന്‌വിട്ടുകൊടുത്തു. അതൊന്നു പുനപ്പരിശോധിക്കണം. നെയ്യാർ ഡാമിൻെറ ലെഫ്റ്റ് ബാങ്ക് ചാനലിൽ നിന്ന് കന്യാകുമാരി ഡിസ്ട്രിക്കിലേക്ക് വെള്ളം വിട്ടുകൊടുക്കുന്നുണ്ട്. ഇതു കേരള സംസ്ഥാനം രൂപമെടുത്ത അവസരത്തിലുള്ള കരാറനുസരിച്ചാണ്. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷം മദ്രാസ് സംസ്ഥാനത്തിൻെറ ചില ഭാഗങ്ങളിൽ വെള്ളത്തിനുവേണ്ടി ഒരു തുക മദ്രാസ് കേരള ഗവൺമെൻറിനു കൊടുക്കാമെന്നാണ് മനസിലാകുന്നത്. അതിനുശേഷം ഇന്നത്തെ പരിതസ്ഥിതി മാറിയിരിക്കുകയാണ്. ആ കരാർ കേരള ഗവൺമെൻറും മദ്രാസ് ഗവൺമെൻറും തമ്മിൽ ഉണ്ടാക്കിയ അവസരത്തിൽ മദ്രാസ് സംസ്ഥാനത്തിൽ വളരെയേറെ നിലങ്ങളുള്ള വളരെയേറെ ആളുകൾ കേരളത്തിലുണ്ട്. ഇവർക്ക് മദ്രാസിൽ നിന്ന് നെല്ലോ അരിയോ കൊണ്ടുവരാനുള്ളഎല്ലാ സാദ്ധ്യതയും അന്ന് ഉണ്ടായിരുന്നു. ഇപ്പോൾ മദ്രാസ് ഗവൺമെൻറ് ആ സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുകയാണ്. കരാർ ഉണ്ടാക്കിയ കാലത്തെ പരിതസ്ഥിതി മാറിയ സ്ഥിതിക്ക് ആ കരാർ പുനപ്പരിശോധിക്കണമെന്ന് ഞാൻ ആഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പരാതി എനിക്കു പറയാനുണ്ട്. ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഭരിച്ചാലും ശ്രീമാൻ അച്ചുതമേനോൻ ഭരിച്ചാലും തിരുവനന്തപുരം ഡിസ്ട്രിക്ടിൻെറ പുരോഗതിയെ സംബന്ധിച്ചിടത്തോളം വളരെയേറെ അവഗണിക്കപ്പെടുന്നു എന്ന പരാതി എനിക്കുണ്ട്. ഈ ബഡ്ജറ്റ് മുഴുവൻ വായിച്ചിട്ടും തിരുവനന്തപുരം ഡിസ്ട്രിക്ടിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഒരു ചില്ലിക്കാശും നീക്കിവച്ചിട്ടില്ലെന്നുള്ള വളരെ ഖേദകരമായിട്ടുള്ള വസ്തുത ആദ്യമെ തന്നെ അറിയിക്കുകയാണ്. സർ, ഇന്ന് തിരുവനന്തപുരത്തിൻെറ ഗതിയാണെങ്കിൽ നശിച്ച തറവാടുപോലെയാണ്. പഴയ തറവാട് ഉണ്ടെന്നുള്ളതിൽക്കവിഞ്ഞ് മറ്റൊന്നും ഇല്ല. തലസ്ഥാനം തിരുവനന്തപുരത്ത് ഉണ്ടായിരിക്കുന്നുവെന്നുള്ളതിൽക്കവിഞ്ഞ് വികസന പരിപാടികളൊന്നും ഈ ഗവൺമെൻേറാ പഴയ ഗവൺമെൻേറാ ചെയ്തിട്ടില്ലെന്നുള്ള കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർ, ഇവിടെ വ്യവസായത്തിൻെറ കാര്യത്തിൽ വളരെയൊക്കെ നല്ല കാര്യങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ തൊഴിലാളികളുടെ വികസനത്തിനും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്ന് ബഡ്ജററു പ്രസംഗത്തിൽ ശേഷൻ മാസ്ററർ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തോട് ഒരു കാര്യം പറയുവാനുള്ളത് തിരുവനന്തപുരത്തിന് തെക്ക് നെയ്യാററിൻകര എന്നൊരു സ്ഥലമുണ്ട്. അവിടെയുള്ള കുറെ ആളുകൾ പനയിൽ കയറി തൊഴിൽ ചെയ്തു ജീവിക്കുന്ന നാടാർ സമുദായക്കാരാണ്. ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ ഗവൺമെൻറിൻെറ കാലത്തും ഈ പരാതികൾ ഉന്നയിച്ചിരുന്നതാണ്. അയ്യായിരത്തോളം ആളുകൾ നെയ്യാററിൻകരതാലൂക്കിൽ പനക്കയററക്കാരായിട്ടുണ്ട്. അവരുടെ ഉന്നമനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കുകയാണ്.

മറ്റൊരു പരാതി എനിക്കു പറയാനുള്ളത് ആശുപത്രികളുടെ കാര്യങ്ങളെ സംബന്ധിച്ചാണ്. ഇന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയുടെ അടുക്കൽ നേരിട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഏതാണ്ട് ആറു ലക്ഷം ആളുകൾക്ക് ഉപയോഗപ്രദമായ നെയ്യാററിൻകര താലൂക്കാശുപത്രിയിൽ എന്തെങ്കിലും പുരോഗതി വരുത്തണം. പക്ഷേ ഖേദകരമെന്നുപറയട്ടെ കാര്യമായ യാതൊരു ചികിൽസാസംപ്രദായവുംഏർപ്പെടുത്തിയിട്ടില്ല. ഇങ്ങനെയാണെങ്കിൽ പ്രസിഡൻറുഭരണവും ഈ ഭരണവും തമ്മിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം വ്യത്യാസം ഒന്നും ഇല്ല. എന്നുപറയുന്നതുകൊണ്ട് പ്രസിഡൻറു ഭരണം ക്ഷണിച്ചു വരുത്തുകയാണെന്ന് തെററിദ്ധരിക്കരുത്.

അതുപോലെ മറ്റൊരു കാര്യം പറയുവാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ കേട്ടത് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ചില കാര്യങ്ങൾ നേടിയെടുക്കണമെന്നാണ്. ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ മദ്രാസ് ഗവൺമെന്റിലേക്ക് ക്ഷണിക്കുകയാണ്. അവിടെ ഡി.എം.കെ. യിൽപ്പെട്ട പാർലമെന്റ് മെമ്പറൻമാർ പ്രധാനമന്ത്രിയെ ഭീഷണിപ്പെടുത്തി ഓരോ കാര്യവും നേടിയെടുത്തുകൊണ്ടിരിക്കുകയാണ്. അപ്രകാരം ഇവിടത്തെ എം.പി. മാർക്കും ഇന്ദിരാഗാന്ധിയെ വോട്ടുചെയ്യുകയില്ലാഎന്നു പറഞ്ഞ് ഭീഷണിപ്പെടുത്തി ചില കാര്യങ്ങൾ നേടിയെടുക്കാമെന്നുള്ളതിൽ സംശയമില്ല. മദ്രാസ് ഗവൺമെന്റ് സേലത്തെ സ്റ്റീൽ പ്ലാന്റിനു വേണ്ടി 20 കോടി രൂപ നേടിയെടുത്തു. അനുവദിച്ചില്ലെങ്കിൽ അവർക്കനുകൂലമായി വോട്ടു ചെയ്യുകയില്ലെന്നു പറഞ്ഞു. ഭരണ കക്ഷിയിലുള്ള ആളുകളോട് അപേക്ഷിക്കുകയാണ് പാർലമെന്റിലുള്ള നിങ്ങളുടെ അംഗങ്ങളോട് പറയണം തങ്ങളുടെ വോട്ട് പ്രധാനമന്ത്രിക്ക് തരുകയില്ലായെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തണമെന്ന്. നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നാണെന്നു പറയുകയാണ്.

അതുപോലെ തന്നെ ഇവിടത്തെ പോലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം എന്തൊക്കെ പരാതികൾ ഉണ്ടെങ്കിലും ആളുകൾക്ക് സമാധാനം ഉണ്ടെന്ന തോന്നൽ ഉണ്ട്. ചില എം.എൽ.എ. മാർക്ക് അടിയേററു എന്നുള്ള പരാതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. കാരണം എം.എൽ.എ. മാർ തെററുചെയ്തതുകൊണ്ടാണ് അവർക്ക് അടികൊണ്ടതെങ്കിൽ അതിനെ സംബന്ധിച്ച് പൊതുജനങ്ങൾ അറിയുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. അല്ലാതെ എം.എൽ.എ. മാരെ അടിച്ചു എന്നുള്ള കാര്യം കൊണ്ടു തള്ളിക്കളയരുത്. മാർക്സിസ്ററു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒരു വിരോധാഭാസമുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജററിൽ പഞ്ചസാരയുടെയും തേയിലയുടെയും മണ്ണെണ്ണയുടെയും വില വർദ്ധിപ്പിച്ചതിനെ അനുകൂലിച്ച് കൈ പൊക്കേണ്ടതായും അതേ സമയം ഇവിടത്തെ ബഡ്ജററിനെ എതിർക്കേണ്ടതുമായ ഗതികേടാണ് ആവർക്കുള്ളത് എന്നു ഞാൻ പറയുകയാണ്.

ശ്രീ. ഏ. കെ. അപ്പു: സർ, ഈ ബഡ്ജററവതരിപ്പിക്കാൻ ഭാഗ്യം സിദ്ധിച്ചതിനും, ശ്രീ. പി. ആർ. കുറുപ്പിന് അദ്ദേഹം പഠിപ്പിച്ച ഭാഷയിൽതന്നെ അച്ചടക്കം എന്താണെന്നു മനസിലാക്കിക്കാൻ സാധിപ്പിച്ചതിനും ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശേഷനെ അഭിനന്ദിക്കുകയാണ്. ഈ ബഡ്ജററ് ദിവാൻ ഭരണത്തിന്റെ ബഡ്ജററായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഇവിടെ തുറന്ന മനസോടുകൂടി കുറച്ചു കാലമായി ഈ ഭരണത്തെ ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഇപ്പോൾ എനിക്ക് ബോദ്ധ്യമായിരിക്കുകയാണ് ഇവിടെ ഒരു ദിവാൻ ഭരണമാണ് നടക്കുന്നതെന്ന്. ഒരു ദിവാൻ ഭരണത്തിൽ എന്തെല്ലാം ഗുണങ്ങൾ അവകാശപ്പെട്ടാലും അതിനെ സ്വാഗതം ചെയ്യാൻ നിവൃത്തിയില്ല, മാത്രമല്ല അതിനെ എതിർക്കാതിരിക്കാനും നിവൃത്തിയില്ല. ആ നിലക്ക് ഈ ബഡ്ജററിന്റെ ഉള്ളടക്കത്തെ നോക്കാതെ തന്നെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ലെന്ന് ഞാൻ സവിനയം പ്രസ്താവിച്ചുകൊള്ളട്ടെ. മന്ത്രിമാർ എഴുത്തുകളിൽക്കൂടിയും പ്രഖ്യാപനങ്ങളിൽക്കൂടിയും പറയുന്നതിനെ വിലകൽപ്പിക്കുന്ന കാലം കഴിഞ്ഞുപോയി. ഇതിൽ പറയുന്നത് എങ്ങനെ നടപ്പിലാക്കുമെന്ന് നോക്കിയിട്ടുവേണം അവസാന വിലയിരുത്തൽ നടത്താൻ. ഉദാഹരണമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തന്നെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി ഒരു പ്രസ്താവനചെയ്തു. അതായത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ വമ്പിച്ച നഷ്ടമാണ്, ഞാൻ അത് നികത്താൻ ഇറങ്ങിയിരിക്കുകയാണ് എന്ന്. ഈ പ്രസ്താവന നടത്തിയയുടനേ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ചെയ്തതെന്താണെന്നോ, ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ കീഴിലുണ്ടായിരുന്ന 614 ആളുകളെ ഉടനെ പിരിച്ചു വിടുകയുണ്ടായി. അതിന്റെ ഫലമെന്താണെന്ന് ശാന്തമായിട്ടിരുന്ന് ആലോചിക്കാൻ ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയാണ്. ഈ പിരിച്ചു വിട്ട 614 പേർക്കും കാലാകാലങ്ങളിലുള്ള ശമ്പളവും പ്രമോഷനും, പെൻഷനും കൊടുത്ത് ഇരുത്തിയിരുന്നാൽ ഉണ്ടാകുന്ന ചെലവിനെക്കാൾ വളരെയധികം തുക ഇതിന്റെ ഫലമായിട്ട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് നഷ്ടം ഉണ്ടായിരിക്കുകയാണ്. എന്നുമാത്രമല്ല ഇനി ശേഷിച്ച കാലം മാത്രം ഇവിടെയിരുന്ന് നിങ്ങൾ ഭരിച്ചാലും അതിന്റെ ഒരു അംശംപോലും നികത്താൻ സാധിക്കുകയില്ലെന്നും പറയാൻഞാനാഗ്രഹിക്കുന്നു.

ഭരിക്കുന്ന കക്ഷിയിലെ എം.എൽ.എ. മാർ ഈ ഗവൺമെന്റിന്റെ പോലീസ് നയത്തെ സംബന്ധിച്ച് വളരെ ശാന്തമായി പരിശോധിക്കണമെന്നാണ് എനിക്ക് അവരോട് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാനുള്ളത്. കാര്യങ്ങൾ എന്തായാലും ശരി, പോലീസ് കടിഞ്ഞാൺ വിട്ടുകൊണ്ട് അങ്ങേയററത്തെ മർദ്ദനനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കാണാം. ഇതിനെ ഒരൊററ എം.എൽ എ.യ്ക്കു പോലും നിഷേധിക്കാൻ സാധിക്കുമോ? സാധിക്കുകയില്ല. ഭരണകക്ഷിയിലെ പല എം.എൽ.എ.മാരോടും ഞാൻ ഇക്കാര്യത്തെപ്പററി സംസാരിച്ചിട്ടുണ്ട്. ആവരെല്ലാം പോലീസ് വളരെ വളരെ മർദ്ദനമുറകൾ ആരംഭിച്ചിട്ടുണ്ടെന്ന് സമ്മതിക്കുന്നുവെങ്കിലും, അവരെല്ലാംതന്നെ ഓരോ തരത്തിൽ അതിനെ ന്യായീകരിക്കുകയാണ്. ദിവാൻ ഭരണകാലത്ത് നടന്നിട്ടുള്ളപോലീസ് മർദ്ദനമുറകളെ ന്യായീകരിക്കാൻ എത്രന്യായവാദങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. വയലാർ രക്ത സാക്ഷികളെ സൃഷ്ടിച്ച സംഭവത്തെ ന്യായീകരിക്കാൻ ദിവാൻ ഭരണത്തിൽസാധിച്ചിട്ടുണ്ട്. ആ നിലയിലുള്ള വാദഗതികൾ ഇപ്പോൾ സ്വീകരിക്കരുതേയെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ട്രാൻസ്പോർട്ട് സമരകാലത്ത് രണ്ട് ആളുകളെ ചുട്ടുകരിച്ചത് ഉദ്ധരിച്ചുകൊണ്ട് പോലീസിന്റെ മർദ്ദനത്തെ ന്യായീകരിക്കുന്നത് ശരിയല്ല. തിരൂരുണ്ടായ ആക്രമണത്തെപ്പററിയും അഗ്നിക്ക് ഇരയായവരെപ്പററിയും, ശ്വാസം മുട്ടി മരിച്ചവരെപ്പററിയും പറഞ്ഞു, അതിനോടനുബന്ധിച്ച് സി.ആർ.പി.യും പോലീസും കൂടി നടത്തിയ മർദ്ദനങ്ങളെ ന്യായീകരിക്കാൻ സാദ്ധ്യമല്ല, സി.എച്ച്. മുഹമ്മദുകോയക്ക് അതു ന്യായീകരിക്കാൻ സാദ്ധ്യമല്ല, മുസ്ലീംലീഗിന് ന്യായീകരിക്കാൻ സാധ്യമല്ല. മട്ടന്നൂരിൽ നടന്ന ബസ് ആക്രമണവുമായി ബന്ധിച്ച് പോലീസ് മർദ്ദനത്തെ ന്യായീകരിക്കുന്നതിനെ ഒരിക്കലും സമ്മതിക്കുവാൻ നിവൃത്തിയില്ലായെന്ന് സവിനയം തുറന്നഹൃദയത്തോടുകൂടി പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പോലീസ് മർദ്ദനത്തിനുവേണ്ടിയാണോ പോലീസിനു കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുള്ളത്? നല്ല കാര്യങ്ങൾ ചെയ്യാനാണെങ്കിൽ അതിനെ എല്ലാവരും സ്വാഗതം ചെയ്യും. അതാണ് ഞാൻ നേരത്തെ പറഞ്ഞത് എഴുതുന്നതുകൊണ്ടു മാത്രം അഭിനന്ദിക്കാൻ നിവൃത്തിയില്ലായെന്ന്. പ്രവർത്തിയിൽ എങ്ങനെയാണെന്നു നോക്കണം. പോലീസിന്റെ കാര്യം എന്തായാലും നാം അഭിലഷിക്കുന്ന രീതിയിലല്ല പോകുന്നത്. ശ്രീ. സി. എച്ച്. മുഹമ്മദുകോയക്കു തന്നെ അതിന് കടിഞ്ഞാൺ ഇടാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഭരിക്കുന്ന കക്ഷിയിലെ വലതു കമ്മ്യൂണിസ്ററ് പാർട്ടിയിലേയും, ആർ.എസ്.പി. യിലെയും തലമുതിർന്ന നേതാക്കൻമാരോട് ഞാൻ പറയുകയാണ് നിങ്ങൾ ശാന്തമായി ഇതിനെപ്പററി ആലോചിക്കണമെന്ന്. നാം സമരം നടത്തുന്ന, തൊഴിലാളി സമരം നടത്തുന്ന പാർട്ടിയിലെ ആളുകളാണ്. തൊഴിലാളി സമരം നിയമത്തിനു മാത്രം ന്യായീകരിക്കാൻ പററാത്ത ഒരു സമരമാണ്. തൊഴിലാളിസമരത്തിൽ ഒരു തരത്തിൽ ചിന്തിക്കുകയാണെങ്കിൽ പിക്കററിംഗ് നല്ലതല്ല. പണിമുടക്കിയവർ പിക്കററിംഗ് നടത്തുമ്പോൾ അതിനെ ന്യായീകരിക്കാൻ വിഷമമുള്ള ഘട്ടത്തിൽ പിക്കററ് ചെയ്തവരെ അറസ്ററ് ചെയ്യുകയും പോലീസ് മർദ്ദനത്തിന് വിധേയമാകുകയും ചെയ്യുകയാണെങ്കിൽ എന്തായിരിക്കും ഫലം? നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് മർദ്ദനങ്ങളെ ഇപ്പോൾ ന്യായീകരിക്കുമെങ്കിൽ നിങ്ങൾക്ക് ഭാവിയിൽ എങ്ങനെ സമരം നടത്താൻ സാധിക്കുമെന്ന് വലതുകമ്മ്യൂണിസ്റ്റ് പാർട്ടിയിലെയും, ആർ.എസ്.പി. യിലെയും നേതാക്കൻമാർ ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ ഇവിടെ ശ്രീ. ചന്ദ്രശേഖരശാസ്ത്രി പ്രസംഗിക്കുകയുണ്ടായി, പോലീസ് അക്രമം കൂടുതൽ ചെയ്യുന്നുണ്ടെന്ന് സമ്മതിക്കുന്നു. പക്ഷേ അത് നിങ്ങൾ ക്ഷണിച്ചു വരുത്തിയിട്ടാണെന്ന്. ന്യായീകരിക്കാൻ പല വാദഗതികൾ ഉന്നയിച്ചാലും ശരി ഒരു വിധത്തിലും ഇതിനെ ന്യായീകരിക്കാൻ സാധ്യമല്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചു ശ്രീ. നമ്പീശന് പരിക്കുപററിയതിൽ വളരെ സങ്കടമുണ്ടെന്ന്. ഒരു വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കുന്നതുകൊള്ളാം. എം.എൽ.എ. ശ്രീ. നമ്പീശനെ പോലീസ് കസ്ററടിയിൽ എടുക്കുമ്പോൾ അദ്ദേഹം വളരെ ആരോഗ്യവാനായിരുന്നു. പോലീസ് കസ്ററടിയിൽ എടുത്തതിനുശേഷം അദ്ദേഹത്തിൻെറ ശരീരത്തിൽ പല മർദ്ദനങ്ങളും ഏൽക്കേണ്ടിവന്നു. അത് എങ്ങിനെ ഉണ്ടായതാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. ഇതിനെപ്പററി തക്ക ശിക്ഷാ നടപടി മുഖ്യമന്ത്രി കൈക്കൊള്ളേണ്ടതാണ്. അടിയന്തിര നടപടികൾ സ്വീകരിക്കാതെ ഇരിക്കുകയാണെങ്കിൽ തീർച്ചയായും പോലീസു മർദ്ദനത്തെ ഒരു വിധത്തിൽ ഈ ഗവൺമെൻറ് സ്വാഗതം ചെയ്യുന്നുവെന്ന കുററം ആരോപിക്കാതിരിക്കാൻ നിവൃത്തിയില്ല. ''ജസ്ററീസ് ഡിലൈഡ് ഈസ് ജസ്ററീസ് ഡിനൈഡ്'' എന്ന കാര്യം ഓർക്കണം.

ഈ ബഡ്ജററിൽ എഴുതിപ്പിടിപ്പിച്ച കാര്യങ്ങളെ പ്രകീർത്തിക്കാൻ ഞാൻ ഈ അവസരത്തിൽ മുതിരുന്നില്ല. ഇതിൽ വളരെയധികം കോർപ്പറേഷൻ ഉണ്ടാക്കുന്നതിനെപ്പററി പറഞ്ഞിട്ടുണ്ട്. പക്ഷേ ആ കോർപ്പറേഷനുകൾ എങ്ങനെ നടത്തപ്പെടുമെന്നുള്ള കാര്യങ്ങളെപ്പററി ആലോചിക്കണം. ഇവിടെ ഉണ്ടായിട്ടുള്ള കോർപ്പറേഷനുകൾ നോക്കുകയാണെങ്കിൽ ഭരണകക്ഷിയിലെ മന്ത്രിമാർ അന്യോന്യം വിശ്വാസമില്ല. വലതു കമ്മ്യൂണിസ്ററ് പാർട്ടി കോർപ്പറേഷൻ ഉണ്ടാക്കുകയാണെങ്കിൽ അതിൻെറ ചെയർമാൻ വലതു കമ്മൂണിസ്ററുകാരനായിരിക്കും. അതിലെ സ്ററാഫ് മുഴുവൻ വലതുകമ്മ്യൂണിസ്ററുകാരായിരിക്കും. അതുപോലെ ഐ.എസ്.പി. ഒരു കോർപ്പറേഷൻ രൂപീകരിക്കുകയാണെങ്കിൽ അതിലെ ചെയർമാനും സ്ററാഫും ഐ.എസ്.പി. ക്കാരായിരിക്കും. എന്നുവേണ്ട മാർക്സിസ്ററ് പാർട്ടിക്കാർ ഉണ്ടാക്കിയ കോർപ്പറേഷനുകളിലെയും സ്ഥിതി ഇതുതന്നെയാണ്. കോർപ്പറേഷൻ ഉണ്ടാക്കുന്നതിനെപ്പററി പറഞ്ഞിരിക്കുന്നതുകൊണ്ടുമാത്രം അഭിനന്ദിക്കാൻ സാധിക്കുകയില്ല. അത് എങ്ങിനെ പ്രാവർത്തികമാക്കും എന്നുള്ളതാണ് നോക്കേണ്ടത്. ഇവിടെത്തന്നെ അഗ്രിക്കൾച്ചറൽ ഫൈനാൻസ് കോർപ്പറേഷൻ, അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ, വനം കോർപ്പറേഷൻ, കയർ കോർപ്പറേഷൻ, കശുവണ്ടി കോർപ്പറേഷൻ, കരകൗശല കോർപ്പറേഷൻ, ഭവന നിർമ്മാണ ബോർഡ്, മുള വ്യവസായ കോർപ്പറേഷൻ, നഗര വികസന പദ്ധതി, ഗ്രാമീണ വികസന പദ്ധതി ഇങ്ങനെ എണ്ണിയാൽ തീരാത്ത കോർപ്പറേഷനുകൾ തുടങ്ങുന്നതിനെപ്പററിയും തുടങ്ങിയതിനെപ്പററിയും പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ. ഹമീദ് സൂചിപ്പിച്ചതുപോലെയുള്ള ചീത്ത ഉദ്ദേശത്തോടുകൂടിയാണ് ഇവ തുടങ്ങുന്നതെങ്കിൽ അത് നാശത്തിലേയ്ക്കായിരിക്കും എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എൻെറ പ്രഭാഷണം അവസാനിപ്പിക്കാൻ ശ്രമിക്കുകയാണ്. അത് വിദ്യാഭ്യാസപരമായ കാര്യങ്ങളെ സംബന്ധിച്ചാണ്. പല കാര്യങ്ങളിലും വിദ്യാഭ്യാസമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ ഞാൻ അഭിനന്ദിക്കുകയാണ്. അതേ സമയം പോലീസുമന്ത്രിയെന്നുള്ള നിലയിൽ ഞാൻ അദ്ദേഹത്തെ അങ്ങേയററം നിശിതമായി വിമർശിക്കുകയുമാണ്. കാര്യങ്ങൾ തുറന്നുപറയുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് യാതൊരു മടിയുമില്ല. പോലീസ്മന്ത്രിയെന്നുള്ള നിലയിൽ ആളുകളുടെയെല്ലാം വെറുപ്പിന് അദ്ദേഹം പാത്രീഭൂതനായിട്ടുണ്ട്. എന്നാൽ ഒരു അദ്ധ്യാപകനെന്നുള്ള നിലയിൽ ഞാൻ അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തോടുള്ള നയത്തെ അനുകൂലിക്കുന്നു. വെക്കേഷനിൽ മാററം വരുത്തുന്നത് ഒരു പരീക്ഷണമെന്നുള്ള നിലയിൽ ഞാൻ സ്വാഗതം ചെയ്യാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകൻമാർക്ക് ഇംക്രിമെന്റ് കിട്ടുന്നതിന് വളരെയധികം വിഷമമുണ്ട്. വിദ്യാഭ്യാസ ഡയറക്ടർ തന്നെ ഇംക്രിമെന്റ് നൽകുന്നതിന് ഒരു ശുപാർശ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെയായിട്ടും അതു നടപ്പിലാക്കിയിട്ടില്ല. ഉടനെ നടപ്പിലാക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ പ്രഭാഷണം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെയധികം ഉച്ചാരണ സ്ഫുടതയോടുകൂടി വായിച്ചുസമർപ്പിച്ച ഈ ബഡ്ജററിന്റെ പിന്നിൽ നല്ല ഒരു അദ്ധ്യാപകന്റെ കരവിരുത് കാണുന്നുണ്ട്. വളരെയധികം സാഹിത്യപ്രസരമുള്ള ഈ ബഡ്ജററിന്റെ പിന്നിൽ നല്ല ഒരു സാഹിത്യകാരന്റെ കൈവിരുത് കാണുന്നുണ്ട്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്തിന്റെ ചുക്കാൻ പിടിച്ചുകൊണ്ട് സുരക്ഷിതത്വമായിട്ട് ഈ സംസ്ഥാനത്തെ നയിക്കാൻ കഴിവുള്ള ഒരു ക്രാന്തദർശിയായിട്ടുള്ള സാമ്പത്തികവിദഗ്ദന്റെ കൈവിരുത് ഈ ബഡ്ജററിന്റെ പിന്നിൽ കാണുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്.

സർ, ഈ സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന വളരെ ഗുരുതരമായ മൗലിക പ്രാധാന്യമുള്ള പ്രശ്നങ്ങളെ മുഖത്തോടുമുഖം നേരിട്ട് അതിന് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക എന്നുള്ള കാര്യത്തിൽനിന്നും വഴിമാറി പോകുന്ന പ്രവണത ഈ ബഡ്ജററിൽ ഉടനീളം കാണുന്നുണ്ട്. അതുകൊണ്ടാണ് സർ, ഈ ബഡ്ജററ് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷ അപ്പാടെ തകർത്തുകളഞ്ഞുവെന്ന് പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സമർപ്പിച്ചിട്ടുള്ള ഈ ബഡ്ജററ് ഒരു കാര്യം വളരെ വ്യക്തമായി തെളിയിക്കുന്നുണ്ട്, വളരെയധികം ക്രമാനുഗതമായിട്ടാണെങ്കിലും ഈ സംസ്ഥാനം സാമ്പത്തിക തകർച്ചയിലേക്ക് മുന്നേറുന്നുണ്ടെന്നുള്ളതാണ് ആ കാര്യം.

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെയധികം വിശദാംശങ്ങൾ ഇതിൽ പറയുന്നതുകൊണ്ട് ഞാൻ പറയുകയാണ്. അദ്ദേഹം ഈ ബഡ്ജററിൽ പറയുകയുണ്ടായി കഴിഞ്ഞ ഒരു കൊല്ലക്കാലം ഈ ഗവൺമെന്റ് ഗുരുതരമായ പല സാമ്പത്തിക പ്രതിസന്ധികളേയും നേരിട്ടു, അങ്ങനെ റിസർവ്വ് ബാങ്കിൽ നിന്നും ഓവർഡ്രാഫ്ററ് കണക്കിലെടുത്ത് ഓട്ടയടച്ച് നിൽക്കുകയാണെന്ന്. മാത്രമല്ല കടം വാങ്ങിയാൽ അത് മടക്കി കൊടുക്കേണ്ട സമയം പണമില്ലെങ്കിൽ എന്തോന്ന് സൂത്രവിദ്യയാണ് ചെയ്യേണ്ടതെന്നും ധനകാര്യമന്ത്രി പറഞ്ഞിട്ടുണ്ട്. പഴയ കടം കൊടുക്കേണ്ടി വരുമ്പോൾ പുതിയ കടം എടുക്കുക, പഴയകടം അങ്ങനെ മടക്കിക്കൊടുക്കുക. അതിലും വിചിത്രമായി വേറൊരു ടെക്നിക്ക് ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്. കൊല്ലാവസാനം വരുമ്പോൾ റിസർവ്വ് ബാങ്കിൽ നീക്കിയിരുപ്പ് ബാക്കി കൊടുക്കേണ്ടി വരികയാണെങ്കിൽ ചെയ്യേണ്ടതിനെപ്പററിയാണ്. ആറുകോടി രൂപാ വായ്പ എടുത്ത കാര്യം പറയുകയുണ്ടായി. സിവിൽ അക്കൗണ്ടിൽ ഈ കുറവ് താൽക്കാലിക വായ്പയായി കണക്കിലെടുക്കുകയും പൊതുക്കടക്കണക്കിൽ വരവായി കാണിക്കുകയും ചെയ്യുക. പിന്നെ ആ കടം ചെലവിലേക്കായി കണക്കിൽക്കൊള്ളിച്ച് കമ്മിയായി മാററുക. ഇതുകൊണ്ട് സാമ്പത്തിക നയത്തിലേക്ക് നയിക്കാൻ ഇങ്ങനെയുള്ള പൊട്ടു വിദ്യകൾ കൊണ്ട് എങ്ങിനെ കഴിയും. ഒരു ചെമ്പുകലത്തിൽ ഒരു ഓട്ട വീഴുകയാണെങ്കിൽ ചെരിച്ചു വയ്ക്കാം, പിന്നീടൊരു ഓട്ട കൂടി വീഴുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പപ്പടം ഒട്ടിച്ചുവയ്ക്കാം. പിന്നീട് ഓട്ട വീണാൽ അതിന്റെ സ്ഥിതി എന്താണ്. ഗതിയില്ലതന്നെ. അതുപോലെ ഓട്ട അടയ്ക്കുവാൻ പററാത്ത ഒരു സ്ഥിതിയിലേക്ക് നമ്മുടെ സാമ്പത്തികസ്ഥിതി നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് കാണാം. ഈ സാമ്പത്തിക തകർച്ചയിലേക്കുള്ള മുന്നേററത്തിനുള്ള ഏററവും പ്രധാനമായിട്ടുള്ള കാരണങ്ങളിലൊന്ന് ഈ ഗവൺമെന്റ് അധികാരം ഏറെറടുക്കുമ്പോൾ നമ്മുടെ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം വളരെ കണിശമായി പാലിക്കുന്നു എന്നുള്ളതാണ്. അദ്ദേഹം പ്രഖ്യാപിച്ചത് ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ ഭരണം എന്നാണ്. അങ്ങനെ ഭരണം തുടരുമ്പോൾ ആ കാലടിപ്പാടുകൾ തുടരുമ്പോൾ പല തകരാറുകളും സംഭവിക്കും.

[Mr. Speaker in the Chair]

അങ്ങനെ സംഭവിച്ചിട്ടുള്ള ഒരു പ്രധാന തകരാറാണ്, ഈ സംസ്ഥാനത്തിന്റെ ഭരണച്ചെലവ് വെട്ടിച്ചുരുക്കാതെ, ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ ഒട്ടും കണക്കിലെടുക്കാതെ ഈ.എം.എസ്. നമ്പൂതിരിപ്പാട് ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ അതേപടി തുടരുന്നതുകൊണ്ട് വന്നു ചേർന്ന ഗതികേട്. അതിന്റെ ഫലമായി ഈ സംസ്ഥാനത്തിന്റെ ഭാവി തീർച്ചയായും അപകടത്തിലേക്ക് നീങ്ങുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ അധികം വിശദീകരിക്കുന്നില്ല. ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാം. ഇവിടെ ഭരണച്ചെലവ് കുറയ്ക്കാനായിട്ട് വെള്ളോടി കമ്മിററി പല ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. ഭരണരംഗത്ത് ഒന്നരകോടി രൂപായുടെ ചെലവ് ചുരുക്കാൻ കഴിയത്തക്കവിധത്തിൽ കുറെ തസ്തികകൾ കുറവ് ചെയ്യാമെന്ന് ആ കമ്മിററി പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ആ തസ്തികകൾ കുറവു ചെയ്യുന്നില്ലെന്നു മാത്രമല്ല അടിക്കടി ചിലവ് വർദ്ധിക്കത്തക്കരീതിയിലുള്ള പുതിയ തസ്തികകളുടെ ഘോഷയാത്രയാണ് പല ഡിപ്പാർട്ടുമെന്റുകളിലും നടത്തുകയും ചെയ്യുന്നത്. ഇതൊക്കെ വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് സഹകരണവകുപ്പിൽ നടന്നിട്ടുള്ള ഒരു കാര്യത്തെക്കുറിച്ചു മാത്രം ചൂണ്ടിക്കാണിക്കാം. സഹകരണവകുപ്പിന്റെ പുന:സംഘടനയുടെ പേർ പറഞ്ഞുകൊണ്ട് 38 അസിസ്ററന്റ് രജിസ്ട്രാറൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ 26 ജൂനിയർ ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 56 ലോവർ ഡിവിഷൻ ക്ലാർക്കൻമാരുടെ തസ്തികകൾ സ്ഷ്ടിച്ചിട്ടുണ്ട്. പുന:സംഘടനയുടെ പേര് പറഞ്ഞുകൊണ്ട് ഇത്തരം തസ്തികകൾ സൃഷ്ടിക്കുന്നതിന് യാതൊരു നീതീകരണവും ലഭിക്കുന്നില്ല. ഈ നിലയിൽ തുടരുകയാണെങ്കിൽ തീർച്ചയായും ഈ സംസ്ഥാനത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സാമ്പത്തിക തകർച്ചയിൽനിന്ന് ഈ സംസ്ഥാനത്തെ ഒഴിവാക്കണമെങ്കിൽ ചെയ്യേണ്ട പ്രധാനപ്പെട്ട ഒരു കാര്യം, ചെലവുകൾ വെട്ടിച്ചുരുക്കൽ മാത്രമല്ല, സംസ്ഥാനത്തിന്റെ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള ഉപാധികൾ കണ്ടു പിടിക്കുകയും വേണമെന്നുള്ളതാണ്. നികുതികൾ വർദ്ധിപ്പിച്ചുകൊണ്ട് അല്ലെങ്കിൽ പുതിയ നികുതികൾ ചുമത്തിക്കൊണ്ട് ഈ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം കുറവാണ്. ഉള്ള നികുതികളുടെ ഭാരംതന്നെ വളരെ ദുർവ്വഹമാണ്. ഈ സാമ്പത്തിക തകർച്ചയിൽ നിന്ന് ഒഴിവാക്കണമെങ്കിൽ നികുതിവഴിയല്ലാതെ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള ഉപാധികൾ ഗവൺമെന്റ് കണ്ടുപിടിക്കണം. കഴിഞ്ഞകൊല്ലത്തെ ബഡ്ജററിലും, അതിനു മുൻപിലത്തെ ബഡ്ജററിലും അന്നത്തെ ധനകാര്യമന്ത്രി നികുതിയില്ലാത്ത ചില സ്വാഗതാർഹമായ സംരംഭങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ചിട്ടി, കുറി, ഹയർ പർച്ചേസ് തുടങ്ങിയ സംരംഭങ്ങൾ പൊതു മേഖലയിൽ നടത്താനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കുറെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒരു കാര്യം ഞാൻ പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്. ഈ സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ അത് സംസ്ഥാനത്തിലെ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള നേട്ടമായിട്ട്, വിജയമായിട്ട് പരിണമിക്കുന്നുണ്ടെങ്കിൽ ഇന്നത്തെ രീതി മാററണം. കുറി, ചിട്ടി, വ്യവസായം പരിപൂർണ്ണമായി ദേശസാൽക്കരിക്കാത്തിടത്തോളംകാലം ഈ സ്ഥാപനങ്ങൾ പരാജയത്തിലേയ്ക്ക് നീങ്ങുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. സ്വകാര്യ വ്യക്തികളുമായി അല്ലെങ്കിൽ സ്ഥാപനങ്ങളുമായി മൽസരിച്ച് ഈ കുറി, ചിട്ടി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുകയാണെങ്കിൽ ഗവൺമെൻറിൻെറ ബിസിനസ് നഷ്ടത്തിൽ അവസാനിക്കും. അതുകൊണ്ട് സ്വകാര്യമേഖലയിൽ കുറിയുടെയും ചിട്ടിയുടെയും പ്രവർത്തനങ്ങൾ അനുവദിക്കാതെ പരിപൂർണ്ണമായി ദേശസാൽക്കരിച്ചുകൊണ്ടുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണം. അങ്ങനെ ചെയ്യുകയാണെങ്കിൽ എനിക്ക് വളരെ കണിശമായി പറയാൻ സാധിക്കും, അത് ഈ സംസ്ഥാനത്തിൻെറ മുതലെടുപ്പിന് വലിയൊരു നേട്ടമായി പരിണമിക്കുമെന്ന്. അതുപോലെ തന്നെ നികുതിയില്ലാതെ വരുമാനം വർദ്ധിപ്പിക്കാനുള്ള പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ: സമയം കഴിഞ്ഞു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സമയക്കുറവുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. സി. വാസുദേവമേനോൻ: ഈ ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയ്ക്കകത്തുനിന്നുകൊണ്ട് സമൂലമായ പരിഷ്ക്കാരങ്ങൾ വരുത്തിത്തീർക്കാവുന്ന ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിക്കാൻ നമ്മുടെ ധനകാര്യമന്ത്രിക്കോ ഈ മന്ത്രിസഭയ്ക്കോ കഴിയുകയില്ലെന്നറിയാം. പക്ഷേ സമ്പദ്ഘടനയ്ക്കകത്തുനിന്നുകൊണ്ടുതന്നെ തൻമൂലമായ പരിഷ്കാരങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിക്കാൻ സാധിക്കുമെന്നുള്ളതാണ് എൻെറ അഭിപ്രായം. പക്ഷേ അത്തരത്തിൽ വ്യത്യസ്തമായ ഒരു നയം ഈ ബഡ്ജററ് പ്രസംഗത്തിൽ എവിടേയും കാണുന്നില്ലെന്നുള്ളതാണ് ഖേദകരമായി തോന്നിയിട്ടുള്ളത്. പ്രത്യേകിച്ചും ഏററവും പ്രധാനമായിട്ടുള്ള, നമ്മുടെ അടിസ്ഥാനപ്രശ്നമായിട്ടുള്ള ഭക്ഷ്യപ്രശ്നം അതുപോലെതന്നെ തൊഴിലില്ലായ്മ, വ്യവസായവൽക്കരണം എന്നീ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനകത്തുനിന്നുകൊണ്ട് എന്തെങ്കിലും പ്രതീക്ഷിക്കാവുന്ന രീതിയിലല്ല ഈ ബഡ്ജററ് പ്രസംഗം വായിച്ചാൽ തോന്നുക. അതായത് 1970—71-കൊല്ലത്തിലെ കാർഷികോൽപ്പാദനത്തെ സംബന്ധിച്ചാണെങ്കിൽ പുതുതായി എത്ര ഏക്കർ കൃഷിചെയ്യാൻ സാധിക്കും, അതുപോലെതന്നെ വിളവ് എത്രകണ്ട് വർദ്ധിപ്പിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്ലാനോ ടാർജററിലേക്ക് എത്തിക്കാനുള്ള പരിപാടികളോ ഗവൺമെൻറിൻെറ പ്രവർത്തനങ്ങളോ എന്താണെന്നു ചൂണ്ടിക്കാണിക്കുന്ന രീതിയിലുള്ള യാതൊന്നും ഇതിൽ കാണാൻ കഴിയുകയില്ല. അതുപോലെതന്നെ വ്യവസായവൽക്കരണത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ വ്യവസായവൽക്കരണത്തിൻെറ ഭാഗങ്ങളൊകെ വായിച്ചാൽ, നാലഞ്ചു പ്രതീക്ഷകളും പരിഗണനകളും കാണാൻ സാധിക്കും. കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കാവുന്ന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുന്നു എന്നാണ് കാണുന്നത്. അതിന് നിരന്തരമായ പരിശ്രമം ആവശ്യമാണ്. ഈ സംസ്ഥാനത്തെ പൊതുമേഖലാ രംഗത്ത് കൂടുതൽ കേന്ദ്ര നിക്ഷേപത്തിന് ശബ്ദമുയർത്തണമെന്നും, രാഷ്ട്രീയ സമ്മർദം ഈ ഗവൺമെൻറ് ചെലുത്തണമെന്നുമാണ് ഇതിൽ എഴുതിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുവേണ്ടി ശബ്ദമുയർത്തുന്നുണ്ട്, സമ്മർദ്ദം ചെലുത്തുന്നുണ്ട് എന്ന് എഴുതിയിട്ടുണ്ട്. അതുവരെ ഈ ശബ്ദം ഞങ്ങളാരും പുറത്തു കേട്ടിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. അതുപോലെതന്നെ സമ്മർദ്ദം ഏതു വഴിക്കാണ് ചെലുത്തുന്നതെന്ന് പറഞ്ഞിട്ടില്ല. അത് രഹസ്യമാണെങ്കിൽ പറയേണ്ട. പക്ഷേ ശബ്ദമെങ്കിലും പുറത്തു കേൾപ്പിക്കാമായിരുന്നു. അതുപോലെതന്നെ തൊഴിലില്ലായ്മയെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വ്യവസായവൽക്കരണത്തിൽ കൂടിയല്ലാതെ, അതുപോലെതന്നെ കാർഷിക പരിഷ്കരണം അതിവേഗത്തിൽ നടപ്പിലാക്കിക്കൊണ്ടല്ലാതെ സാദ്ധ്യമല്ലെന്നുള്ള കാര്യം നമുക്കറിയാം. പക്ഷേ ഈ കാര്യങ്ങൾക്കെല്ലാംതന്നെ കേന്ദ്രത്തിന്റെ നിർലോഭമായ സഹായം ആവശ്യമാണ്. കേന്ദ്രത്തിന്റെ നിർലോഭമായ സഹകരണം കിട്ടണമെങ്കിൽ തീർച്ചയായും ശക്തിയായ പ്രക്ഷോഭണം ജനങ്ങളുടെ സഹകരണത്തോടുകൂടി നടത്തിയാലല്ലാതെ സാധിക്കുകയില്ല. അല്ലാതെ ഇവിടുത്തെ എം. പി. മാരുടെ യോഗം വിളിച്ചു കൂട്ടിയതുകൊണ്ടോ അവർ ഹാജരായില്ലെന്നു പറഞ്ഞതുകൊണ്ടോ അതു സാദ്ധ്യമല്ലെന്നു നമുക്കറിയാം. അത്തരത്തിൽ കേന്ദ്രത്തിനെതിരായി ശക്തിയായ പ്രക്ഷോഭണം നടത്താൻ സാധിക്കുന്ന രീതിയിലുള്ള രാഷ്ട്രീയ ഘടനയല്ല, ഇന്നത്തെ മന്ത്രിസഭയ്ക്കുള്ളതെന്ന് നമുക്കറിയാം. അതല്ല അതിന്റെ സ്വഭാവമെന്നും അറിയാം. കേന്ദ്രത്തിന്റെ പ്രത്യേകിച്ച് അധികാരത്തിലിരിക്കുന്ന കാൺഗ്രസ്സിന്റെ ആശീർവാദമില്ലായിരുന്നു എങ്കിൽ ഇത്തരത്തിലൊരു മന്ത്രിസഭ ഇവിടെ രൂപീകരിക്കാൻ സാദ്ധ്യമല്ലെന്നുള്ള കാര്യം മറച്ചു വയ്ക്കേണ്ടതില്ല. അത് ഈ രാജ്യത്തെ മുഴുവൻ ആളുകൾക്കും അറിയാവുന്ന സംഗതിയാണ്. ആ നിലയ്ക്ക് കേന്ദ്രത്തിനെതിരായി ശക്തിയായ പ്രക്ഷോഭണം അല്ലെങ്കിൽ ശബ്ദമുയർത്തുക എന്നു പറഞ്ഞാൽ ഇവിടുത്തെ ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളും തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കി കൊടുക്കുന്നതിനുള്ള ആവശ്യങ്ങളും മററുമെല്ലാം മുമ്പോട്ടു വച്ചു കൊണ്ടുള്ള ഒരു പ്രക്ഷോഭണമായിരിക്കണം. ഇവിടുത്തെ ജനങ്ങളെ ആകെ സംഘടിപ്പിച്ചുകൊണ്ട് ആ രീതിയിലുള്ള ഒരു പ്രക്ഷോഭണം ശക്തിപ്പെടുത്താതെ സാദ്ധ്യമല്ല. ആ രീതിയിൽ കഴിഞ്ഞ 31 മാസക്കാലത്തെ ഭരണത്തെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ ഈ രാജ്യത്ത് പാലും തേനും ഒഴുക്കി ഭരിക്കുമെന്ന് ആരും അവകാശപ്പെട്ടിരുന്നില്ല. പക്ഷേ ഒരു കാര്യമുണ്ട്. വമ്പിച്ച നേട്ടമായി ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളും പ്രത്യേകിച്ച് പാവപ്പെട്ട കർഷകരും കാർഷികത്തൊഴിലാളികളും കണ്ടിരുന്നത് അവരുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ, അവ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭണത്തെ അടിച്ചമർത്തുന്ന ഒരു ഭരണമല്ല ഇവിടെ ഉണ്ടായിരുന്നതെന്നുള്ളതാണ്. അതുകൊണ്ടാണ് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറഞ്ഞത്, കഴിഞ്ഞ 31 മാസക്കാലത്തെ ഭരണത്തിനിടയിൽ ഇവിടെ അൻപതിനായിരം അറുപതിനായിരം പ്രകടനങ്ങൾ നടത്തി എന്നുള്ളത്. കാരണം അന്ന് ഈ രാജ്യം ഭരിച്ചിരുന്നത് അദ്ധ്വാനിക്കുന്നവരുടെ ഗവൺമെൻറായിരുന്നു എന്ന് ഞാൻ പറയുകയാണ്. പ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുന്നവരെ വെടിവച്ചു കൊല്ലുകയോ ലാത്തിച്ചാർജ് ചെയ്യുകയോ ചെയ്യുന്ന ഒരു ഗവൺമെൻറല്ലെന്നുള്ള വിശ്വാസം സാധാരണക്കാർക്കുണ്ടായിരുന്നു. പ്രത്യേകിച്ചും കാർഷിക തൊഴിലാളികളെ സംബന്ധിച്ച് കൂലിക്കുവേണ്ടിയുള്ള പ്രക്ഷോഭണം, ജോലി സ്ഥിരതയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭണം, കുടിയിരുപ്പിൽ സ്ഥിരാവകാശത്തിന് വേണ്ടിയുള്ള പ്രക്ഷോഭണം ഇതെല്ലാം കാൺഗ്രസ് ഗവൺമെൻറിന്റെ കാലത്ത് അടിച്ചമർത്തിയിരുന്നെന്നു മാത്രമല്ല, സംഘടനാസ്വാതന്ത്ര്യംപോലും അനുവദിച്ചിരുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. അതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ഭരണമാണ് കഴിഞ്ഞ 31 മാസക്കാലത്തിനിടയ്ക്ക് ഇവിടെ ഉണ്ടായിരുന്നതെന്നുള്ളത് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ അനുഭവത്തിൽകൂടി മനസ്സിലായിട്ടുള്ളതാണ്. പക്ഷേ ഇന്നിവിടെ

LIBRARY ARCHIVES Kerala Legislative Assembly

ആസിഡ് ബോംബുകളുടേയും ആയുധങ്ങളുടേയുമെല്ലാം ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് ഇൻഫർമേഷൻ ഡിപ്പാർട്ടുമെൻറ് ബുള്ളററിൻ ഇറക്കുകയാണ്. ഇക്കഴിഞ്ഞ ഡിസംബർ ഒന്നാം തീയതിക്കുമുമ്പായി ഇത്തരത്തിലുള്ള അസിഡ് ബോംബുകളുടെ പ്രചരണമൊന്നും ഈ രാജ്യത്ത് ഒരു ഗവൺമെൻറും ചെയ്തിട്ടില്ല. ഒരു ഭരണകക്ഷിയും ചെയ്തിട്ടില്ല. ഡിസംബർ ഒന്നാം തീയതി ആദ്യമായി ഈ മന്ത്രിസഭയുടെ ഉൽഘാടനം നടത്തിയിരിക്കുന്നത്, ഒരു മാസത്തെ ഭരണത്തിൻെറ ഉൽഘാടനം നടത്തിയിരിക്കുന്നത് വെടിവയ്പ്പുകളോടുകൂടി മാത്രമായിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി മലപ്പുറത്തു ചെയ്ത ഒരു പ്രസംഗം പത്രത്തിൽ വായിച്ചു. അദ്ദേഹത്തെ ആസിഡ് ബോംബ് എറിയുന്നതിനെ സംബന്ധിച്ചിടത്തോളം അത് അപലപിക്കേണ്ട സംഭവമാണ്. അത് ഇവിടത്തെ ആകമാനം ജനങ്ങളെ സംബന്ധിച്ചിടത്തോളം വേദനാജനകമായ സംഭവമാണ്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ വായിച്ചു, പുഷ്പംപോലുള്ള രണ്ടുകുട്ടികളുടെ അച്ഛനെ ഇല്ലാതാക്കിയതുകൊണ്ട് നമ്പൂതിരിപ്പാടിന് എന്താണ് കിട്ടാൻ പോകുന്നതെന്ന്. അതുപോലെ തന്നെ ആ കുട്ടികളുടെ മാതാവിനെ വിധവയാക്കിയതുകൊണ്ട് നമ്പൂതിരിപ്പാടിന് എന്താണ് കിട്ടാൻപോകുന്നതെന്ന് അദ്ദേഹം ചോദിച്ചിരിക്കുന്നു. ആ പ്രസംഗം ചെയ്യുന്ന സമയത്ത് ആഭ്യന്തരമന്ത്രിയുടെ രണ്ടുകണ്ണുകളിൽ നിന്നും വെള്ളം ഇററിററു വീണതായി പ്രത്തിൽ വായിച്ചു. അതു വായിച്ചപ്പോൾ ഞങ്ങളുടെ കണ്ണിലും വെള്ളം നിറഞ്ഞുപോയി. മനുഷ്യത്വമുള്ളവർക്ക് കുടുംബബന്ധങ്ങൾ മനസിലാക്കാൻ സാധിക്കും. അദ്ദേഹത്തിൻെറ നേരെ നടന്ന ആക്രമണം നീതീകരിക്കത്തക്കതല്ലെന്നും അതിൽ എല്ലാവർക്കും വേദനയുള്ളതായുമറിയാം. എന്നാൽ ഇന്നു ഇവിടെ നടക്കുന്ന പോലീസുമർദ്ദനങ്ങളെ സംബന്ധിച്ചിടത്തോളം ചോദിക്കുമ്പോൾ ഇതൊക്കെ എൻെറ ഉത്തരവാദിത്വത്തിലാണോ നടക്കുന്നതെന്നുപറഞ്ഞ് ക്ഷോഭിച്ചിട്ട് കാര്യമില്ല. അദ്ദേഹം ആഭ്യന്തരമന്ത്രിയായിരിക്കുന്നിടത്തോളംകാലം അദ്ദേഹത്തിന് പരിപൂർണ്ണ ഉത്തരവാദിത്വമുണ്ട്. വ്യക്തിപരമായി അദ്ദേഹത്തിന് കൈയില്ലായിരിക്കാം. പക്ഷേ ആഭ്യന്തരമന്ത്രിയെന്നുള്ള നിലയിൽ ഈ രാജ്യത്ത് നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് പങ്ക് ഉണ്ട്. അദ്ദേഹത്തിൻെറ കുടുംബത്തെ സംബന്ധിച്ചിടത്തോളം കണ്ണീരൊഴുക്കുകയാണ് ചെയ്തത്. പാലക്കാട് വെടിയേററുവീണതായ ഒരു കർഷകത്തൊഴിലാളി പ്രവർത്തകനായ 53 വയസുള്ള ചെല്ലൻ ഏഴു കുട്ടികളുടെ അച്ഛനാണ്. ആറു പെൺകുട്ടികളും ഒരു ആൺകുട്ടിയും ആണ് അയാൾക്കുള്ളത്. 13 വയസുള്ള ആൺകുട്ടി എട്ടാം ക്ലാസിൽ പഠിക്കുന്നു. അന്നത്തെദിവസം ഭാര്യയുടെ പണ്ടം അടക്കം പണയം വച്ച് മററുതരത്തിലുള്ള സഹായത്തോടുകൂടി കള്ളുഷാപ്പ് കിസ്തു ഇളവ് ചെയ്തുകിട്ടാനാണ് പോയിരുന്നത്. കോട്ട മൈതാനിയിലെ ബസ് സ്ററാപ്പിൽ ബസ് കാത്തുനിൽക്കുകയായിരുന്നു. അപ്പോഴാണ് വെടിയേററത്. അയാളുടെ കുട്ടികളെ സംബന്ധിച്ചിടത്തോളം, അയാളുടെ ഭാര്യയെ സംബന്ധിച്ചിടത്തോളം ലേശം കണ്ണീരെങ്കിലും ആഭ്യന്തരമന്ത്രിക്ക് ഒഴുക്കാമായിരുന്നു. അവിടെ നടന്നവെടിവയ്പിനെ സംബന്ധിച്ചിടത്തോളം ഖേദകരമായിപ്പോയി എന്നുപറയാൻപോലും ആഭ്യന്തരമന്ത്രി തയ്യാറായില്ല. അതുപോലെ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായില്ല. മാനുഷിക വികാരങ്ങൾ അന്ധമായ രാഷ്ട്രീയവികാരംകൊണ്ട് മൂടിവയ്ക്കുന്നത് നല്ലതല്ല. ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് എന്തുചെയ്തു കൊടുത്തു? പലപ്പോഴും ആളുകളെ വെടിവച്ച് കൊല്ലുന്ന സമയത്ത് നിരാലംബരായ അവരുടെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കുക എന്നുള്ളത് ഈ രാജ്യത്തെ മുൻപുള്ള ഗവൺമെൻറുകളെല്ലാം ചെയ്തിട്ടുണ്ട്. ഏഴു കുഞ്ഞുങ്ങളെ പോററാൻ നിവൃത്തിയില്ലാത്ത ഈ കുടുംബത്തിൻെറ സ്ഥിതി എന്താണെന്ന് ആലോചിച്ചുനോക്കണം. അതുപോലെ തന്നെ അവിടെ വെടിയേററുവീണ 26 വയസുള്ള സുകുമാരന് കുംഭമാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കല്യാണം നിശ്ചയിച്ചിരുന്നതാണ്. അവിടത്തെ ഒരു പഞ്ചായത്തുമെമ്പറുടെ മകനാണ്. കളക്ടറാഫീസിൽ വന്നതാണ്. പിക്കറ്റിംഗ് കണ്ടുകൊണ്ട് ദൂരെ മാറിനിൽക്കുകയായിരുന്നു. എന്നിട്ടാണ് അയാളെ വെടിവച്ച് കൊന്നത്. ഇതിനു മുൻപ് മാർക്സിസ്റ്റുകാർ കേരളത്തിൽ എവിടെയെങ്കിലുംആസിഡ് ബാംബ് എറിഞ്ഞതായ സംഭവമുണ്ടായിട്ടുണ്ടോ? എവിടെയെങ്കിലും മാരകായുധമെടുത്തു പ്രയോഗിച്ചതായ സംഭവമുണ്ടായിട്ടുണ്ടോ? എവിടെയെങ്കിലും നിങ്ങൾ ആക്ഷേപിക്കുന്ന വേലിവളച്ചുകെട്ടലും തേങ്ങായിടൽ സംഭവവും ഉണ്ടായിട്ടുണ്ടോ? അസംബ്ലി ഉടൻ വിളിച്ചുകൂട്ടണമെന്നു പറഞ്ഞുകൊണ്ട് നടത്തിയിട്ടുള്ള പിക്കറ്റിംഗിനെ സംബന്ധിച്ചിടത്തോളം പാലക്കാട്ട് നാലരമണിവരെ യാതൊരു കുഴപ്പവുമില്ലായിരുന്നു.

<u>ശ്രീ. കെ. എം. ജോർജ്:</u> ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. ഈ പറയുന്നസമരത്തിനുമുൻപുതന്നെ അസംബ്ലി സമൺചെയ്തു കഴിഞ്ഞോന്ന് അറിയാമോ?

<u>ശ്രീ. സി. വാസുദേവമേനോൻ:</u> അതിന്റെ ന്യായാന്യായത്തെപ്പറ്റി പിന്നീട് പറയാം. ഇത്തരത്തിൽ പിക്കറ്റിംഗ് നടത്തിയിരുന്നത് നാലരമണിവരെ യാതൊരു •പ്രകോപനവുമുണ്ടായിട്ടല്ല. വളരെ സമാധാനപരമായ രീതിയിൽ പിക്കറ്റിംഗ് നടത്തണമെന്ന് പ്രത്യേക നിർദ്ദേശം കൊടുത്തുകൊണ്ട് ഞങ്ങളും അവിടെയുണ്ടായിരുന്നു. അവസാനത്തെ ബാച്ചുകൂടി അറസ്റ്റുചെയ്താൽ അന്നത്തെ പിക്കറ്റിംഗ് അവസാനിക്കുമായിരുന്നു. ആ സമയത്താണ് യാതൊരു പ്രകോപനവുമില്ലാതെ പോലീസു വെടിവച്ച് നാലുപേരെ കൊന്നത്. അതുപോലെ തന്നെ ഭയങ്കരമായ ലാത്തിച്ചാർജ് ചെയ്തതിന്റെ ഫലമായി 60–ലധികം ആളുകൾ പരിക്കേറ്റ് ആശുപത്രിയിലായി. പാലക്കാട് എം. എൽ. എ. ആർ. കൃഷ്ണനും ഞാനും കൂടി പരിക്കേറ്റവരെ സന്ദർശിക്കുന്നതിനുവേണ്ടി ആശുപത്രിയിൽ പോയപ്പോൾ അവിടെ വന്നിട്ടുള്ള ആളുകളെ കസ്ബാ സബ്ഇൻസ്പെക്ടർ സാമുവലിന്റെ നേതൃത്വത്തിലുള്ള ഒരു സംഘംപോലീസുകാർ ആശുപത്രിയിൽ കടന്ന് ലാത്തിച്ചാർജ് ചെയ്യുകയുണ്ടായി. അടികൊണ്ട് കിടങ്ങിൽ വീണ ആളുകൾ കിടങ്ങിൽ നിന്നു പുറത്തുകയറുന്ന അവസരത്തിൽ തോക്കിന്റെ പാത്തികൊണ്ട് ഇടിക്കുകയാണ് പോലീസുചെയ്തത്. അവസാനം കളക്ടരുടേയും, ഡി.എസ്.പി.യുടെയും നേതൃത്വത്തിൽ തിരച്ചിൽ നടത്തിയിട്ടാണ് 12 പേരെ കിടങ്ങിൽനിന്നു പിടിച്ചുകയററിയത്. ഇത്തരത്തിലുള്ള മർദ്ദനം ഉൽഘാടനം ചെയ്തത് ഈ ഗവൺമെന്റാണ്.

<u>മി. സ്പീക്കർ:</u> മെമ്പറുടെ സമയം തീർന്നു.

Now the House will adjourn and meet again at 8 a.m. on Monday, the 9th March, 1970.

The Assembly adjourned at 1 p.m. to meet again at 8 a.m. on Monday, the 9th March, 1970.

—————

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly